# സീറോമലബാർ വിഷൻ

MY LORD MY GOD


സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

FEBRUARY 2026 | Vol - 6 ● Issue - 2 ● 16 Page Tabloid | www.syromalabarvision.com


# “സ്വാതന്ത്ര്യം ആഘോഷമാവട്ടെ, പക്ഷേ കടമകൾ വിസ്മൃതിയിലാവരുത്”




**റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**


**അവകാശങ്ങൾക്കുവേണ്ടി ആർത്തുവിളിക്കുകയും കടമകളെക്കുറിച്ച് മൗനം ഭജിക്കുകയും ചെയ്യുന്നത് മനുഷ്യന്റെ സ്വാർഥപ്രകൃതിയിൽ അടിസ്ഥാനമിട്ട ഒരു സംസ്കാരമാണ്. ജോലിസമയത്ത് കൈവലിക്കുകയും കൂലി സമയത്ത് കൈനീട്ടുകയും ചെയ്യുന്നത് ഈ സംസ്കാരത്തിന്റെ മലിനമുഖമാണ്.**

ഇതുവരെ നടന്ന സമരങ്ങളൊക്കെയും കിട്ടാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നു; ഇന്ത്യൻ സ്വാതന്ത്ര്യസമരം ഉൾപ്പടെ. എന്നാൽ സ്വയം നിർവഹിക്കാനുള്ള കടമകൾ ഉറക്കെപ്പറഞ്ഞ് ആരും സമരം ചെയ്യാറില്ല; ആരുമത് പ്രതീക്ഷിക്കുന്നുമില്ല. എന്നാൽ സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഉറക്കെപ്പറയുന്ന സമൂഹം കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും പതുക്കെപ്പോലും പറയുന്നില്ല എന്നതാണ് സമകാലിക ദുര്യോഗം. ഈ അർഥത്തിൽ നമ്മുടെ സമൂഹം ഒരു വശത്തേക്ക് ചരിഞ്ഞുകൊണ്ടിരിക്കുന്ന ഗോപുരമാണ്. അവകാശപക്ഷത്തേക്കുമാത്രം ചരിഞ്ഞുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ പതനം സുനിശ്ചിതമാണ്. അതിന്റെ അടയാളങ്ങൾ നാം വായിച്ചെടുക്കുന്നുണ്ടോ എന്നത് മാത്രമാണ് സംശയകരം. ഒരു ഉദാഹരണം പറഞ്ഞാൽ, കേരളത്തിൽ പ്രതിവർഷം നാലായിരത്തോളം പേർ റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നുണ്ട്. ഇതൊരു ചെറിയ സംഖ്യയല്ല. ഓരോ അപകടവാർത്തയും വെറുമൊരു വിവരശകലം മാത്രമായി നമുക്ക് തോന്നാം. സ്വന്തം വീട്ടിലേക്ക് റോഡപകടം വെള്ള പുതച്ച് എത്തുമ്പോഴേ കണക്കുകൾ കാര്യമായി നമുക്ക് അനുഭവപ്പെടുകയുള്ളൂ. സ്വന്തം കടമകൾ മറക്കുകയും എന്നാൽ പൊതുനിരത്തിൽ അവകാശങ്ങൾ ഉറപ്പാക്കാൻ വീറോടെ ആഞ്ഞുശ്രമിക്കുകയും ചെയ്യുന്നവരുടെ എണ്ണം പെരുകുമ്പോഴാണ് നമ്മുടെ നിരത്തുകൾ മരണപാതയായി മാറുന്നത്. സകല മേഖലകളിലും അവകാശങ്ങളുടെയും കടമകളുടെയും കാര്യത്തിൽ സന്തുലനം ആവശ്യമാണെന്ന് നാം ഉറക്കെപ്പറയേണ്ടതുണ്ട്. പറയുന്നവർ ഉൾപ്പടെ അതു കേൾക്കേണ്ടതുമുണ്ട്.

## കടമകൾ അതിരിടുന്ന സ്വാതന്ത്ര്യം

കടമകൾ ഇല്ലാത്ത സ്വാതന്ത്ര്യമില്ല. ഉത്തരവാദിത്വങ്ങൾ ഇല്ലാത്ത അവകാശങ്ങളുമില്ല. കടമകൾ അതിരിടുന്ന വിഹായസ്സിലേ സ്വാതന്ത്ര്യപ്പക്ഷി പറക്കൂ. അതിനപ്പുറം പോയാൽ പക്ഷി കുഴയും, പിന്നെ നിലംപതിക്കും. ഇതൊരു പൊതു തത്വമാണ്. ഇന്ത്യക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടിയപ്പോൾ സ്വയംഭരണത്തിന്റെ കടമയും കൂടെപ്പോന്നു. കുഞ്ഞുങ്ങളെ ജനിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഒരാൾക്ക് അപ്പനാകാനുള്ള ഉത്തരവാദിത്വം നല്കുന്നുണ്ട്. തോക്ക് ഉപയോഗിക്കാൻ ലൈസൻസ് കിട്ടുന്നയാൾ അപകടം ഉണ്ടാക്കാതിരിക്കാനുള്ള കടമ ഏറ്റെടുത്തേ മതിയാകൂ. രോഗികളെ ചികിത്സിക്കാൻ സ്വാതന്ത്ര്യം നേടുന്നയാൾ മനുഷ്യരെ കൊല്ലാതിരിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ കീഴിലാണ്.

സ്വാതന്ത്ര്യം ദുരുപയോഗിക്കുന്ന സമൂഹം അതിന്റെ പിഴ ഒടുക്കേണ്ടിവരും. ഭക്ഷണം ഇഷ്ടംപോലെ കഴിക്കാൻ സ്വാതന്ത്ര്യം പ്രാപിച്ച സമൂഹത്തിൽ പട്ടിണികൊണ്ടല്ല മനുഷ്യർ മരിക്കുന്നത്, മറിച്ച് പൊണ്ണത്തടിയുടെ പ്രശ്നങ്ങൾ കൊണ്ടാണ്. ഓഫീസ് ജോലി കഴിഞ്ഞ് വിശ്രമിക്കാൻ സമയം ലാഭിക്കുന്ന സമൂഹത്തിൽ ദേഹമനങ്ങാത്തതിന്റെ ആരോഗ്യപ്രശ്നങ്ങൾ കൂടിവരുന്നുണ്ട്. സമരം ചെയ്യാൻ സ്വാതന്ത്ര്യം ലഭിച്ച കേരളീയ സമൂഹത്തിൽ അനേകം സമരങ്ങൾകൊണ്ട് തൊഴിൽശാലകൾ തുറക്കുകയല്ല പൂട്ടിക്കെട്ടുകയാണ് ഉണ്ടായത്. മൊബൈൽ ഫോൺ തന്ന സ്വാതന്ത്ര്യം നമ്മുടെ സ്വകാര്യതയെ ഒരു തുറന്ന പുസ്തകംപോലെയാക്കി. അത് ആർക്കും വായിക്കാം എന്നു മാത്രമല്ല, ആർക്കും കയറി അതിൽ കുത്തിക്കുറിച്ചുപോകാം എന്ന നിലയിലുമാക്കി. ആവിഷ്കാരസ്വാതന്ത്ര്യം ആരെക്കുറിച്ചും എന്തും പറയാനുള്ള അവകാശമായി തെറ്റിദ്ധരിക്കുന്നവരുണ്ട്. മാധ്യമങ്ങൾക്ക് നിയമം അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യം മാധ്യമവേട്ടയിലേക്ക് തരംതാഴുന്ന സംഭവങ്ങൾ ഭയങ്കര രൂപത്തിൽ വളർന്നുവരുന്നുണ്ട്. സ്വന്തം മതം പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം രാഷ്ട്രീയ അധികാരവും ഭീകരവാദവും ഉപയോഗിച്ച് അന്യമതങ്ങളെ ഇല്ലാതാക്കാനുള്ള അവകാശമായി വ്യാഖ്യാനിക്കുന്നവർ ഈ നാട്ടിലുണ്ട്. മനംമടുപ്പിക്കുന്ന ഉദാഹരണങ്ങളുടെ എണ്ണം കൂട്ടുന്നില്ല. നമുക്ക് ലഭിച്ച അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ഇരകളായി മാറുന്ന കാഴ്ചയാണെങ്ങും. ഇത് സാംസ്കാരികമായ ആത്മഹത്യയാണ്.

## പലർ കൂടിയെഴുതുന്ന ചിത്രം

അവകാശങ്ങൾക്കുവേണ്ടി ആർത്തുവിളിക്കുകയും കടമകളെക്കുറിച്ച് മൗനം ഭജിക്കുകയും ചെയ്യുന്നത് മനുഷ്യന്റെ സ്വാർഥപ്രകൃതിയിൽ അടിസ്ഥാനമിട്ട ഒരു സംസ്കാരമാണ്. ജോലിസമയത്ത് കൈവലിക്കുകയും കൂലിസമയത്ത് കൈനീട്ടുകയും ചെയ്യുന്നത് ഈ സംസ്കാരത്തിന്റെ മലിനമുഖമാണ്. ഇത് വ്യക്തികളുടെ പൗരബോധത്തിന്റെയും വ്യക്തിഗുണത്തിന്റെയും വിഷയം മാത്രമല്ല. പക്വത പ്രാപിച്ച ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിന്റെ വിഷയംകൂടിയാണ്. പലതരം താത്പര്യങ്ങളുള്ള പത്തുപേർ ഒന്നുചേർന്ന് ആനയുടെ ചിത്രം വരക്കുന്നതിനേക്കാൾ ദുഷ്കരമാണ് ഏകപക്ഷീയമായ സ്വാതന്ത്ര്യബോധത്തിൽ ഉറച്ചുപോയ സംസ്കാരത്തിന്റെ തലവര മാറ്റിയെഴുതാൻ. അതിന് വ്യക്തികളെയും സമൂഹങ്ങളെയും ഒരുക്കാൻ സഹായിക്കുന്ന ഏതാനും ബോധ്യങ്ങളാണ് താഴെ സൂചിപ്പിക്കുന്നത്.

**1. ഏകപക്ഷീയമായ അവകാശബോധത്തിന്റെ അടിവേരുകളെ കണ്ടെത്തുക.**

അത് നമ്മുടെ സംസ്കാരത്തിലും മതജീവിതത്തിലുംവരെ കാണാം. ഉദാഹരണത്തിന്, നമ്മുടെ പ്രാർഥനകൾക്ക് പൊതുവേ ഭിക്ഷാപാത്രത്തിന്റെ രൂപമാണ്. ദൈവത്തിൽനിന്ന് കിട്ടാനുള്ള കാര്യങ്ങളാണ് മുഖ്യം. നമ്മുടെ ആത്മീയത പോലും വാങ്ങിയെടുക്കൽ തന്ത്രമായി മാറുന്നുണ്ട്. എന്നാൽ ദൈവത്തിന് നൽകേണ്ട കാര്യങ്ങൾ–ആരാധന, സ്തുതി, നന്ദിപ്രകാശനം–അവഗണിച്ച് ദൈവത്തിൽനിന്ന് കിട്ടേണ്ട അനുഗ്രഹങ്ങളിൽ മാത്രം ശ്രദ്ധയൂന്നുന്നതാണ് ഈ രീതി. സ്വീകരിക്കുന്നതിനേക്കാൾ മഹത്തായ മൂല്യം കൊടുക്കുന്നതിന് ഉണ്ട് എന്ന് നാം നമ്മോടുതന്നെ ഉറക്കെപ്പറയേണ്ടതുണ്ട്. കൊടുത്തവർ–അധ്വാനം, സംഭാവനകൾ, പണം, ജീവിതം, ജീവൻ–കെട്ടിപ്പടുത്തതാണ് നാം ഇന്ന് ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന നമ്മുടെ സൗകര്യങ്ങളും സംസ്കാരവും. അവകാശങ്ങളുടെമേൽ അടയിരുന്നും ഉണ്ടും ഉറങ്ങിയും കഴിഞ്ഞവർ ഒന്നും അവശേഷിപ്പിച്ചിട്ടില്ല. കാലം അതിന്റെ കരുണയില്ലാത്ത കരങ്ങൾകൊണ്ട് അത്തരക്കാരുടെ പേരുപോലും ചരിത്രത്തിൽ നിന്ന് തിടുക്കത്തിൽ മായിച്ചു കളഞ്ഞിട്ടുണ്ട്. അധികാരവും പണവും സ്വാധീനവും വെട്ടിപ്പിടിച്ചും വാരിയെടുത്തും ജീവിതം ആഘോഷമാക്കിയവരുണ്ട്. ജീവിച്ചിരിക്കെത്തന്നെ ജീർണ്ണിച്ചുപോകുന്നവരാണ് അവർ. കൊടുത്തവർ ഓർമ്മിക്കപ്പെടണം; ത്യാഗികൾ വാഴ്ത്തപ്പെടണം. സഭയുടെ ചരിത്രവും ലോകചരിത്രവും ഇതിനുള്ള സാക്ഷ്യപത്രമാണ്. എന്നാൽ വർത്തമാനകാലത്തും ഇത്തരം വ്യക്തികൾക്കാണ് വീരപരിവേഷം കിട്ടേണ്ടത്.

**2. പരോന്മുഖത സുപ്രധാന മൂല്യമായി ഗണിക്കപ്പെടണം.**

ലോകം ആഗോളഗ്രാമമായി മാറിയിരിക്കുന്നു എന്നൊക്കെ നാം സാധാരണ പറയുമെങ്കിലും പലരും ഉള്ളിന്റെയുള്ളിൽ ഒരുതരം ഗുഹാവാസികളാണ്. പ്രാചീന ഗുഹാസംസ്കാരത്തിൽനിന്ന് അവർ പുറത്തുകടന്നിട്ടില്ല. അവരുടെ സ്വന്തം കുടുംബം, സൗഹൃദവലയം, ഓൺലൈൻ കൂട്ടായ്മകൾ, നിക്ഷിപ്തതാത്പര്യ സംഘങ്ങൾ തുടങ്ങിയ ഗുഹകളിൽ ജീവിച്ചുമരിക്കുന്നവരാണവർ. ആ ഗുഹക്കപ്പുറം അവർക്കൊരു ലോകമില്ല. സുവിശേഷം എത്ര വലിയ പരോന്മുഖ പ്രോജക്ടാണ് മുന്നോട്ട് വക്കുന്നത് എന്ന് നാം അറിയണം. നിങ്ങൾ സ്വാതന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞ വിശുദ്ധ പൗലോസ് ആ സ്വാതന്ത്ര്യം പരസേവനത്തിനാണെന്ന് വ്യക്തമാക്കുന്നുണ്ട് (ഗലാ. 5:13). നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കണം എന്നായിരുന്നു ഈശോയുടെ കല്പന (മർക്കോ. 16:15). അതായത്, സുവിശേഷം സ്വീകരിച്ചവന് ലോകത്തിന്റെ അതിർത്തികളെ മുന്നിലുള്ളൂ. ജാതി, മത, ഭാഷ, കുല, വർണ്ണ, വർഗ അതിർത്തികളില്ല. ഇത്തരം പരോന്മുഖത പ്രഘോഷിക്കുന്നിടത്താണ് എല്ലാവരെയും മാനിക്കുന്ന സമൂഹം രൂപപ്പെടുന്നത്. അവർക്കാണ് ഏവരും സഹോദർ (Fratelli Tuti) എന്നൊക്കെ പറഞ്ഞു തുടങ്ങാനാകുന്നത്.

**3. പങ്കുവെയ്പ്പിന്റെ ആത്മീയത പ്രചരിപ്പിക്കപ്പെടണം.**

സ്വകീയത ശക്തമാകുന്നിടത്ത് പങ്കിടാൻ ഒന്നുമില്ല; അതിന് വേദികളുമില്ല. ഭക്ഷണം, വസ്തുക്കൾ, സൗകര്യങ്ങൾ, താമസമുറി തുടങ്ങി പലതും പങ്കിട്ടു ജീവിച്ചിരുന്ന സമൂഹം അതിൽനിന്ന് മാറി വ്യക്തിനിഷ്ഠമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു ഹൈവേതന്നെ സ്വന്തമായിവേണം എന്ന മട്ടിൽ വാഹനമോടിക്കുന്നവരെ നാം നിരത്തിൽ കാണും. ഈ രീതി എല്ലാ രംഗങ്ങളിലുമുണ്ട്. വീടുകളിൽത്തന്നെയും പങ്കിടൽ വർദ്ധിപ്പിക്കാനുള്ള വഴികൾ നാം ആലോചിക്കേണ്ടതുണ്ട്.

മുകളിൽ പറഞ്ഞ രീതിയിൽ അവകാശങ്ങൾക്കൊപ്പം കടമകൾ മാനിക്കപ്പെടുന്നത് പ്രായപൂർത്തിയായ സമൂഹങ്ങളിലാണ്. അത്തരം സാമൂഹിക മാതൃകകൾ നമുക്ക് ആവശ്യമുണ്ട്. അങ്ങനെ മാതൃകാരൂപത്തിൽ ഉയർന്നു നില്ക്കാൻ പറ്റുന്ന പക്വമായ സമൂഹത്തിന് ഉദാഹരണമാകേണ്ടതാണ് പ്രാദേശിക ക്രിസ്തീയ സഭകൾ. സഭയിൽനിന്ന് ലോകത്തിന് പഠിക്കാൻ പറ്റുമ്പോഴാണ് സഭ അതിന്റെ സുവിശേഷദൗത്യം പൂർണ്ണമാക്കുന്നത്. ഇനിയിപ്പോൾ സഭയിൽ സാധിക്കാത്ത കാര്യം ലോകത്തിൽ ഉണ്ടാകണം എന്ന് വാദിക്കാനും നമുക്ക് കഴിയില്ല. ■

## എഡിറ്റോറിയൽ

### നന്മ നഷ്ടപ്പെടുന്ന കേരളം

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ കൂത്താട്ടങ്ങൾ ആകുലപ്പെടാനും ആശങ്കപ്പെടാനും ഇടയാക്കുന്നു. ഒരു കാലത്ത് രാഷ്ട്രീയാതിപ്രസരമായിരുന്നു കേരളത്തിന്റെ ശോഭ കെടുത്തിയിരുന്നത്. എന്തും ഏതും രാഷ്ട്രീയത്തിന്റെ കണ്ണിലൂടെ മാത്രം നോക്കിക്കണ്ട നാളുകളിൽ വികസനസാധ്യതകൾ നഷ്ടമായി; രാഷ്ട്രീയപിൻബലമില്ലാത്തവർ ഒന്നുമല്ലാത്തവരായി. പാർട്ടിക്കൊടിമരങ്ങളുടെ തണലിൽ വളർന്നവർക്ക് രാഷ്ട്രീയസമവാക്യങ്ങൾക്കപ്പുറമുള്ള സമൂഹത്തെ കാണാൻപോലും കഴിഞ്ഞിരുന്നില്ല. ഈ നിർഭാഗ്യകരമായ സാഹചര്യത്തെ കൂടുതൽ ദയനീയമാക്കിക്കൊണ്ടാണ് മതം രാഷ്ട്രീയവുമായി അവിഹിതബന്ധം ആരംഭിക്കുന്നത്. രാഷ്ട്രീയ തത്വസംഹിതകൾക്ക് അണികളെ ഒന്നിച്ചുനിർത്താനുള്ള പ്രേരകശക്തി നഷ്ടപ്പെട്ടപ്പോൾ മതനേതാക്കളെയും മതവിശ്വാസങ്ങളെയും കൂട്ടുപിടിച്ച് രാഷ്ട്രീയത്തിന്റെ മുഖം വർഗീയമാക്കി. അതോടെ, കള്ളവും ചതിയുമില്ലാത്ത കേരളം അവസാനിച്ചു. സമൂഹത്തിന്റെ പൊതുനന്മയെന്നത് ആരുടേയും ലക്ഷ്യമല്ലാതായി. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ നന്മയുടെ മുഖം നഷ്ടപ്പെട്ടു.

കേരളമെന്ന പൊതുവികാരം നഷ്ടപെട്ടതിന്റെ തിക്തഫലമാണ് ഇന്നു നമ്മൾ കാണുന്ന ഹൃദയഭേദകമായ പ്രവണതകൾ. സ്കൂൾകുട്ടികൾ പോലും അക്രമത്തിന്റെ വക്താക്കളായി മാറുന്നു. കാലിൽപിടിച്ചുകിടന്നു കരുണചോദിക്കുന്ന സഹപാഠിയെ ചവിട്ടിയകറ്റാനുള്ള ക്രൗര്യം ഇന്നത്തെ തലമുറയ്ക്ക് എവിടെനിന്നു ലഭിക്കുന്നു? മതപഠനങ്ങളോ, കുടുംബസംസ്കാരമോ, രാഷ്ട്രീയദർശനങ്ങളോ ലഹരിയോ ആയിരിക്കാം ഈ വന്യതയുടെ ഉറവിടം. അക്രമം ഒരു വശത്ത് നടമാടുമ്പോൾ മറുവശത്ത് ആത്മഹത്യകൾ വർദ്ധിക്കുന്നു. സ്വന്തം ജീവൻ നഷ്ടപ്പെടുത്താൻ യുവജനങ്ങൾ കണ്ടെത്തുന്ന കാരണങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. വിവാഹ, കുടുംബബന്ധങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളും പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നരീതിയും സമൂഹത്തിന്റെ നെടുംതൂണുകളായ വിവാഹത്തെയും കുടുംബത്തെയും സാവകാശം ഇല്ലാതാക്കുമോയെന്നു ഭയപ്പെടണം. സിനിമകളിലൂടെയും സാമൂഹ്യമാധ്യങ്ങളിലെ ആഭാസങ്ങളിലൂടെയും പ്രചരിപ്പിക്കുന്ന തിന്മയുടെ പ്രതിസംസ്കാരവും മൂല്യങ്ങളുടെ നിരാസവും ഇന്നു കൂടുതൽ സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്നു. ജീവിതമാകുന്ന യാത്രാബസിൽ അപരന്റെ ജീവിതത്തിനും ജീവനും മാന്യതയ്ക്കും സ്വകാര്യതയ്ക്കും വിലകല്പിക്കാത്തവരുടെ ക്രൂരവിനോദങ്ങൾക്കും ആൾകൂട്ടവിചാരണയ്ക്കും ഇരകളായി ജീവിതം അവസാനിപ്പിക്കേണ്ടിവരുന്നവരുടെ നിലവിളി ദൈവസന്നിധിയിൽ നമുക്കെതിരായി പ്രതികാരം ആവശ്യപ്പെടുന്നു. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയ താൽപര്യങ്ങളുടെയും കടുംവർണങ്ങൾ ചാലിച്ചെടുത്ത അവതരണമികവോടെ മാധ്യമങ്ങൾ ഈ സാംസ്കാരികശോഷണത്തെ പ്രോത്സാഹിപ്പിക്കുന്നു. കൊച്ചുകേരളത്തിന്റെ നീലാകാശത്ത് ഇങ്ങനെ പടർന്നുകയറുന്ന കാർമേഘം വരാനിരിക്കുന്ന കൊടുങ്കാറ്റിന്റെ സൂചനയാണെന്ന് ഇനിയെങ്കിലും തിരിച്ചറിയണം.

കേരളം മാറണം. നമ്മൾ വഴിമാറി നടക്കണം. ബഹുമാനത്തിന്റെയും ആദരവിന്റെയും സംസ്കാരം തിരികെ കൊണ്ടുവരണം. രാഷ്ട്രീയവും മതവും മാന്യമായ അകലം പാലിക്കണം. തെറ്റു തെറ്റാണ് എന്നു പറയാൻ മത രാഷ്ട്രീയ ജാതീയ ആഭിമുഖ്യങ്ങൾ തടസ്സമാകരുത്. വിദ്യാർഥികളെയും കലാലയങ്ങളെയും ലഹരിയിൽനിന്നും സാംസ്കാരിക അധഃപതനത്തിൽനിന്നും രക്ഷിക്കണം. മാധ്യമങ്ങൾ നിഷ്പക്ഷതയോടെ അവയുടെ ധർമം പാലിക്കണം. ഒരാളുടെ സ്വകാര്യതയെ ബഹുമാനിക്കാൻ അപരൻ പഠിക്കണം. രാഷ്ട്രീയം സംശുദ്ധമാകണം; അതു രാഷ്ട്രത്തെ നിർമിക്കുന്നതാകണം, നശിപ്പിക്കുന്നതാകരുത്. ഇതൊരു ദോഷൈകദൃക്കിന്റെ വിലാപമല്ല; കേരളത്തിന്റെ ഭാവിയെക്കുറിച്ചു വർത്തമാനകാലത്തിന്റെ ചുവരെഴുത്തുകളുടെ നേർവായനയിൽനിന്നുയരുന്ന ഒരു ഓർമപ്പെടുത്തൽ മാത്രം. ദൈവത്തിന്റെ സ്വന്തം നാട് വിവേകാനന്ദസ്വാമികൾ പറഞ്ഞ ഭ്രാന്താലയമാകാതിരിക്കാൻ ഹൃദയങ്ങൾ ചേർത്തു കരങ്ങൾ കോർത്തു നമുക്കു കർമനിരതരാകാം! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. മാത്യു തുരുത്തിപ്പള്ളി
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP
**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com


## ഓർമിക്കാനൊരു ദിനം

**ഫെബ്രുവരി 2:** കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മെത്രാഭിഷേകം (1997)
നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം
**ഫെബ്രുവരി 3:** മാർ ജോസ് പുളിക്കലിന്റെ അഭിഷേകം (2020)
**ഫെബ്രുവരി 4:** വിശുദ്ധ ജോൺ ബ്രിട്ടോ
**ഫെബ്രുവരി 6:** ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു
മാർ മാത്യു പോത്തനാമൂഴിയുടെ ചരമം (1982)
സുറിയാനി സഭാപിതാക്കന്മാർ
ഇടവകമധ്യസ്ഥന്റെ തിരുനാൾ
**ഫെബ്രുവരി 8:** മാർ തോമസ് ഇലവനാലിന്റെ അഭിഷേകം (1997)
**ഫെബ്രുവരി 9:** മാർ മാത്യു അറയ്ക്കലിന്റെ അഭിഷേകം (2001)
മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ അഭിഷേകം (2013)
**ഫെബ്രുവരി 11:** രോഗീദിനം
**ഫെബ്രുവരി 13:** സകലമരിച്ചവരുടെയും തിരുനാൾ
മാർ ബോസ്ക്കോ പുത്തൂരിന്റെ അഭിഷേകം (2010)
**ഫെബ്രുവരി 15:** ഇന്ന് പാതിരാമുതൽ നോമ്പാരംഭം
**ഫെബ്രുവരി 16:** വിഭൂതി
**ഫെബ്രുവരി 17:** മാർ ജോസഫ് പാസ്റ്റർ നീലങ്കാവിലിന്റെ ചരമം (2021)
**ഫെബ്രുവരി 20:** കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിലിന്റെ ചരമം (1987)
**ഫെബ്രുവരി 23:** വിശുദ്ധ പൊലിക്കാർപ്പ്
**ഫെബ്രുവരി 25:** വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ

# നസിയാൻസൂസിലെ വി. ഗ്രിഗറി

### വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം




ക്രിസ്തുവർഷം 330 ഓടെ ഏഷ്യാമൈനറിലെ കപ്പദോക്യായിലുള്ള അരിയാൻസൂസിൽ ജനിക്കുകയും 390 ഓടെ അവിടെവച്ചുതന്നെ മരിക്കുകയും ചെയ്ത നസിയാൻസൂസിലെ വി. ഗ്രിഗറി, ഗ്രീക്കുസഭാപിതാക്കന്മാർക്കിടയിൽ വി.ബേസിലിനോടും അലക്സാണ്ട്രിയായിലെവി. അത്തനേഷ്യസിനോടും വി. ജോൺ ക്രിസോസ്തോമിനോടുമൊപ്പം മഹാനായി ക്രീർത്തിക്കപ്പെടുന്ന വേദപാരംഗതനാണ്. അടിയുറച്ച ക്രൈസ്തവ ജീവിതം നയിച്ചിരുന്ന മാതാവിന്റെ സ്വാധീനത്താൽ ഗ്രിഗറിയുടെ പിതാവ് ക്രൈസ്തവവിശ്വാസം സ്വീകരിക്കുകയും ഏ ഡി 325-ൽ നസിയാൻസൂസിന്റെ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തതിനുശേഷം ജനിച്ചതിനാൽ മറ്റു വിഷയങ്ങളോടൊപ്പം ക്രൈസ്തവവിശ്വാസത്തിലും പരിശീലനം നേടിയാണ് അദ്ദേഹം വളർന്നത്. ആദ്യം കേസറിയായിലും പിന്നീട് അലക്സാണ്ട്രിയായിലും തുടർന്ന് ഏഥൻസിലും ഗ്രിഗറി വിദ്യാഭ്യാസം പൂർത്തിയാക്കി. കേസറിയായിലും ഏഥൻസിലും വി. ബേസിൽ അദ്ദേഹത്തിന്റെ സതീർത്ഥ്യനായിരുന്നു. പരിശീലനകാലത്തെ ഈ സൗഹൃദം അവർ ജീവിതാവസാനം വരെ തുടർന്നു. പിന്നീട് റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി മാറിയ ദൈവനിഷേധിയെന്ന് അറിയപ്പെട്ട ജൂലിയനും അവരുടെ സഹപാഠിയായിരുന്നു.

പരിശീലനശേഷം കപ്പദോക്യായിൽ തിരിച്ചെത്തിയ അദ്ദേഹം, വി. ബേസിൽ പൊന്തൂസിലെ അന്നേസിയിൽ ആരംഭിച്ച ആശ്രമത്തിൽ ചേർന്ന് സന്യാസജീവിതം നയിക്കാൻ തുടങ്ങി. എന്നാൽ മെത്രാനായ പിതാവ് വൈദിക പട്ടം സ്വീകരിക്കാൻ നിർബന്ധിച്ചതിനാൽ 362-ൽ മാസങ്ങൾ നീണ്ട ഒരുക്കത്തിനുശേഷം അദ്ദേഹം വൈദികനായി. പിന്നീട് തന്റെ സുഹൃത്തും 371 മുതൽ 379 വരെ കേസറിയായുടെ മെത്രാനുമായിരുന്ന ബേസിലിന്റെ നിർബന്ധംമൂലം എഡി 372-ൽ സാസിമായുടെ മെത്രാനാകാനും അദ്ദേഹത്തിന് സമ്മതിക്കേണ്ടിവന്നു. എന്നാൽ അധികാരസ്ഥാനങ്ങളോട് സ്വാഭാവികമായ ഒരു വിപ്രതിപത്തി പുലർത്തിയിരുന്ന അദ്ദേഹം ഔദ്യോഗികമായി ആ സ്ഥാനം ഏറ്റെടുത്തതുമില്ല. എഡി 374-ൽ തന്റെ പിതാവിന്റെ മരണത്തെത്തുടർന്ന് നസിയാൻസൂസ് രൂപതയ്ക്ക് ഏകദേശം രണ്ടു വർഷക്കാലം നേതൃത്വം നല്കിയപ്പോഴും ഔദ്യോഗികമായി രൂപതാധ്യക്ഷസ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറായില്ല. 375 ന്റെ അവസാനംആശ്രമജീവിതത്തിലേക്ക് മടങ്ങിയ അദ്ദേഹം തുടർന്നുള്ള മൂന്നുവർഷക്കാലം പ്രാർഥനയിലും പഠനത്തിലും ചിലവഴിച്ചു. തനിക്ക് വി. ഗ്രന്ഥത്തിൽ പരിശീലനം നല്കിയത് ഗ്രിഗറിയാണെന്ന് വി. ജെറോം സാക്ഷ്യപ്പെടുത്തുന്നുണ്ട്. (De Viris Illustibus 117).

എഡി 379-ൽ ബേസിലിന്റെ മരണത്തോടെ ഏഷ്യാമൈനർ പ്രദേശത്തെ നിഖ്യാവിശ്വാസത്തിന്റെ ഔദ്യോഗികവക്താവായി അദ്ദേഹം മാറി. അതേവർഷം പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ സാരഥ്യം ഏറ്റെടുത്ത തിയഡോഷ്യസ് ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിലെ ആരിയൻ മെത്രാനെ മാറ്റി ഗ്രിഗറിയെ തൽസ്ഥാനത്ത് നിയമിക്കാൻ തീരുമാനിച്ചു. 381-ൽ കൂടിയ കോൺസ്റ്റാന്റിനോപ്പിൾ സാർവത്രികസൂനഹദോസ് അദ്ദേഹത്തിന്റെ നിയമനത്തെ അംഗീകരിച്ചു. എങ്കിലും ചുരുക്കം ചില ഈജിപ്ഷ്യൻ മെത്രാന്മാരുടെ എതിർപ്പുമുൻനിർത്തി അദ്ദേഹം ആ സ്ഥാനം ഏറ്റെടുത്തില്ല.

അങ്ങനെ തന്റെ ജീവിതത്തിന്റെ അവസാന ഒൻപതുവർഷക്കാലം ആശ്രമത്തിൽ ശാന്തമായ പ്രാർഥനാജീവിതം നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെടുന്നു എന്ന് നാം വിശ്വാസപ്രമാണത്തിൽ പ്രഖ്യാപിക്കുമ്പോൾ 'പുറപ്പെടൽ' എന്ന വാക്ക് പരിശുദ്ധാത്മാവിനായി നിജപ്പെടുത്തിയ നസിയാൻസൂസിലെ വി. ഗ്രിഗറിയെയും ഓർക്കാം. ■

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

# പൗരസംസ്കാരം: അവകാശങ്ങളുടെ പ്രഘോഷണമല്ല, കടമകളുടെ സാക്ഷാത്കാരം

മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ

**വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത് 'സ്വതന്ത്രരായി ജീവിക്കുവിൻ; എന്നാൽ നിങ്ങളുടെ സ്വാതന്ത്ര്യത്തെതിന്മയ്ക്കുള്ള മറയാക്കരുത്; ദൈവത്തിന്റെ ദാസന്മാരായി ജീവിക്കുവിൻ' (1 പത്രോസ് 2:1 6) എന്നാണ്. സ്വാതന്ത്ര്യം എന്നത് ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള മോചനമല്ല, മറിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള കരുത്താണ്. തന്റെ വ്യക്തിപരമായ നിലപാടുകളും പ്രവൃത്തികളും സമൂഹത്തിന്റെ പൊതുവായ സുസ്ഥിതിയെ എപ്രകാരം ബാധിക്കുന്നു എന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ ആണിക്കല്ല്.**



സ്വാതന്ത്ര്യം എന്നത് മാനവികതയുടെ ഏറ്റവും ഉദാത്തമായ ഭാവമാണ്. എന്നാൽ സമകാലിക കേരളീയ പശ്ചാത്തലത്തിൽ, പൗരസ്വാതന്ത്ര്യം എന്നത് അനിയന്ത്രിതമായ വ്യക്തിതാല്പര്യങ്ങളുടെ സംരക്ഷണമായി വഴിമാറുന്നുണ്ടോ എന്ന് നാം ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. അവകാശങ്ങളെക്കുറിച്ച് അമിതമായി വാചാലരാവുകയും കടമകളെക്കുറിച്ച് കുറ്റകരമായ മൗനം പാലിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ 'പൗരബോധം' എന്നത് വെറും അക്കാദമിക് പദാവലിയായി ചുരുങ്ങുകയാണ്.

വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത് 'സ്വതന്ത്രരായി ജീവിക്കുവിൻ; എന്നാൽ നിങ്ങളുടെ സ്വാതന്ത്ര്യത്തെതിന്മയ്ക്കുള്ള മറയാക്കരുത്; ദൈവത്തിന്റെ ദാസന്മാരായി ജീവിക്കുവിൻ' (1 പത്രോസ് 2:16) എന്നാണ്. സ്വാതന്ത്ര്യം എന്നത് ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള മോചനമല്ല, മറിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള കരുത്താണ്. തന്റെ വ്യക്തിപരമായ നിലപാടുകളും പ്രവൃത്തികളും സമൂഹത്തിന്റെ പൊതുവായ സുസ്ഥിതിയെ എപ്രകാരം ബാധിക്കുന്നു എന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ ആണിക്കല്ല്. നിയമങ്ങളെ ലംഘിക്കുന്നത് പൗരത്വത്തിന്റെ കരുത്തായി തെറ്റിദ്ധരിക്കപ്പെടുന്ന സംസ്കാരം ഒരു നിശബ്ദ പ്രതിസന്ധിയാണ്.

സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകാൻ പഠിപ്പിച്ച മിശിഹാ, പൗരധർമ്മം പാലിക്കുന്നതിൽ നമുക്ക് വലിയ മാതൃകയാണ് നൽകിയത്. യഥാർഥ പൗരസംസ്കാരം രൂപപ്പെടുന്നത് നിയമങ്ങളോടുള്ള ഭയം കൊണ്ടല്ല, മറിച്ച് സഹജീവിയോടുള്ള ബഹുമാനത്തിൽ നിന്നാണ്. 'അതുകൊണ്ട്, മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കും ചെയ്യുവിൻ' (മത്തായി 7:12) എന്ന സുവർണ്ണനിയമം നമ്മുടെ സാമൂഹികജീവിതത്തിന്റെ ഭാഗമാകണം.

സഭാജീവിതത്തിന്റെ അകത്തളങ്ങളിലും ഈ പൗരബോധവും സ്വാതന്ത്ര്യവും കൃത്യമായി അടയാളപ്പെടുത്തപ്പെടേണ്ടതുണ്ട്. സഭയിലെ സ്വാതന്ത്ര്യം എന്നത് വ്യക്തികേന്ദ്രീകൃതമായ തന്നിഷ്ടങ്ങളല്ല, മറിച്ച് ക്രിസ്തുവാകുന്ന ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിലുള്ള പരസ്പരപൂരകമായ ഐക്യമാണ്. വിശ്വസ്തതയോടും എളിമയോടും കൂടി നാം ഓരോരുത്തരും സഭയിൽ നമുക്ക് ഏൽപ്പിച്ചു തന്നിട്ടുള്ള ധർമ്മങ്ങൾ നിർവഹിക്കുമ്പോഴാണ് യഥാർഥ ആത്മീയ സ്വാതന്ത്ര്യം നാം അനുഭവിക്കുന്നത്. അധികാരങ്ങളെയോ പദവികളെയോ അവകാശവാദങ്ങളായല്ല, മറിച്ച് സഹോദരങ്ങൾക്കുള്ള ശുശ്രൂഷയായാണ് നാം കാണേണ്ടത്. 'സ്നേഹപൂർവ്വം പരസ്പരം സേവിക്കുവിൻ' (ഗലാത്തിയ 5:13) എന്ന പൗലോസ് ശ്ലീഹായുടെ വചനം സഭയ്ക്കുള്ളിലെ നമ്മുടെ ഓരോ പ്രവൃത്തിക്കും ആധാരമാകണം. സഭാനിയമങ്ങളോടും പാരമ്പര്യങ്ങളോടുമുള്ള വിധേയത്വം നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതല്ല, മറിച്ച് ഒരു വലിയ ആത്മീയകുടുംബത്തിൽ നമ്മെ സുരക്ഷിതമായി ചേർത്തുനിർത്തുന്ന സ്നേഹത്തിന്റെ ചങ്ങലകളാണത്.

നമുക്ക് വേണ്ടത് അവകാശവാദങ്ങളുടെ മത്സരമല്ല, മറിച്ച് ഉത്തരവാദിത്തങ്ങളുടെ പങ്കുവെക്കലാണ്. കടമകൾ നിർവഹിക്കുന്നതിലൂടെ മാത്രമേ ഒരാൾക്ക് തന്റെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കാനുള്ള ധാർമ്മികമായ അർഹത ലഭിക്കുന്നുള്ളൂ. സുവിശേഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ സ്നേഹവും നീതിയും പൗരധർമ്മത്തോട് ചേർത്തുപിടിച്ചുകൊണ്ട്, ഉന്നതമായ പൗരസംസ്കാരത്തിലേക്ക് നമുക്ക് ഒരുമിച്ച് ചുവടുവെക്കാം. ■

# സിനഡാനന്തര സർക്കുലർ

## മുപ്പത്തിനാലാം സിനഡ്, ഒന്നാം സമ്മേളനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

**മിശിഹയിൽ പ്രിയ സഹോദരി സഹോദരന്മാരേ,**

നമ്മുടെ കർത്താവിന്റെ അനന്തമായ കരുണയുടെയും അനുഗ്രഹത്തിന്റെയും ആത്മീയാനുഭവം പകർന്നു നൽകിയ ജൂബിലി വർഷം നാം പൂർത്തിയാക്കിയിരിക്കുകയാണല്ലോ. പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യമുയർത്തി ആചരിച്ച ഈ കൃപാവർഷത്തിൽ നാം പ്രാപിച്ച ആത്മീയ നവീകരണത്തിനും ദൈവാനുഭവങ്ങൾക്കും നമുക്ക് ഒന്നുചേർന്ന് ദൈവത്തിന് നന്ദി അർപ്പിക്കാം. ജൂബിലി വർഷാചരണത്തിലൂടെ ആർജ്ജിച്ചെടുത്ത ആത്മീയ ചൈതന്യം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിലനിർത്താനും, മിശിഹായുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാനും നാം തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്.

ലോകമെങ്ങും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം മുഴങ്ങേണ്ട ക്രിസ്തുമസ് കാലം, നിർഭാഗ്യവശാൽ നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഭീതിയുടെയും അശാന്തിയുടെയും ദിനങ്ങളായി മാറി. ഭരണഘടന നൽകുന്ന അവകാശങ്ങൾപോലും നിഷേധിച്ചു. ക്രൈസ്തവദൈവാലയങ്ങൾക്കും പ്രാർഥനാ കൂട്ടായ്മകൾക്കും നേരെ നടന്ന അതിക്രമങ്ങൾ അങ്ങേയറ്റം വേദനാജനകമാണ്. നമ്മുടെ സ്നേഹത്തിന്റെ പ്രവൃത്തികളെ നിർബന്ധിത മതപരിവർത്തന ശ്രമങ്ങളായി വ്യാഖ്യാനിക്കുന്ന വിദ്വേഷത്തിന്റെ സംസ്കാരം വളരാൻ അനുവദിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ മതേതരസ്വഭാവത്തെ തന്നെ ദുർബലമാക്കുന്നു. കുരിശിലെ ബലിയിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ച മിശിഹായുടെ സ്നേഹത്തിന്റെ ശക്തിയാണ് നമ്മുടെ വിദ്യാഭ്യാസ കാരുണ്യപ്രവർത്തനങ്ങളിൽ പ്രകടമാകുന്നത്. എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോഴും ധൈര്യപൂർവം സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്ന എല്ലാ സഭാമക്കളെയും സഭ വാത്സല്യത്തോടെ പ്രോത്സാഹിപ്പിക്കുന്നു. "നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കു വഹിക്കുക" (2 തിമോത്തേയോസ് 1:8). എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ.

### ശക്തീകരണത്തിലൂടെ മുന്നോട്ട്

സമുദായശക്തീകരണവർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചുകൊണ്ടായിരുന്നു ജനുവരി ആറാം തീയതി സിനഡ് ആരംഭിച്ചത്. സഭയുടെ വളർച്ചയും നിലനിൽപ്പും അതിന്റെ ഓരോ അംഗത്തിന്റെയും ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിൽ അധിഷ്ഠിതമാണ്. സീറോമലബാർ സഭ പ്രഖ്യാപിച്ച സമുദായ ശക്തീകരണവർഷം കേവലം ഒരു ആചരണമല്ല, മറിച്ച് നമ്മുടെ സമുദായാംഗങ്ങളെ തങ്ങളുടെ ദൗത്യങ്ങളെപ്പറ്റി അവബോധമുള്ളവരാക്കാനും അതിനായി അവരെ ബലപ്പെടുത്താനും അങ്ങനെ പൊതുജീവിതത്തിന്റെ എല്ലാ മേഖലകളെയും മിശിഹായുടെ പ്രബോധനത്താൽ ശുദ്ധീകരിക്കാനുമുള്ള പരിശ്രമത്തിന്റെ തീവ്രയത്നത്തിന്റെ ഭാഗമാണ്. സഭാംഗങ്ങൾ, പ്രത്യേകിച്ച്, കുടുംബങ്ങളും ഇടവകകളും വിശ്വാസത്തിലും തനിമയിലും സ്വയംപര്യാപ്തതയിലും അവബോധമുള്ളവരായി നിലനിന്നാൽ മാത്രമേ പൊതുസമൂഹത്തോടുള്ള നമ്മുടെ സുവിശേഷ ദൗത്യം നിറവേറ്റാൻ നാം പ്രാപ്തരാകുകയുള്ളു. അത് സഭയ്ക്ക് മാത്രമല്ല, പൊതുസമൂഹത്തിന് തന്നെ ഊർജമായി മാറുന്നു. 'ക്രിസ്ത്യാനിക്ക് ശത്രുക്കളില്ല, സഹോദരീ സഹോദരന്മാർ മാത്രം, പരസ്പരം മനസിലാകാത്തപ്പോഴും അവർ സഹോദരങ്ങളായി തുടരുന്നു' എന്ന ലെയോ പതിനാലാമൻ പാപ്പയുടെ വാക്കുകൾ നാം ലക്ഷ്യം വയ്ക്കുന്നതു വിശ്വസഹോദര്യമാണ് എന്ന യാഥാർഥ്യത്തിനു അടിവരയിടുന്നതാണ്.

ആധുനിക ലോകം നേരിടുന്ന വെല്ലുവിളികളെ ധീരമായി നേരിടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക എന്നത് ഈ വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യമാണ്. പൊതുഇടങ്ങളിൽ നമ്മുടെ സാന്നിധ്യത്തെ ദുർബലപ്പെടുത്തുന്ന ജനസംഖ്യാശോഷണം നമ്മുടെ കുടുംബങ്ങളിൽ ചർച്ചാവിഷയമാകണം. സീറോമലബാർ സഭാംഗങ്ങൾ പൊതുഭരണരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും, സജീവമായി കടന്നുവരേണ്ടതു പൗരധർമ്മത്തിന്റെ ഭാഗമാണ്. പൗരന്മാരുടെ നിതാന്ത ജാഗ്രതയിലാണ് ജനാധിപത്യത്തിന്റെ നിലനില്പ് എന്ന ചൊല്ല് നമുക്ക് മറക്കാതിരിക്കാം. നമ്മുടെ സമുദായാംഗങ്ങളുടെ ഇടയിൽ സംഭവിക്കുന്ന, വിദേശ രാജ്യങ്ങളിലേക്കുള്ള വീണ്ടുവിചാരമില്ലാത്ത കുടിയേറ്റം, ചിലരെയെങ്കിലും വലിയ കടബാധ്യതകളിലേക്കും വിശ്വാസശോഷണത്തിലേക്കും നയിക്കുന്നുണ്ട്. തൊഴിൽ തേടുന്നവർ മാത്രമാകാതെ തൊഴിൽ സൃഷ്ടിക്കുന്നവരും തൊഴിൽ ദാതാക്കളും ആകാനുള്ള നമ്മുടെ സാധ്യത നാം മനസിലാക്കണം. കൃഷി ലാഭകരമല്ല എന്നു പറയുമ്പോഴും ശാസ്ത്രീയമായി കൃഷി ചെയ്തു അനേകം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയും എന്നതിന് നമ്മുടെ ചില രൂപതകളിൽ അഭിനന്ദനാർഹമായ മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. വർത്തമാനകാലത്തു നമ്മുടെ മുൻപിലുള്ള പ്രതിസന്ധികളെ മറികടക്കാൻ സമുദായ ശക്തീകരണവർഷത്തിലെ കർമ്മപദ്ധതികളെ ഗൗരവമായി ഏറ്റെടുക്കാൻ എല്ലാവരെയും ഞാൻ ആഹ്വനം ചെയ്യുന്നു.

### ഗൾഫ് മേഖലയ്ക്ക് അപ്പോസ്തോലിക് വിസിറ്റർ

അറേബ്യൻ ഗൾഫ് മേഖലയിലെ സീറോമലബാർ സഭാവിശ്വാസികൾക്ക് ഫലപ്രദമായ അജപാലനശുശ്രൂഷ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾക്കായി വളരെ നാളുകളായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. പരിശുദ്ധ സിംഹാസനം ഗൾഫ് നാടുകളിലെ സീറോമലബാർ സഭാംഗങ്ങൾക്കായി അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചതുവഴി സഭയുടെ വളർച്ചയിൽ നിർണ്ണായകമായൊരു ചുവടുവയ്പ്പാണ് സംഭവിച്ചിരിക്കുന്നത്. ഗൾഫ് മേഖലയിലെ സീറോമലബാർ വിശ്വാസികൾക്കു ആവശ്യമായ അജപാലന സംവിധാനങ്ങൾ അനുവദിക്കുന്നതിന് മുന്നോടിയായി അവിടങ്ങളിലുള്ള നമ്മുടെ വിശ്വാസിസമൂഹങ്ങളുമായും നിലവിലുള്ള അജപാലന സംവിധാനങ്ങളുമായും സംവദിച്ച് ഒരു വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിന് സമർപ്പിക്കുക എന്നതാണ് അപ്പസ്തോലിക് വിസിറ്ററുടെ പ്രഥമ ദൗത്യം. പരിമിതികൾക്കു നടുവിലും മാതൃസഭയുടെ ആരാധനാക്രമ പാരമ്പര്യത്തിൽ നിലനിൽക്കാൻ ത്യാഗപൂർവം പരിശ്രമിച്ച എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നതിനൊപ്പം, അപ്പോസ്തോലിക് വിസിറ്ററായി നിയമിതനായ ബഹു. ജോളി വടക്കനച്ചന് എല്ലാ പിന്തുണയും നൽകണമെന്ന് ഗൾഫ് നാടുകളിലെ എല്ലാ സീറോമലബാർ സഭാമക്കളോട് ഞാൻ ആഹ്വാനം ചെയ്യുന്നു.

### അനുരഞ്ജനത്തിലൂടെ ഐക്യത്തിലേക്ക്

ഐക്യമുള്ള സമുദായത്തിന് കാലത്തിന്റെ ഗതിമാറ്റാൻ കഴിയുമെന്നും ആരാധനാക്രമത്തിലെ ഐക്യം, വിശ്വാസികൾക്കിടയിലുള്ള ആഴമേറിയ സാഹോദര്യത്തിന്റെ പ്രകാശനമാണ് എന്നുമുള്ള ബോധ്യത്തിൽനിന്നാണ് വി. കർബാന അർപ്പണരീതിയിൽ ഏകീകരണം നടപ്പിലാക്കാൻ സിനഡ് തീരുമാനിച്ചത്. എന്നാൽ നാം ലക്ഷ്യംവച്ച ഐക്യം പൂർണ്ണമായും യാഥാർഥ്യമായിട്ടില്ല എന്നത് ദുഃഖകരമാണ്. ഏകീകൃത രീതിയിലുള്ള കുർ

ശേഷം പേജ് 5–ൽ

# പൗരബോധം ശീലമാക്കണം വേണ്ടത് പുതിയൊരു പൗരസംസ്കാരം



**ഷിനു ആനത്താരയ്ക്കൽ**
(സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ, രാമപുരം)



**എല്ലാവരും അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരായിത്തീർന്നു; എന്നാൽ, കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ചിന്തിച്ചു പോലുമില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ വാങ്ങുന്നത് അവകാശവും കൊടുക്കുന്നത് കടമയുമാണെങ്കിൽ വാങ്ങാൻ മാത്രമാണ് ഇന്നിന്റെയാളുകൾ പഠിച്ചിട്ടുള്ളതും പഠിപ്പിക്കുന്നതും.**

നാം ഭാരതീയർ, പ്രത്യേകിച്ച് കേരളീയർക്ക് പൗരബോധമുണ്ടോ? ചോദ്യം കേൾക്കുമ്പോൾ തന്നെ ദേഷ്യം വരുന്നുണ്ടല്ലേ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസമുള്ള, സംസ്കാരവും പാരമ്പര്യവുമുള്ള ജനതയെന്നഭിമാനിക്കുന്ന കേരളീയനോടോ ഇത്തരമൊരു ചോദ്യം! വിദ്യാഭ്യാസപരമായി വളരെയധികം സൗകര്യങ്ങളും സാധ്യതകളുമുള്ള മലയാളിയെന്ന നിലയിൽ ഔന്നത്യം പുലർത്തേണ്ടവരാണ് നാമെന്നതിൽ സംശയമില്ല. എന്നാൽ വാസ്തവം എന്താണ്?

പൊതുനിരത്തിൽ മാലിന്യങ്ങൾ വലിച്ചെറിയാനും നടുറോഡിൽ തുപ്പാനും നീണ്ട ക്യൂവിലായിരിക്കുന്ന വാഹനങ്ങളെ റോങ് സൈഡിലൂടെ കടന്ന് ചെന്ന് ഉച്ചത്തിൽ ഹോൺ മുഴക്കാനും മദ്യപിച്ചും അല്ലാതെയും അശ്രദ്ധമായും അമിതവേഗത്തിലും വാഹനമോടിക്കാനും സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള നവമാധ്യമങ്ങളിലൂടെ എന്തും വിളിച്ചു പറയാനും വിശ്വസിക്കാനും മലയാളികൾക്ക് മടിയില്ല എന്നതല്ലേ സത്യം?

രാഷ്ട്രീയമായും സാമൂഹ്യപരമായും സാംസ്കാരികപരമായും മികച്ചവരെന്നഭിമാനിക്കുന്ന നമ്മുടെ പൊതുബോധത്തിൽ വലിയ പിഴവുകളുണ്ടെന്നാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്. അതുപക്ഷേ, ഏതാനും ആളുകളുടെ മാത്രം കുഴപ്പമല്ല; നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പോരായ്മ തന്നെയാണ്.

## ഇന്ദിരാഗാന്ധിയുടെ കുറ്റസമ്മതം പോലും പാഠമായില്ല

1984 ലെ അധ്യാപക ദിനത്തിൽ (സെപ്റ്റംബർ 5) ഡൽഹിയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇങ്ങനെ വിലപിച്ചു,

'നമുക്ക്, വിദ്യാഭ്യാസ കാര്യത്തിൽ സംഭവിച്ച ഏറ്റവും വലിയ അബദ്ധം, നമ്മുടെ കുട്ടികളെ സ്വാതന്ത്ര്യസമരത്തെപ്പറ്റി പഠിപ്പിക്കാൻ കഴിഞ്ഞില്ല എന്നതാണ്.' കൊളോണിയൽ ഭരണത്തിൻ കീഴിൽ പലതരം വിലക്കുകൾക്കും അസ്വാതന്ത്ര്യത്തിനും വിധേയരായി കഴിയേണ്ടി വന്ന നമുക്ക് സ്വാതന്ത്ര്യം സിദ്ധിച്ചപ്പോൾ എല്ലാ ബന്ധനവും അറുത്തുകളയാനുള്ള ആവേശം ബാധിച്ചിരിക്കുകയാണ്. അവകാശങ്ങൾക്കു വേണ്ടി വാശിപിടിക്കുക, കർത്തവ്യങ്ങളുടെ നേരെ കണ്ണടക്കുക... ഇതായി നില. ഓരോ ആനുകൂല്യത്തിനുംഅനുയോജ്യമായി ഓരോ ബാധ്യതയുമുണ്ട് എന്ന് മഹാത്മജി ആവർത്തിച്ചോർമ്മിപ്പിച്ചതും ആരും ചെവിക്കൊണ്ടില്ല... പുഴ എന്നാൽ വെള്ളം മാത്രമല്ല, കരയും കൂടിയാണ്. വെള്ളത്തെ അടക്കി നിർത്തുന്ന കരയില്ലെങ്കിൽ പുഴയുമില്ല. ഇവിടെ നാം കരയുടെ കർത്തവ്യത്തിന്റെ കാര്യം വേണ്ടത്ര ഊന്നിപ്പറഞ്ഞില്ല എന്നു മാത്രം'.

പൗരബോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇതിൽക്കൂടുതൽ എങ്ങനെ ഒരു ഭരണാധികാരിക്ക് വ്യക്തമാക്കാൻ സാധിക്കും?

## പൗരധർമ്മം മറന്ന പൗരന്മാർ

സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചുവളർന്നവർക്ക് പൗരധർമ്മം എന്തെന്നറിയാതെ വളരാൻ സാധിച്ചു എന്നതാണ് ഏറ്റവും ദുഃഖകരമായ യാഥാർഥ്യം.

അതായത്, എല്ലാവരും അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരായിത്തീർന്നു; എന്നാൽ, കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ചിന്തിച്ചു പോലുമില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ വാങ്ങുന്നത് അവകാശവും കൊടുക്കുന്നത് കടമയുമാണെങ്കിൽ വാങ്ങാൻ മാത്രമാണ് ഇന്നിന്റെയാളുകൾ പഠിച്ചിട്ടുള്ളതും പഠിപ്പിക്കുന്നതും. യൂറോപ്യന്മാർ പക്ഷേ വ്യത്യസ്തരാണ്. പുതുതലമുറയ്ക്ക് പൗരബോധം പകർന്നു കൊടുക്കുകയെന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ടവർ റോഡ് നിയമങ്ങൾ തെറ്റിക്കാറില്ല, അനാവശ്യമായി ഹോൺ മുഴക്കില്ല. പൊതു നിരത്തിൽ തുപ്പില്ല അന്യന്റെ സ്വകാര്യതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യും.

ചെറുപ്പത്തിൽ തന്നെ സൈനിക പരിശീലനവും സേവനവും നിർബന്ധമാക്കിയിട്ടുള്ള രാജ്യങ്ങളുണ്ട്. ജീവിതത്തിന് അടക്കും ചിട്ടയും കൈവരുമെന്നതു കൂടാതെ, പൗരന്മാർ എത്ര വലുതായാലും അവശ്യസമയത്ത് രാജ്യത്തിനായി സേവനം ചെയ്യേണ്ടിവരുമെന്ന തിരിച്ചറിവു പകർന്നു നൽകലാണത്. എന്നാൽ, ഇന്ത്യ തന്റെ പുത്രന്മാരിൽ നിന്ന് ആവശ്യസമയത്ത് ചോദിച്ചു വാങ്ങാനുതകുന്ന എന്തു ശിക്ഷണമാണ് പകർന്നു നൽകിയിട്ടുള്ളത്?

സാമൂഹിക ഉത്തരവാദിത്വം പഠിപ്പിക്കുന്നതിന്റെ ഭാഗമായി മുൻകാലങ്ങളിൽ സ്കൂളുകളിൽ നടപ്പാക്കിയിരുന്ന 'സേവനവാരം' പോലുള്ള പരിശീലനങ്ങൾ വരെ നാം നിർത്തലാക്കി.... എൻ. എസ്. എസ്. പോലുള്ള സാമൂഹ്യ സേവന പരിപാടികളാകട്ടെ, ഗ്രേസ് മാർക്കിനുള്ള ഒരുപാധിയാക്കി ചുരുക്കിക്കളഞ്ഞു.

## പൗരധർമ്മം എന്നാലെന്ത്?

പൗരധർമ്മം ഒരു സംസ്കാരമാണ്. അത് ദാനമായിക്കിട്ടുന്നല്ല, നേടിയെടുക്കുന്നതാണ്. താൻ സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവും അതുവഴി സമൂഹം വളരുകയാണെന്ന ബോധ്യവുമാണ് പൗരധർമ്മം. പൗരബോധം വളർത്തിയെടുക്കാതെ ദേശസ്നേഹിയാകണമെന്ന് വാശിപിടിക്കുന്നതിൽ അർഥമുണ്ടോ? അതായത്, അവകാശങ്ങളുടെ മറുവശമാണ് കടമ. കടമ ചെയ്യുമ്പോഴാണ് ഉത്തമ പൗരനായിത്തീരുന്നത്. ആർട്ടിക്കൾ 51 എ പൗരന്റെ ഭരണഘടനാപരമായ കടമകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

എന്നിട്ടും സ്വാതന്ത്ര്യം നേടി ദശാബ്ദങ്ങൾ പിന്നിട്ടിട്ടും നമ്മുടെ കുട്ടികളെ ശരിയായ പൗരബോധമെന്തെന്ന് പരിശീലിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

## പരിഹാരമൊന്നേയുള്ളു, പൗരബോധം ശീലമാകണം

ഭാരതത്തിൽ, പ്രത്യേകിച്ച് കേരളീയ സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന (ശരിയായ) പൗരബോധത്തിന്റെ അഭാവം തിരിച്ചറിയാൻ കാലമായി. ഒരു കാലത്ത് ഈ ജനതയെ നയിച്ച സമുദായമെന്ന നിലയിൽ ക്രിസ്ത്യാനികളുടെ പൊതുബോധത്തിനേറ്റ മങ്ങലിന്റെ വെളിച്ചത്തിൽ ഒരു പഠനം നടത്തുന്നത് ഉചിതമായിരിക്കും. അതായത്, മലയാളിയെ അക്ഷരം എഴുതാനും വായിക്കാനും പഠിപ്പിക്കാൻ മുന്നിട്ടിറങ്ങിയ, സാമൂഹ്യ ജീവിതത്തിന്റെ പൊരുൾ പഠിപ്പിച്ച, മലയും കാടും കടന്ന് പുതിയ ജീവിത / കർമ്മപഥങ്ങൾ കണ്ടെത്താൻ നേതൃത്വം നൽകിയ ഒരു സമുദായത്തിന്റെ പിൻതുടർച്ചക്കാർ തങ്ങളുടെ സ്വത്വബോധം തിരിച്ചറിയാൻ വൈകുന്നിടത്ത് പൗരബോധത്തിന് ക്ഷതമേറ്റുവെന്നതാണ് യാഥാർഥ്യം. സമൂഹിക പരിവർത്തനത്തിന്റെ നട്ടെല്ലായിരുന്ന ക്രൈസ്തവരുടെ ഈ ഊർജ്ജസ്വലതയ്ക്ക് ഇന്ന് മങ്ങലേൽക്കുന്നു എന്നത് ഗൗരവകരമായ യാഥാർഥ്യമാണ്. പൊതുബോധത്തിൽ നിന്ന് മാറി സ്വന്തം സുരക്ഷിതവലയങ്ങളിലേക്ക് ഒതുങ്ങിക്കൂടുമ്പോൾ, പൗരൻ എന്ന നിലയിൽ സമൂഹത്തോടുള്ള ഉത്തരവാദിത്തങ്ങളിൽ വിള്ളലുകൾ വീഴുന്നു. മുൻഗാമികൾ കാണിച്ചുതന്ന ആ ദീർഘവീക്ഷണവും ആർജ്ജവവും വീണ്ടെടുക്കുക എന്നത് കേവലം ഒരു സമുദായത്തിന്റെ മാത്രം ആവശ്യമല്ല, മറിച്ച് കേരളത്തിന്റെ പൗരബോധത്തെ പുനരുജ്ജീവിപ്പിക്കാൻ അത് അത്യന്താപേക്ഷിതമാണ്. സ്വന്തം വേരുകളെയും ചരിത്രപരമായ ദൗത്യത്തെയും തിരിച്ചറിയുന്നതിലൂടെ മാത്രമേ ഈ സമുദായത്തിന് വീണ്ടും നാടിന്റെ വഴിവിളക്കാകാൻ കഴിയൂ.

വിശ്വാസപരിശീലന ക്ലാസ്സുകളിലും നിരന്തരമായെന്നോണം പൗരത്വത്തെക്കുറിച്ചും പൗരബോധത്തെക്കുറിച്ചും സംസാരിച്ചു കൊണ്ടിരിക്കണം. പൗരന്റെ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊടുക്കണം. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, ശുചീകരണപ്രവർത്തനങ്ങൾ... ഇങ്ങനെ പൗരബോധവുമായി ചേർന്നു നിൽക്കുന്ന കാര്യങ്ങളെല്ലാം മതബോധന രംഗത്തും കുടുംബകൂട്ടായ്മകളിലും പകർന്നു നൽകപ്പെടണം. അതുപോലെ തന്നെ ദേശസ്നേഹിയാകേണ്ടതിന്റെ പ്രസക്തിയും ചർച്ച ചെയ്യപ്പെടണം. ഏറ്റവും പ്രധാനമായി ഇന്ത്യൻ രാഷ്ട്രീയ രംഗത്തുള്ള ക്രിസ്ത്യൻ സാന്നിധ്യമാണ് ചർച്ച ചെയ്യപ്പെടേണ്ടത്. 1970 കളിൽ ക്രൈസ്തവ നാമധാരികൾ നിറഞ്ഞു നിന്ന ഭാരതീയ/കേരളീയ സാമൂഹ്യ ചുറ്റുപാടിനെ അപേക്ഷിച്ച് ഇന്നിന്റെ അവസ്ഥ എന്താണ്? നേതാവാകുന്നതിന്റെ ഒപ്പം പ്രധാനമാണ് അനുയായി ആവുക എന്നതും. എല്ലാ ക്രൈസ്തവരും ഏതെങ്കിലുമൊക്കെ രാഷ്ട്രീയ പാർട്ടികളിൽ അംഗമായി ചേർന്നു പ്രവർത്തിക്കാൻ തുടങ്ങിയാൽ ക്രൈസ്തവ വിരുദ്ധതയുടെ ആഴം കുറഞ്ഞു തുടങ്ങും. അതുവഴി കറ തീർന്ന പൗരത്വം ആർജിക്കാനും പ്രകടിപ്പിക്കാനും ക്രിസ്ത്യാനിക്കു സാധിക്കുമെന്നതിൽ സംശയമില്ല. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ പൗരബോധവും സ്വത്വബോധവുമൊക്കെ പ്രകടിപ്പിക്കാൻ ഏറെ പ്രയാസം നേരിടുന്ന കാലമാണിത്. എന്നിരുന്നാലും നാമെല്ലാം ഈ മണ്ണിന്റെ മക്കളാണ്. രണ്ടായിരം വർഷം മുമ്പു തന്നെ ഈ മണ്ണിൽ സ്ഥാനമുറപ്പിച്ച ക്രിസ്ത്യാനി എങ്ങനെ അന്യവൽക്കരിക്കപ്പെടുന്നു? അതു സംഭവിക്കാതിരിക്കണമെങ്കിൽ നാം ഈ രാജ്യത്തിന്റെ മക്കളാണെന്ന ബോധം-പൗരബോധം- നമ്മുടെയുള്ളിലുണ്ടാകണം. ■

# ഇൻ ഊണിത്താത്തെ ഫീദേയി (വിശ്വാസത്തിന്റെ ഐക്യത്തിൽ)

റവ. ഡോ. വർഗീസ് കൊച്ചുപറമ്പിൽ

## ആമുഖം

2025 നവംബർ 23 ക്രിസ്തുരാജന്റെ തിരുനാൾദിനത്തിൽ കൗൺസിലിന്റെ 1700–ാം വാർഷികത്തോടനുബന്ധിച്ച് ലെയോ പതിനാലാം മാർപാപ്പ ഇൻ ഊണിത്താത്തെ ഫീദേയി (വിശ്വാസത്തിന്റെ ഐക്യത്തിൽ) എന്ന അപ്പോസ്തലികലേഖനം വിശ്വാസികൾക്കായി നൽകി. ദൈവശാസ്ത്രപരമായ വൈവിധ്യങ്ങൾ ഉൾക്കൊള്ളുമ്പോഴും ഐക്യവും അനുരഞ്ജനവും കൈവരിച്ച് ഒരുമിച്ചുനടക്കുവാനും സഭകൾ തമ്മിൽ കൂടുതൽ ഐക്യവും സഹകരണവും സാക്ഷ്യവും സാധ്യമാകുവാനും മാർപാപ്പ ഈ ലേഖനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നു. തുർക്കിയിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്രയ്ക്ക് ഏതാനും ദിവസം മുമ്പ് നൽകിയ ഈ പ്രബോധനത്തിൽ നിഖ്യാ കൗൺസിലിന്റെ ദൈവശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ പ്രസക്തിയെക്കുറിച്ച് ആഴത്തിലുള്ള ചിന്തകൾ മാർപാപ്പ നൽകുന്നു. 12 ഖണ്ഡികകളിലായി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ പ്രബോധനത്തിന്റെ പ്രധാന പ്രമേയങ്ങൾ ചുവടെ ചേർക്കുന്നു.

## 1. ഈശോ ആരാണ്?

ഞാനാരാണെന്നാണ് നിങ്ങൾ പറയുന്നത്? കേസറിയാ ഫിലിപ്പിയിൽ വച്ച് ഈശോ പത്രോസിനോട് ചോദിച്ച ചോദ്യം ഇന്നും പ്രസക്തമാണ് എന്ന് മാർപാപ്പ ഓർമിപ്പിക്കുന്നു. ആര്യനിസം ചരിത്രത്തിലെ അപ്രസക്തമായ ഒരു കാര്യമല്ല, മറിച്ച്, ഇന്നും അതിന്റെ പ്രലോഭനങ്ങൾ നിലനിൽക്കുന്നു. ഈശോയെ വെറുമൊരു മധ്യവർത്തിയായോ പൂർണ്ണദൈവം അല്ലാത്ത ഒരു സത്തയായോ കാണാനുള്ള പ്രലോഭനമാണിത്. പിതാവിനോടൊപ്പം ഉള്ള ഈശോയുടെ ദൈവിക സത്തയെ നിരാകരിക്കുന്നത് ഇന്നും വിവിധ രീതികളിൽ നമുക്കു കാണാനാകും. ഈശോയെ ഒരു ധാർമിക പ്രബോധകനോ ആത്മീയവ്യക്തിയോ ദൈവികശക്തിയോ ആയി കരുതുന്നതിൽ അത് എത്തിനിൽക്കുന്നു. അതുകൊണ്ട് ഈശോ ആരാണ് എന്ന കാര്യത്തിൽ കൗൺസിൽ നൽകിയ പ്രബോധനം അർഥശങ്കയില്ലാതെ മാർപാപ്പ ആവർത്തിക്കുന്നു. ഈശോ പിതാവിൽനിന്നുള്ള ആദ്യജാതനും സൃഷ്ടിക്കപ്പെടാത്തവനും പിതാവിനോടൊപ്പം ഏക സത്തയുമാകുന്നു.




**എല്ലാ ക്രൈസ്തവർക്കിടയിലും ഐക്യവും അനുരഞ്ജനവും കൈവരിക്കുന്നതിനായി നാം ഒരുമിച്ച് നടക്കണം. വൈവിധ്യം ഇല്ലാത്ത ഐക്യം സ്വേച്ഛാധിപത്യവും ഐക്യം ഇല്ലാത്ത വൈവിധ്യം ശിഥിലീകരണവുമാണ് എന്ന് മാർപാപ്പ ഈ പ്രബോധനത്തിലൂടെ അടിവരയിടുന്നു. ക്രൈസ്തവർക്കിടയിലെ ഐക്യം നമ്മെ ദരിദ്രരാക്കുന്നില്ല, മറിച്ച് സമ്പന്നരാക്കുന്നു.**

## 2. പുത്രന്റെ ദൈവികത മനുഷ്യരക്ഷയ്ക്ക് അനിവാര്യം

ദൈവത്തിനു മാത്രമേ മനുഷ്യരക്ഷ സാധ്യമാക്കാൻ കഴിയൂ. ഈശോ പൂർണ്ണദൈവമല്ലെങ്കിൽ മനുഷ്യരക്ഷ സാധ്യമാകില്ല. സഭാപിതാക്കന്മാരെ ഉദ്ധരിച്ചുകൊണ്ട് മാർപാപ്പ മനുഷ്യാവതാരത്തിന്റെ ആന്തരികത അവതരിപ്പിക്കുന്നു. മനുഷ്യാവതാരം മനുഷ്യനോടുള്ള ദൈവത്തിന്റെ പൂർണമായ സ്നേഹത്തിന്റെ പ്രതിഫലനമാണ്. മനുഷ്യൻ ആത്മശരീരങ്ങളോടെ വീണ്ടെടുക്കപ്പെടുന്നതും ഈ മനുഷ്യാവതാരത്തിന്റെ ക്രിസ്തുരഹസ്യത്തിന്റെ ഫലമാണ്. ഈ യാഥാർഥ്യം ഏറ്റുപറയുന്നില്ലെങ്കിൽ ക്രിസ്തുമതം ഒരു ധാർമികദാർശനിക സംഹിതയായി മാറും.

## 3. ആര്യനിസത്തിന്റെ ആധുനിക പ്രതിരൂപങ്ങൾ

ആരിയൂസിനെ സംബന്ധിച്ചിടത്തോളം പുത്രൻ മധ്യവർത്തിയായ സത്തയാണ്, പുത്രൻ പിതാവിനെ പൂർണമായി അറിയുന്നില്ല, അവൻ മാറ്റങ്ങൾക്ക് വിധേയനമാണ്. പാപ്പായുടെ വീക്ഷണത്തിൽ ഇതിനു സമാനമായ ആശയങ്ങൾ ഇന്നും പ്രചരിക്കപ്പെടുന്നു ക്രിസ്തുമതം ഒരു പ്രചോദനമാണ്, ഈശോ വ്യതിരക്തനായ പ്രവാചകനാണ്, ദൈവം ഒരു ആത്മീയശക്തി മാത്രമാണ് തുടങ്ങിയവയാണവ. ഈ അപ്പസ്തോലിക പ്രബോധനത്തിലൂടെ ദൈവം മനുഷ്യനായതിലൂടെ മനുഷ്യന് കൈവന്ന രക്ഷണീയ നേട്ടവും മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യവും വിശകലനം ചെയ്യുന്ന തലങ്ങളെയും മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു.

## 3. വിശ്വാസത്തിന്റെ ഐക്യം സത്യത്തിലുള്ള കൂട്ടായ്മ

ക്രിസ്തുവാകുന്ന സത്യത്തിലുള്ള പൂർണ്ണമായ ഐക്യമാണ് സഭകൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം. നിഖ്യാ കൗൺസിലും ഈ സത്യത്തിലേക്കാണ് സഭയെ നയിച്ചത്. നിഖ്യാ വിശ്വാസപ്രമാണം ചരിത്രപരമായ ഒരു സംഭവം എന്നതിലുപരി കാലാതീതമായി ഈ വിശ്വാസം ഏറ്റുപറയാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ വിശ്വാസത്തിൽ അടിയുറച്ചുവേണം സഭകൾ നിലനിൽക്കുവാനും മുന്നോട്ടുപോകുവാനും. നിഖ്യാ വിശ്വാസപ്രമാണം ചരിത്രത്തിൽ ഉണ്ടായ മുറിവുകളെ ഉണക്കുകയും സാക്ഷ്യത്തിന്റെ തലം തമ്മിൽ രൂപപ്പെടുത്തുകയും വേണം. മാർപാപ്പ പറയുന്നു: സഭ ക്രിസ്തുവിനെ നഷ്ടപ്പെടുത്തരുത്. ഈശോ പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനും ആകുന്നിടത്തേ ക്രിസ്തുമതം യഥാർഥസുവിശേഷം ആവുകയുള്ളൂ.

## ഉപസംഹാരം

എല്ലാ ക്രൈസ്തവർക്കിടയിലും ഐക്യവും അനുരഞ്ജനവും കൈവരിക്കുന്നതിനായി നാം ഒരുമിച്ച് നടക്കണം. വൈവിധ്യം ഇല്ലാത്ത ഐക്യം സ്വേച്ഛാധിപത്യവും ഐക്യം ഇല്ലാത്ത വൈവിധ്യം ശിഥിലീകരണവുമാണ് എന്ന് മാർപാപ്പ ഈ പ്രബോധനത്തിലൂടെ അടിവരയിടുന്നു. ക്രൈസ്തവർക്കിടയിലെ ഐക്യം നമ്മെ ദരിദ്രരാക്കുന്നില്ല, മറിച്ച് സമ്പന്നരാക്കുന്നു. നിഖ്യായിലെന്നപോലെ പരസ്പര ശ്രവണത്തിന്റെയും സ്വീകാര്യതയുടെയും ക്ഷമയുടെയും ദീർഘവും ബുദ്ധിമുട്ടുള്ളതുമായ ഒരു യാത്രയിലൂടെ ഇത് സാധ്യമാകും. എല്ലാവരിൽനിന്നും മാനസാന്തരവും പരിവർത്തനവും ആവശ്യമുള്ള ഒരു ആത്മീയവെല്ലുവിളിയായി മാർപാപ്പ ഇതിനെ കാണുന്നു. ■

---

സിനഡനന്തര സർക്കുലർ 3-ാം പേജ് തുടർച്ച

ബാനയർപ്പണം നടപ്പിലാക്കണം എന്ന സഭയുടെ തീരുമാനം, എറണാകുളം-അങ്കമാലി അതിരൂപതയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളെ സിനഡ് അനുഭാവപൂർവം പരിഗണിക്കുന്നു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച ഏകീകൃത വിശുദ്ധ കുർബാനയർപ്പണത്തെ സംബന്ധിച്ചുള്ള സിനഡിന്റെ തീരുമാനം മാറ്റമില്ലാതെ തുടരുന്നതാണ്. ഏകീകൃത കുർബാന അർപ്പണത്തിനുവേണ്ടി ആഗ്രഹിക്കുകയും നിലപാടെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത രൂപതക്കളെയും വ്യക്തികളെയും സഭ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ഘട്ടം ഘട്ടമായി ഏകീകൃത വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കാനുള്ള സിനഡ് തീരുമാനത്തോട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ക്രൈസ്തവ അരൂപിക്കു ചേരാത്ത പ്രതിഷേധങ്ങളുടെ മാർഗം വെടിഞ്ഞു, അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കാൻ ബന്ധപ്പെട്ട ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

### വൈദികപരിശീലനത്തിന്റെ കാലോചിതനവീകരണം

മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനായി വൈദിക പരിശീലനം കാലോചിതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്ന് സീറോമലബാർ സഭയുടെ മെത്രാൻ സിനഡ് വിലയിരുത്തി. സുവിശേഷ പ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലത്തിന്റെ അനിവാര്യതയാണ്. ആത്മീയവും ദൈവശാസ്ത്രപരവുമായ അറിവിനോടൊപ്പം, വൈദികാർഥികൾ മാനസികമായ പക്വതയും സാമൂഹിക പ്രതിബദ്ധതയും ആധുനിക സാങ്കേതികവിദ്യകളിൽ നൈപുണ്യവും ഉള്ളവരായി വളരേണ്ടതുണ്ട്. വൈദിക പരിശീലനത്തെ കുറിച്ച് സിനഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ ഗവേഷണങ്ങളും പഠനങ്ങളും വർഷങ്ങളായി നടന്നുവരികയായിരുന്നു. അവയുടെ വെളിച്ചത്തിൽ നവീകരിച്ച പരിശീലന പദ്ധതിക്ക് സിനഡ് വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം അന്തിമരൂപം നൽകിയിട്ടുണ്ട്. ഇവ നടപ്പിൽ വരുത്തുന്നതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലനകാലഘട്ടത്തിൽ കാതലായ ചില നവീകരണങ്ങൾക്ക് സിനഡ് അംഗീകാരം നൽകുകയും ഈ രംഗത്തുള്ള എല്ലാവരുടെയും പങ്കാളിത്തത്തോടെ അത് നടപ്പിലാക്കാൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

### അജപാലനത്തിലും സുവിശേഷവത്കരണത്തിലും മുന്നോട്ട്

കേരളത്തിന് പുറത്ത് പുതിയ അതിരൂപതകളും വിവിധ രാജ്യങ്ങളിൽ അജപാലന സംവിധാനങ്ങളുമായി സീറോമലബാർ സഭ വളർച്ചയുടെ പടവുകൾ കയറുമ്പോൾ, ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വവും വർധിക്കുകയാണ്. സഭയുടെ പൈതൃകവും ആത്മീയതയും മുറുകെപ്പിടിച്ചുകൊണ്ട് തന്നെ, വ്യത്യസ്ത സംസ്കാരങ്ങളിലുള്ളവരുമായി സംവാദത്തിൽ ഏർപ്പെടാനും മിശിഹായുടെ സ്നേഹം സാർവത്രികമായി പ്രഘോഷിക്കാനും നാം കടപ്പെട്ടവരാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കാൻ പ്രാപ്തരായ കൂടുതൽ മിഷനറിമാരെ വാർത്തെടുക്കാനും, തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും, സഭയെക്കുറിച്ചും അഭിമാനബോധമുള്ളവരായി സഭാസന്താനങ്ങളെ വളർത്തിയെടുക്കാനും സഹായകമാകുന്ന ഒരു അജപാലന പദ്ധതി ജീവൻ ജ്യോതി സീറോമലബാർ മിഷനറി മൂവ്മെന്റ് നാം ആരംഭിക്കുകയാണ്. സുവിശേഷവത്കരണം നമ്മുടെ പ്രഥമദൗത്യമാകയാൽ, കൂടുതൽ വൈദിക സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ കുടുംബങ്ങൾ പ്രത്യേക താല്പര്യം കാണിക്കേണ്ടതുണ്ട്.

ജൂബിലിവർഷം സമാപിച്ചെങ്കിലും, അത് നമ്മുടെ ഹൃദയങ്ങളിൽ വിതച്ച പ്രത്യാശയുടെയും കാരുണ്യത്തിന്റെയും വിത്തുകളെ നമുക്ക് പരിപോഷിപ്പിക്കാം. 'ജൂബിലി വർഷം സമാപിക്കുമ്പോഴും, പ്രത്യാശയുടെ തീർഥാടനം തുടരുകയാണെന്ന്' ലെയോ പതിനാലാമൻ മാർ പാപ്പയുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ. ■

# ദൈവകൃപയുടെ 160 വർഷങ്ങൾ

## കേരളസഭയിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനിസമൂഹമായ സിഎംസി 160–ാം വർഷത്തിൽ

1866 ഫ്രെബുവരി 13 ന് നിഷ്പാദുക കർമലീത്ത മൂന്നാംസഭ (TOCD) എന്ന പേരിൽ കൂനമ്മാവിൽ കേരള സുറിയാനി കത്തോലിക്കരുടെ അന്നത്തെ വികാരി ജനറാൾ ആയിരുന്ന വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ചതാണ് ഈ സന്യാസിനീസമൂഹം. ഇറ്റാലിയൻ കർമലീത്ത മിഷനറി ഫാ. ലെയൊപ്പോൾദ് OCD യാണ് ഈ സന്ന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപകൻ. അന്ന് കേരളത്തിലെ പ്രൊവിൻഷ്യൽ ഡെലഗേറ്റ് ആയിരുന്നു അദ്ദേഹം. ഏലീശ്വാ വാകയിൽ (വാഴ്ത്തപ്പെട്ട മദർ ഏലീശ്വ), അന്ന വാകയിൽ, ത്രേസ്യ വൈപ്പിശ്ശേരി, ഏലീശ്വ പുത്തനങ്ങാടി (ക്ലാര) എന്നിവരായിരുന്നു ആദ്യ അംഗങ്ങൾ.

1887 മെയ് 20 ന് മാർ ലെയോ പതിമൂന്നാമൻ പാപ്പ പുറപ്പെടുവിച്ച Quod iam Pridem എന്ന തിരുവെഴുത്ത് വഴി സുറിയാനിസഭയെ ലത്തീൻ ഭരണാധികാരത്തിൽ നിന്ന് വേർപെടുത്തി സുറിയാനിക്കാർക്കായി വികാരിയാത്തുകൾ സ്ഥാപിച്ചു കൽപ്പന പുറപ്പെടുവിച്ചത് ഈ സന്ന്യാസിനീസമൂഹത്തിന്റെ ചരിത്രത്തിലും വഴിത്തിരിവായി. 1890 ഏപ്രിൽ 18 ന് കുനമ്മാവ് മഠം തൃശൂർ വികാരിയാത്തിന് പരിശുദ്ധ സിംഹാസനം നൽകിയതിനാൽ ലത്തീൻ സഭാംഗങ്ങളായി കൂനമ്മാവ് മഠത്തിൽ ഉണ്ടായിരുന്ന ഏഴ് പേർ 1890 സെപ്റ്റംബർ 17 ന് വരാപ്പുഴയിലേക്ക് മാറുകയും ലത്തീൻ റീത്തിന് കീഴിലാകുകയും ചെയ്തു. ഈ സ്വതന്ത്രഘടകമാണ് ഇന്ന് Congregation of Theresian Carmelites (CTC) എന്നറിയപ്പെടുന്ന സന്ന്യാസിനീസമൂഹം.

സുറിയാനി റീത്തിൽപ്പെട്ട സമൂഹാംഗങ്ങൾ തൃശൂർ, എറണാകുളം, ചങ്ങനാശേരി, പാലാ, കോതമംഗലം, തലശേരി എന്നീ രൂപതകളിൽ നാല് മദർ ജനറൽമാരുടെ കീഴിൽ വളർന്നുവന്നു. 1963 നവംബർ 16 ന് ഈ സന്ന്യാസിനീസമൂഹം മദർ ജനറലിന്റെ കീഴിൽ ഒന്നിപ്പിക്കപ്പെടുകയും രൂപതാ ഘടകങ്ങൾ പ്രോവിൻസുകൾ ആയിത്തീരുകയും ചെയ്തു. 1967 മാർച്ച് 20 ന് ഈ സമൂഹം Congregation of the Mother of Carmel (CMC) എന്നപേരിൽ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 'പ്രണിധാന പ്രവർത്തന സമന്വയത്തിലൂടെ ആത്മവിശുദ്ധിയും ദൈവജനത്തിന്റെ വിശിഷ്യാ, സ്ത്രീകളുടെയും കുട്ടികളുടെയും രക്ഷാകര സമുദ്ധാരണവും' എന്നതാണ് ഈ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകസിദ്ധി. 'വിശുദ്ധരാകുക മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കുക' എന്നതാണ് സാരാംശം.



കേരളത്തിൽ സാധാരണക്കാർക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ അന്നത്തെ സമൂഹത്തിന്റെ പ്രത്യേകിച്ച്, സ്ത്രീകളുടെയും കുട്ടികളുടെയും ആത്മീയവും ഭൗതികവും തൊഴിൽപരവുമായ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച ഈ സന്ന്യാസിനീസമൂഹം ദൈവകൃപയുടെ 160ാം വർഷത്തിൽ ആയിരിക്കുമ്പോൾ 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുനാഥന്റെ ആഹ്വാനം അനുസരിച്ച് ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഓഷ്യാനിയ എന്നീ ആറ് ഭൂഖണ്ഡങ്ങളിലായി 25 പ്രോവിൻസുകളിലും നാല് റീജനുകളിലുമായി ആറായിരത്തോളം സിസ്റ്റേഴ്സ് സമർപ്പണ ധീരതയോടെ ശുശ്രൂഷ ചെയ്യുന്നു. സിഎംസി ആത്മചൈതന്യം ഉൾക്കൊണ്ട് സുവിശേഷത്തിന്റെ വെളിച്ചം പകരുന്ന സമർപ്പിതരാകാൻ ആഗ്രഹിച്ച് കടന്നുവന്നിരിക്കുന്ന 343 അംഗങ്ങൾ പരിശീലനഘട്ടത്തിലാണ്.

സിഎംസിയുടെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ട പുണ്യദിനമാണ് 2014 നവംബർ 23. ആത്മരക്ഷയും ആത്മാക്കളുടെ രക്ഷയും ലക്ഷ്യം വച്ച് ആരംഭിച്ച ഈ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകപിതാവ് ചാവറ കുരിയാക്കോസ് ഏലിയാസച്ചനും സന്ന്യാസിനീസമൂഹാംഗമായ സിസ്റ്റർ എവുപ്രാസ്യയും വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട അവിസ്മരണീയ ദിനം. കേരളസഭ വിശുദ്ധരാൽ സമ്പന്നമാക്കപ്പെടണമെന്ന വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ആഗ്രഹത്തിന്റെ സാക്ഷാത്കാരമെന്നോണം വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട മദർ ഏലീശ്വ, ദൈവദാസി മദർ മേരി സെലിൻ എന്നിവരുടെ ജീവിതമാതൃക അനുകരണീയമാണ്.

ക്രിസ്തീയരൂപീകരണം, വിദ്യാഭ്യാസപ്രേഷിതത്വം, സാമുഹ്യസമുദ്ധാരണം, ആതുരശുശ്രൂഷ, മാധ്യമപ്രേഷിതത്വം തുടങ്ങിയവയാണ് പ്രധാന പ്രേഷിത മേഖലകൾ. ആർഷഭാരത സംസ്കാരത്തിൽ വേരൂന്നി മാർതോമ്മ പൈതൃകം ഏറ്റുവാങ്ങി കർമലീത്ത സന്ന്യാസിനീ സമൂഹമായി ജന്മമെടുത്ത സിഎംസി അതിന്റെ തനിമയും ലക്ഷ്യവും നഷ്ടമാക്കാതെ ദൈവപരിപാലനയുടെ തണലിൽ ദൈവശുശ്രൂഷയുടെ വഴിയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുന്നു. ■

# മദ്യാസക്തി ഒഴിവാക്കാൻ മനഃശാസ്ത്ര ചികിത്സാ സമീപനങ്ങൾ

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**

മദ്യപാനം ഒരു വ്യക്തിയുടെ നിയന്ത്രണത്തിന് പുറത്തുപോകുന്ന അവസ്ഥയെയാണ് മദ്യപാനാസക്തി (Alcoholism) എന്ന് വിളിക്കുന്നത്. ആസക്തിയുടെ പ്രധാന ലക്ഷണങ്ങൾ നിയന്ത്രണമില്ലായ്മയാണ് അഥവാ അമിതമായി കുടിക്കുകയാണ്. മദ്യം കഴിക്കാനായി മനസ്സ് എപ്പോഴും വെമ്പൽ കൊള്ളുക (Craving). മദ്യം കിട്ടാതാകുമ്പോൾ കൈകാലുകൾ വിറയ്ക്കുക, വിയർക്കുക, ഉറക്കമില്ലായ്മ, ദേഷ്യം എന്നിവ ഉണ്ടാവുക (With drawl Symptoms) എല്ലാറ്റിലും മുൻഗണന മദ്യപാനത്തിന് കൊടുക്കുക .ഇവിടെയാണ് മന:ശാസ്ത്രചികിത്സാ സമീപനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

മദ്യപാനം മരണത്തിലേക്കെത്തുന്ന സിറോസിസ് (Alcoholic Cirrhosis) എന്ന അസുഖത്തിന് കാരണമാകുന്നുവെന്ന യാഥാർഥ്യവും അംഗീകരിക്കുക. സാധാരണ മരണമല്ല, വർഷങ്ങളോളം രോഗബാധിതനായി കിടക്കേണ്ടിവരുന്നു. ഓർമ്മകൾ നശിച്ച് ഉറ്റവരെയും ഉടയവരെയും തിരിച്ചറിയാനാകാതെ വഴിയിൽ അലഞ്ഞുതിരിയുന്ന അവസ്ഥയ്ക്കും മദ്യം കാരണമാകുന്നുവെന്ന യാഥാർഥ്യവും അംഗീകരിക്കുക. യാഥാർഥ്യങ്ങൾ അംഗീകരിക്കുന്നത് മനഃസമാധാനം കളയും എന്നതുകൊണ്ട് ഈ യാഥാർഥ്യങ്ങളെ നിഷേധിക്കാനോ (Denial) അവയിൽ നിന്ന് ഒളിച്ചോടാനോ ഉള്ള വാസന ഉണ്ടെന്നത് ശ്രദ്ധിക്കുക.



യാഥാർഥ്യങ്ങൾ ഒരിക്കൽ അംഗീകരിച്ചാൽ മദ്യപാനം നിർത്തുന്നതിനുള്ള തീരുമാനം എടുക്കുക. തുടർന്ന് ഒരു മാനസികാരോഗ്യവിദഗ്ധനെ കാണുക. കാരണം മദ്യം പെട്ടെന്ന് ശരീരത്തിൽ ചെല്ലാതായാൽ വിറയലും മറ്റും അനുഭവപ്പെട്ടേക്കാം. ഇത് ഒഴിവാക്കാൻ മരുന്നുകൾ ആവശ്യമാണ്. മാത്രമല്ല മദ്യപാനം പെട്ടെന്ന് നിർത്തുമ്പോൾ മറ്റു പല അസ്വസ്ഥതകളും ഉണ്ടായേക്കാം. അതുകൊണ്ടാണ് പലരും ഒരിക്കൽ നിർത്തിയതിനുശേഷം വീണ്ടും മദ്യം കഴിക്കുന്നത്. എന്നാൽ ഈ അസ്വസ്ഥതകളെ ഒഴിവാക്കാൻ മരുന്നുകൾക്ക് സാധിക്കും. അതുകൊണ്ട് തുടർന്നു കുടിക്കണം എന്ന തോന്നൽ ഉണ്ടാവുകയില്ല.

മദ്യപാനം മൂലം ശരീരത്തിലുണ്ടായിട്ടുള്ള മാലിന്യങ്ങൾ മുഴുവൻ കഴുകിപ്പോകാൻ ഒരാഴ്ച സമയമെടുക്കും. ഈ സമയം മാലിന്യങ്ങൾ ഒഴുക്കിക്കളയുന്ന മരുന്ന്, വൈറ്റമിൻ ബി, വിശ്രമം, നല്ല ആഹാരം, ധാരാളം വെള്ളം എന്നിവയെല്ലാം വേണം. ചികിത്സയിൽ വൈദഗ്ധ്യം നേടിയിട്ടുള്ളത് സൈക്യാട്രിസ്റ്റുകളാണ്. ചികിത്സയുടെ ഈ ഘട്ടത്തെ ഡിറ്റോക്സിഫിക്കേഷൻ (Detoxification) എന്നു പറയുന്നു. ഒരിക്കൽ രോഗി ഈ ഘട്ടം തരണം ചെയ്താൽ വീണ്ടും മദ്യപാനം തുടങ്ങാതിരിക്കാനുള്ള മുൻകരുതലുകൾ ആവശ്യമാണ്. മദ്യത്തിനോടുള്ള ആസക്തി കുറയ്ക്കുന്ന മരുന്നുകൾ (Anti craving Drugs) ഇന്ന് ലഭ്യമാണ്. ഈ മരുന്നുകൾ ക്രമമായി കഴിച്ചാൽ നല്ലൊരു ശതമാനം പേരിലും മദ്യവിമുക്ത ജീവിതം സാധ്യമാണ്.

മദ്യം നിർത്തിയാൽ ജീവിതത്തിൽ അതിനു പകരം വെക്കാൻ എന്തുണ്ട് എന്ന ചോദ്യം മദ്യപരെ വളരെയധികം അലട്ടാറുണ്ട്. രോഗിക്ക് ഈയവസരത്തിൽ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സഹായം വിലപ്പെട്ടതാണ്. പുതിയ തൊഴിൽ, വിനോദവേളകൾ, സുഹൃദ്ബന്ധങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കാൻ അയാൾക്ക് സഹായം വേണ്ടിവരും. അതുപോലെ കൗൺസലിംഗിനും സഹായം ചെയ്തുകൊടുക്കണം. സുഹൃത്തുക്കളിൽ നിന്നുള്ള പ്രലോഭനവും മദ്യം വിളമ്പുന്ന ചടങ്ങുകളും കഴിയുന്നതും ഒഴിവാക്കുക,. മദ്യപാനം നിർത്തി ഏറെ നാളുകൾ കഴിഞ്ഞ് തികഞ്ഞ ആത്മവിശ്വാസം കൈവരിച്ചതിനുശേഷം മാത്രം ഇത്തരം ചടങ്ങുകളിൽ പങ്കെടുക്കുന്നതായിരിക്കും അഭികാമ്യം.

മദ്യം നിർത്തി ഏറെ നാളുകൾക്കുശേഷം ഒരിക്കൽ കുടിച്ചാൽ അതിനെ ഒരു അവസരത്തിലെ കുടി മാത്രമായി ഒതുക്കുക. ഒരിക്കൽ കുടിച്ചുപോയി, അതുകൊണ്ട് ഇനി കുടി തുടരാം എന്നത് അപകടം പിടിച്ച ന്യായവാദമാണ്. ഒരിക്കൽ കുടിച്ചു എന്നു കരുതി വീണ്ടും കുടിക്കണമെന്നില്ല. കുടുംബാംഗങ്ങൾ വിശേഷിച്ചു ഭാര്യമാർ സൗമ്യതയോടും പരിഗണനയോടും കൂടി മദ്യപന്മാരെ സമീപിക്കുന്നത് മദ്യപാനം നിർത്താൻ അവർക്ക് പ്രചോദനമായേക്കും. ഒരിക്കൽ മദ്യപാനം നിർത്തിയാൽ അതിനെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ സ്നേഹവും ശ്രദ്ധയും കാണിക്കുകയും വേണം. ആൾക്കഹോൾ അനോണിമസ് ഗ്രൂപ്പ് (A A Group) മദ്യപാനത്തിൽ നിന്നും മോചനം നേടാൻ ശ്രമിക്കുന്നവരുടെ ഒരു കൂട്ടായ്മയാണ്. പരസ്പര ആശയവിനിമയത്തിലൂടെയും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിലൂടെയും പലർക്കും ഇതിൽ നിന്നും പ്രയോജനം ലഭിക്കാറുണ്ട്.

ആത്മീയത മദ്യപാനികൾക്ക് വലിയൊരു ഔഷധമാണ്. പ്രസിദ്ധനായ മനഃശാസ്ത്രജ്ഞൻ കാൾ ഗുസ്താവ് യുംങ് എല്ലാതരത്തിലുള്ള ചികിത്സാവിധിയിലൂടെയും ഒരു മദ്യപാനിയെ കടത്തിവിട്ടതിനുശേഷം ഫലം ലഭിക്കാതെ വന്നപ്പോൾ, പിന്നീട് ആത്മീയതയിലേക്ക് നയിച്ചപ്പോൾ വലിയ ഫലമുള്ളതായി അദ്ദേഹം വിവരിക്കുന്നുണ്ട്. മദ്യവിമുക്തജീവിതം ഒരു പുനരുത്ഥാനമാണ്. ദീർഘകാലം ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ മദ്യത്തിൽ നിന്നുള്ള മോചനം നീണ്ട പ്രക്രിയയാണ്; പ്രയാസമേറിയതുമാണ്. പക്ഷേ ദൃഢനിശ്ചയംകൊണ്ടും ഉത്സാഹം കൊണ്ടും അത് സാധ്യമാണ്. മദ്യമില്ലാത്ത ജീവിതം ഒരിക്കൽ ശീലിച്ചുതുടങ്ങിയാൽ പിന്നീട് അനവധി പേർ അതാസ്വദിച്ചു തുടങ്ങുന്നു. സമൂഹത്തിൽ പുതിയ സ്ഥാനം, ജീവിതത്തിന് പുതിയ അർഥം എന്നിവ അത് നല്കുന്നു. ■

# മനസമ്മതത്തിന്റെ കാനോനിക വശങ്ങൾ

CANON LAW

**റവ. ഡോ. ജോഷി കുളത്തുങ്കൽ**

പൗരസ്ത്യസഭകളുടെ അതിപുരാതനമായ പാരമ്പര്യത്തിൽ വിവാഹത്തിനുമുമ്പുള്ള വിവാഹവാഗ്ദാനം അതാതു സ്വയാധികാരസഭയുടെ പാരമ്പര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അധിഷ്ഠിതമാണ് (can. 782 §1, CCEO). അതിനാൽ ഓരോ സഭയുടെയും പ്രത്യേകനിയമം ഇക്കാര്യം നിയന്ത്രിക്കുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ ഇത് 'പറഞ്ഞൊക്കൽ' 'മനസ്സമ്മതം', 'ഒത്തുകല്ല്യാണം', 'കൂടിക്കാഴ്ച' എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. വധൂവരന്മാരുടെ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളുമാണ് പ്രധാനമായും ഈ കർമ്മത്തിൽ പങ്കാളികളാകുന്നത്. വിവാഹവാഗ്ദാനം നടന്നുവെന്നതിന്റെ പേരിൽ വിവാഹം നിർബന്ധമായും നടത്തണമെന്ന് നിയമം അനുശാസിക്കുന്നില്ല. എന്നാൽ എന്നാൽ അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നഷ്ടത്തിന് മറുകക്ഷി പരിഹാരം കൊടുക്കേണ്ടതാണ് (can. 782 §2, CCEO).

സീറോമലബാർസഭയുടെ പ്രത്യേക നിയമം art. 154 മുതൽ 162 വരെയുള്ള ഭാഗത്താണ് മനസ്സമ്മതത്തെപ്പറ്റി പ്രതിപാദിക്കുന്നത്. വാഹത്തിനുമുമ്പ് മനസ്സമ്മതം നടത്തേണ്ടതാണ്. വിവാഹ പരസ്യത്തിന് (publication of banns) ആവശ്യമായ സമയം ലഭിക്കത്തക്ക വിധത്തിൽ ആയിരിക്കണം ഇത് നടത്തേണ്ടത്. വധൂവരന്മാരിൽ ആരുടെയെങ്കിലും സ്ഥലമേലദ്ധ്യക്ഷന്റെയോ ഇടവകവികാരിയുടെയോ മുമ്പിലോ അവരാൽ നിയോഗിക്കപ്പെടുന്ന ഒരു വൈദികന്റെയോ ഡീക്കന്റെയോ മുമ്പിലോ, രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ ഇടവക ദേവാലയത്തിൽ വച്ച് മനസ്സമ്മതം നടത്താവുന്നതാണ്. സാധാരണയായി ഈ വാഗ്ദാനം വധുവിന്റെ ഇടവകപള്ളിയിൽവച്ചാണ് നടത്തുന്നത്. എന്നാൽ വധൂവരന്മാരുടെ സൗകര്യം അനുസരിച്ച് ഇടവക വികാരിയുടെ അനുവാദത്തോടെ മറ്റേതെങ്കിലും ദൈവാലയത്തിൽ വച്ച് നടത്താവുന്നതാണ്. ദൈവാലയത്തിൽ അല്ലാതെ മറ്റു സ്ഥലങ്ങളിൽ വച്ച് നടത്തണമെങ്കിൽ സ്ഥലമേലദ്ധ്യക്ഷന്റെ അനുവാദം ആവശ്യമാണ്.

മനസ്സമ്മത കുറിയോ (Form A) അതിനു സമാനമായ രേഖയോ ലഭിച്ചതിനുശേഷം മാത്രമേ മനസ്സമ്മതം നടത്താൻ പാടുള്ളൂ. മനസ്സമ്മതകർമ്മം സീറോമലബാർസഭയുടെ സിനഡ് അംഗീകരിച്ച കർമ്മക്രമം അനുസരിച്ച് നിർവഹിക്കണം. വിവാഹനിശ്ചയം ഒരു കൂദാശാനുകരണം മാത്രമായതുകൊണ്ട്, അത് വിശുദ്ധ കുർബാനയോടൊപ്പം നടത്താറില്ല. ഞായറാഴ്ചകളിലോ മറ്റ് കടപ്പെട്ട ദിവസങ്ങളിലോ ആണ് നടത്തുന്നതെങ്കിൽ, ഈ ചടങ്ങിന് മുമ്പോ ശേഷമോ വിശുദ്ധ കുർബാന അർപ്പിക്കാവുന്നതാണ്. മനസ്സമ്മതം നടന്ന വിവരം അതിനുള്ള രജിസ്റ്ററിൽ എഴുതി ചേർക്കുകയും അതിൽ വധൂവരന്മാരും സാക്ഷികളും കാർമ്മികനും ഒപ്പുവയ്ക്കുകയും ചെയ്യണം. മനസമ്മതം നടത്തിയ ശേഷം വിവാഹപ്പരസ്യകുറി (Form B) മുഖാന്തരം വരന്റെ അല്ലെങ്കിൽ വധുവിന്റെ ഇടവക വികാരിയെ അക്കാര്യം അറിയിക്കേണ്ടതാണ്. മിശ്രവിവാഹങ്ങൾക്ക് മുമ്പ് മനസ്സമ്മതം അനുവദിക്കേണ്ടതുണ്ടോ എന്ന് അപേക്ഷയുടെ സ്വഭാവം മനസ്സിലാക്കി സ്ഥലമേലദ്ധ്യക്ഷനു തീരുമാനിക്കാവുന്നതാണ്. കാനോനികക്രമത്തിൽ നിന്ന് നിയമപരമായി ഒഴിവ് ലഭിച്ചശേഷം നടത്തുന്ന മിശ്രവിവാഹങ്ങൾക്ക് മനസ്സമ്മതം അനുവദിക്കാവുന്നതാണ്.

ന്യായമായ കാരണങ്ങൾ ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു കക്ഷിയുടെ സ്ഥലമേലദ്ധ്യക്ഷന് മനസമ്മതം നടത്തുന്നതിൽ നിന്ന് ഒഴിവു നൽകാവുന്നതാണ്. അതിനുള്ള അപേക്ഷ ഇരുകക്ഷികളും തങ്ങളുടെ ഇടവക വികാരിമാരുടെ സാക്ഷിപ്പോടെ നൽകിയാൽ മതിയാകും. അത്യാവശ്യ സന്ദർഭങ്ങളിൽ മനസ്സമ്മതം രേഖാമൂലവും നടത്താവുന്നതാണ്. വധുവും വരനും രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ അവരവരുടെ ഇടവക വികാരിയുടെ മുമ്പാകെ നിശ്ചയിക്കപ്പെട്ട വിവാഹത്തിനുള്ള തങ്ങളുടെ സമ്മതം എഴുതി വെളിപ്പെടുത്തുന്നതിനെയാണ് രേഖാമൂലം ഉള്ള മനസമ്മതം എന്ന് പറയുന്നത്. ഇരുകൂട്ടരുടെയും സമ്മതം ഇടവക വികാരിമാർ പരസ്പരം അറിയിക്കേണ്ടതാണ്. സ്ഥലമേലദ്ധ്യക്ഷന്മാർക്ക് മാത്രമേ ഇപ്രകാരമുള്ള മനസ്സമ്മതം അത്യാവശ്യം സന്ദർഭങ്ങളിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കുവാൻ അവകാശമുള്ളൂ. മനസ്സമ്മതത്തിനുശേഷം പ്രസ്തുത വിവാഹം നടത്തുവാൻ ഒരു കക്ഷി താത്പര്യപ്പെടുന്നില്ലെങ്കിൽ ആ കക്ഷിക്ക് സ്ഥലമേലദ്ധ്യക്ഷനിൽ നിന്ന് അനുവാദം വാങ്ങി മറ്റൊരു വ്യക്തിയുമായി വിവാഹം നടത്താവുന്നതാണ്.

# സ്വാതന്ത്ര്യം ബൈബിൾ വീക്ഷണത്തിൽ

ബൈബിൾ സംശയങ്ങൾ

**റവ. ഡോ. ടോം ഓലിക്കരോട്ട്**

മനുഷ്യന്റെ അന്തസ്സിന്റെ അടിസ്ഥാനം അവന് ദൈവം നൽകിയിരിക്കുന്ന തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമാണ്. ബൈബിൾ വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം 'എന്തും ചെയ്യാനുള്ള അവകാശമല്ല', മറിച്ച് 'സത്യവും നന്മയും പ്രവർത്തിക്കാനുള്ള കഴിവാകുന്നു'. സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടു മൂന്നു അടിസ്ഥാന ആശയങ്ങൾ ബൈബിൾ വ്യക്തമാക്കുന്നുണ്ട്.

1. സ്വാതന്ത്ര്യത്തിന്റെ ഉത്ഭവം. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഒരു യന്ത്രമായല്ല, മറിച്ചു, സ്വതന്ത്രമായാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സ്വാതന്ത്ര്യം അനിവാര്യമാണ്. 'കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്' (2 കൊരിന്ത്യർ 3:17). മനുഷ്യന്റെ ഈ സ്വാതന്ത്ര്യം ദൈവത്തിൽ നിന്നുള്ള ദാനമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. 'ആദിയിൽ കർത്താവു മനുഷ്യനെ സൃഷ്ടിച്ചു; അവനെ സ്വന്തം വിവേചനബുദ്ധിക്ക് (സ്വാതന്ത്ര്യത്തിന്) വിട്ടുകൊടുക്കുകയും ചെയ്തു (സഭാപ്രസംഗകൻ 15:14).'

2. ഉത്തരവാദിത്തപൂർണ്ണമായ തിരഞ്ഞെടുപ്പ്. സ്വാതന്ത്ര്യത്തോടൊപ്പം തന്നെ ഉത്തരവാദിത്തവും ദൈവം മനുഷ്യനെ ഏൽപ്പിച്ചിട്ടുണ്ട്. നന്മയും തിന്മയും ജീവിതത്തിന് മുൻപിൽ വെച്ചിട്ടുണ്ടെന്നും അതിൽ ജീവൻ തിരഞ്ഞെടുക്കണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. 'ഇതാ, ഇന്നു ഞാൻ നിന്റെ മുൻപിൽ ജീവനും നന്മയും മരണവും തിന്മയും വെച്ചിരിക്കുന്നു.' (ആവർത്തനം 30:15)

3. സ്വാതന്ത്ര്യം അടിമത്തമാകരുത്. സ്വാതന്ത്ര്യത്തെ ജഡികാഭിലാഷങ്ങൾക്കായുള്ള മറയാക്കരുത് എന്ന് വിശുദ്ധ പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നു. യഥാർഥ സ്വാതന്ത്ര്യം എന്നത് പാപത്തിൽ നിന്നുള്ള വിടുതലാണ്. 'സഹോദരരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡികാഭിലാഷങ്ങൾക്കുള്ള അവസരമാക്കരുത്; മറിച്ച് സ്നേഹത്തോടെ പരസ്പരം സേവിക്കുവിൻ.' (ഗലാത്തിയാ 5:13)

4. സത്യം നൽകുന്ന സ്വാതന്ത്ര്യം: ദൈവികസത്യം അറിയുമ്പോഴാണ് മനുഷ്യൻ യഥാർഥത്തിൽ സ്വതന്ത്രനാകുന്നത്. സ്വാർത്ഥതയിൽ നിന്നും പാപത്തിന്റെ കെട്ടുപാടുകളിൽ നിന്നും മോചിതനായി ദൈവഹിതത്തിന് അനുസൃതമായി ജീവിക്കുന്നതാണ് ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണത. 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.' (യോഹന്നാൻ 8:32) മനുഷ്യന്റെ സ്വാതന്ത്ര്യം ദൈവഹിതത്തോടു ചേർന്നുനിൽക്കുമ്പോഴാണ് സഫലമാകുന്നത്. സ്വാർത്ഥതയ്ക്കായി ഉപയോഗിക്കുന്ന സ്വാതന്ത്ര്യം നാശത്തിലേക്കും, മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കുന്ന സ്വാതന്ത്ര്യം നിത്യജീവിലേക്കും നയിക്കുന്നു.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബൈബിൾ ചിന്തകൾ ലളിതമാണെന്ന് തോന്നാമെങ്കിലും ആഴത്തിൽ ചിന്തിക്കുമ്പോൾ വൈരുദ്ധ്യങ്ങളോ പ്രായോഗികമായ വെല്ലുവിളികളോ നിറഞ്ഞ ചില വാക്യങ്ങളുണ്ട്.

### 1. അടിമത്തവും സ്വാതന്ത്ര്യവും തമ്മിലുള്ള വൈരുദ്ധ്യം

'എല്ലാവരെയും ബഹുമാനിക്കുവിൻ... സ്വതന്ത്രരെപ്പോലെ നടക്കുവിൻ; എന്നാൽ നിങ്ങളുടെ സ്വാതന്ത്ര്യം തിന്മയ്ക്കൊരു മറയാക്കരുത്. ദൈവത്തിന്റെ ദാസന്മാരെപ്പോലെ ജീവിക്കുവിൻ.' (1 പത്രോസ് 2:16-17) ഒരേ സമയം 'സ്വതന്ത്രരാകാൻ' പറയുകയും എന്നാൽ 'ദൈവത്തിന്റെ ദാസന്മാരായി (അടിമകളായി)' ജീവിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നത് വൈരുദ്ധ്യമായി തോന്നാം. ബൈബിൾ വീക്ഷണത്തിൽ സ്വാതന്ത്ര്യം എന്നാൽ എന്തിൽ നിന്നും വിമുക്തനാവുക എന്നതല്ല, മറിച്ച് 'ആരുടെ നിയന്ത്രണത്തിലാണ് നിങ്ങൾ' എന്നതാണ്. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിതനായി ദൈവത്തിന്റെ സ്നേഹപൂർണ്ണമായ കരുതലിന് കീഴിൽ വരുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം. ഇവിടെ 'ദാസൻ' എന്നത് ഭയത്താലുള്ള അടിമത്തമല്ല, മറിച്ച് സ്നേഹത്താലുള്ള സമർപ്പണമാണ്.

### 2. നിയന്ത്രണങ്ങളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ പരിമിതി

'എല്ലാറ്റിനും എനിക്ക് അനുവാദമുണ്ട്; എന്നാൽ എല്ലാം പ്രയോജനകരമല്ല. എല്ലാറ്റിനും എനിക്ക് അനുവാദമുണ്ട്; എന്നാൽ ഞാൻ ഒന്നിനും അടിമയാവുകയില്ല.' (1 കൊരിന്ത്യർ 6:12) 'എല്ലാറ്റിനും അനുവാദമുണ്ട്' എന്ന പ്രസ്താവന പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടാം. എന്തും ചെയ്യാമെന്നുള്ള ലൈസൻസ് ആയി ഇത് മാറാൻ സാധ്യതയുണ്ട്. പൗലോസ് അപ്പോസ്തലൻ ഇവിടെ വ്യക്തമാക്കുന്നത് ക്രൈസ്തവ സ്വാതന്ത്ര്യം ആത്മനിയന്ത്രണമുള്ളതാണ് എന്നാണ്. ഒരു കാര്യം ചെയ്യാൻ എനിക്ക് അവകാശമുണ്ടായിരിക്കാം, പക്ഷേ ആ പ്രവൃത്തി എന്നെയോ മറ്റുള്ളവരെയോ നന്മയിലേക്ക് നയിക്കുന്നില്ലെങ്കിൽ അത് സ്വാതന്ത്ര്യമല്ല. നമ്മെത്തന്നെ നശിപ്പിക്കുന്ന ഒരു കാര്യത്തിനുള്ള 'അനുവാദം' യഥാർത്ഥത്തിൽ നമ്മെ ആ കാര്യനത്തിന്റെ അടിമയാക്കി മാറ്റുകയാണ് ചെയ്യുന്നത്.

### 3. സ്നേഹം നിമിത്തം സ്വാതന്ത്ര്യം ഉപേക്ഷിക്കൽ

'നിങ്ങളുടെ ഈ സ്വാതന്ത്ര്യം ദുർബലർക്ക് തടസ്സമാകാതിരിക്കാൻ ശ്രദ്ധിക്കുവിൻ.' (1 കൊരിന്ത്യർ 8:9) എന്റെ സ്വാതന്ത്ര്യം ഞാൻ എങ്ങനെ ഉപയോഗിക്കുന്നു എന്നത് മറ്റുള്ളവരെ ബാധിക്കുന്നത് എന്തിനാണ് എന്ന ചോദ്യം ഇവിടെ ഉയരാം. എന്റെ അവകാശങ്ങൾ മറ്റൊരാൾക്ക് വേണ്ടി മാറ്റിവെക്കുന്നത് പ്രായോഗികമായി പ്രയാസമുള്ള കാര്യമാണ്. ക്രിസ്തീയ പൗരബോധത്തിന്റെ (Civic Sense) പരമോന്നത മാതൃകയാണിത്. എന്റെ പ്രവൃത്തികൾ മൂലം മറ്റൊരാളുടെ വിശ്വാസമോ ചിന്തയോ തകരുന്നുണ്ടെങ്കിൽ, അവിടെ എന്റെ 'അവകാശത്തേക്കാൾ' പ്രാധാന്യം സഹോദരനോടുള്ള 'സ്നേഹത്തിനാണ്'. അതായത്, സ്നേഹത്തിനുവേണ്ടി സ്വന്തം സ്വാതന്ത്ര്യം വേണ്ടെന്നു വെക്കാനുള്ള സ്വാതന്ത്ര്യമാണ് ഏറ്റവും വലിയ സ്വാതന്ത്ര്യം. ബൈബിൾ വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം അഹംഭാവത്തിൽ (Self-centeredness) നിന്നല്ല, മറിച്ച് ദൈവകേന്ദ്രീകൃതമായ (God-centeredness) സ്നേഹത്തിൽ നിന്നാണ് ഉദിക്കുന്നത്. ■

# ശിക്ഷയല്ല സ്നേഹമാണ് വേണ്ടത്

ഫാമിലി കോർണർ

തങ്ങൾ ആഗ്രഹിക്കുന്നതുപോലെ മക്കൾ ആകാത്തതും അനുസരണക്കേടു കാട്ടി അവർ തങ്ങളിൽ നിന്ന് അകന്നുപോകുന്നതും ഏതൊരു അപ്പന്റെയും അമ്മയുടെയും ഹൃദയത്തിലെ വേദനയാണ്. മക്കൾ തെറ്റു ചെയ്തുവെന്ന് അറിയുമ്പോൾ പൊട്ടിത്തെറിക്കുന്നവരും ശിക്ഷിക്കുന്നവരുമാണ് ഭൂരിപക്ഷം മാതാപിതാക്കളും. എന്നാൽ യഥാർഥ പേരന്റിംങ് രീതി അതല്ല എന്നാണ് വിശുദ്ധ ഡോൺ ബോസ്ക്കോ പറയുന്നത്.

നിരവധി യുവജനങ്ങളെ നേർവഴിയിലൂടെ നയിച്ച വിശുദ്ധൻ ശിക്ഷയിലൂടെയല്ല സ്നേഹത്തിലൂടെയാണ് പരിവർത്തനം സൃഷ്ടിക്കേണ്ടത് എന്ന് വിശ്വസിച്ച വ്യക്തിയായിരുന്നു. മാതാപിതാക്കൾ സ്നേഹിക്കുന്നുണ്ടെന്ന് മക്കൾക്ക് മനസിലാകുമ്പോൾ മാത്രമേ നല്കുന്ന ശിക്ഷ പോലും മക്കൾക്ക് ചികിത്സയായി മാറുകയുള്ളൂ. മാതാപിതാക്കൾ സ്നേഹിക്കുന്നില്ല എന്ന് വിചാരിക്കുന്ന ഒരു കുട്ടിക്ക് മാതാപിതാക്കളുടെ ശിക്ഷ ദ്രോഹമായിട്ടാണ് അനുഭവപ്പെടുന്നത്.

മക്കളുടെ കുരുത്തക്കേടിന് അവരെ ശാരീരികമായി ഉപദ്രവിക്കുന്നവരാണ് പല മാതാപിതാക്കളും. എന്നാൽ ഡോൺ ബോസ്ക്കോ ഈ രീതിക്ക് എതിരായിരുന്നു. ശാരീരികമായി ശിക്ഷിക്കുന്ന രീതിയെ വിശുദ്ധൻ പൂർണമായും എതിർത്തു. അത് കുട്ടിയുടെ ആത്മവിശ്വാസവും ആത്മാഭിമാനവും തകർക്കും എന്നായിരുന്നു വിശുദ്ധന്റെ നിരീക്ഷണം. ഹൃദയം വേദനിപ്പിക്കുന്ന ശിക്ഷകൾ കൊണ്ട് ആത്മാവ് വിശുദ്ധീകരിക്കപ്പെടില്ല എന്ന് ഡോൺബോസ്ക്കോ വിശ്വസിച്ചു. ശിക്ഷയെക്കാൾ സംഭാഷണമാണ് ഗുണകരം എന്ന ആശയമാണ് മറ്റൊന്ന്. കുട്ടിയോട് സംസാരിക്കുക നീയെന്തുകൊണ്ട് ഇങ്ങനെ ചെയ്തു, അല്ലെങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? കുറ്റത്തെ പോസ്റ്റ്മോർട്ടം ചെയ്യാതെ കുറ്റം ചെയ്യാനിടയായ കാരണം അന്വേഷിക്കുക. ഇത് കുട്ടിയെ തിരുത്താൻ സഹായകരമാകുമത്രെ.

കുട്ടി തെറ്റു ചെയ്തുവെന്നിരിക്കട്ടെ പക്ഷേ അതിന്റെ ശാസന പരസ്യമാകരുത് രഹസ്യമായിരിക്കണം. മറ്റുള്ളവരുടെ മുന്നിൽ വച്ച് കുട്ടിയെ ശാസിക്കുന്നത് അപമാനിക്കുന്നതിന് തുല്യമാണ്. വ്യക്തിത്വം തന്നെ വികലമായിപോകാൻ അതു കാരണമാകും. കുട്ടികൾ തെറ്റുകൾ ആവർത്തിക്കുന്നവരാണ്. വീഴും, എണീല്ക്കും. പക്ഷേ അവരെ തള്ളിക്കളയാതിരിക്കുക. മാതാപിതാക്കൾ അവരോട് തന്നെ ചോദിക്കുക എത്രയോ തവണ വീണുപോയിട്ടുള്ളവരാണ് നമ്മൾ. അതിനെക്കാൾ കുറ്റവിമുക്തരല്ലേ നമ്മുടെ മക്കൾ?

മക്കളുടെ പിഴവുകളെ പ്രതി അവരിലുള്ള പ്രതീക്ഷ നഷ്ടപ്പെടുത്താതിരിക്കുക. വിശ്വാസത്തോടെ അവരെ ദൈവകൃപയിലാശ്രയിച്ച് കൈപിടിച്ചുയർത്തുക. കുട്ടികളെ ദൈവത്തിലേക്ക് നയിക്കുകയാണ് മറ്റൊരു മാർഗം. അതിനായി പ്രാർഥന ശീലമാക്കുക. പ്രാർഥനയിൽ വിശ്വസിക്കാൻ മക്കളെ പ്രേരിപ്പിക്കുക. ഇതിനെക്കാളെല്ലാം പ്രധാനപ്പെട്ടതാണ് മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം. മക്കൾക്കു മുമ്പിൽ മാതൃകയോടെ ജീവിക്കാൻ ശ്രമിക്കണം. വിശുദ്ധൻ ഓർമ്മിപ്പിക്കുന്നു. ■

# വൈദികപരിശീലനത്തിൽ കാതലായ നവീകരണവുമായി സീറോമലബാർ മെത്രാൻ സിനഡ്



കാക്കനാട്: മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനായി വൈദികപരിശീലനം കാലോചിതമായി നവീകരിക്കാൻ സീറോമലബാർ സഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ ഒന്നാം സമ്മേളനം തീരുമാനിച്ചു. ജനുവരി ആറു മുതൽ 10 വരെ തീയതികളിലായി സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സമ്മേളനം മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

സഭ ആചരിക്കുന്ന 'സാമുദായിക ശക്തീകരണ വർഷം' കേവലം മുദ്രാവാക്യമല്ലെന്നും സുവിശേഷത്തിൽ നിന്ന് ഉത്ഭവിക്കുന്ന പ്രതിബദ്ധതയാണെന്നും മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടന പ്രസംഗത്തിൽ ഓർമിപ്പിച്ചു. സഭയുടെ ചൈതന്യവും വിശ്വാസ്യതയും അളക്കപ്പെടുന്നത് ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും നാം കാണിക്കുന്ന കാരുണ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ദരിദ്രർ, കൃഷിക്കാർ, നീതി നിഷേധിക്കപ്പെട്ടവർ എന്നിവരോടുള്ള കരുതൽ അജപാലനപരമായ മുൻഗണനകളിൽ പ്രകടമാകുന്ന വർഷമായി 2026 മാറണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. പന്ത്രണ്ട് രൂപതകളുടെ അതിർത്തികൾ പുനഃക്രമീകരിച്ചതും പുതിയ പ്രവിശ്യകൾ രൂപീകരിച്ചതും ഉൾപ്പെടെ സഭ കൈവരിച്ച വളർച്ചയെ ഉദ്ഘാടന പ്രസംഗത്തിനിടയിൽ മേജർ ആർച്ചുബിഷപ്പ് കൃതജ്ഞതയോടെ അനുസ്മരിച്ചു.

സുവിശേഷപ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സിനഡ് വിലയിരുത്തി. ആത്മീയവും ദൈവശാസ്ത്രപരവുമായ അറിവിനോടൊപ്പം വൈദികാർഥികൾ മാനസിക പക്വതയുംസാമൂഹികപ്രതിബദ്ധതയും ആധുനികസാങ്കേതികവിദ്യകളിൽ നൈപുണ്യവും ഉള്ളവരായി വളരേണ്ടതുണ്ട്. വൈദികപരിശീലനത്തെക്കുറിച്ച് സിനഡിന്റെ നേതൃത്വത്തിൽ നടന്ന ശാസ്ത്രീയ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ നവീകരിച്ച പരിശീലനപദ്ധതിക്ക് സിനഡ് അന്തിമരൂപം നൽകി. ഇതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലന കാലഘട്ടത്തിൽ കാതലായ പരിഷ്കാരങ്ങൾ നടപ്പിലാക്കൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തി.

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾക്കും സാമൂഹിക-ആതുരശുശ്രൂഷാ രംഗങ്ങളിൽ വ്യാപൃതരായ മിഷനറിമാർക്കും എതിരായി വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയിലുംഅക്രമസംഭവങ്ങളിലും സിനഡ് അതീവ ആശങ്ക രേഖപ്പെടുത്തി. ഭരണഘടന ഉറപ്പുനൽകുന്ന പൗരാവകാശങ്ങളും ന്യൂനപക്ഷ സുരക്ഷയും നിരന്തരം ലംഘിക്കപ്പെടുന്നത് ജനാധിപത്യത്തിന് ഭീഷണിയാണെന്ന് സിനഡ് വിലയിരുത്തി. പീഡനങ്ങളുടെയും വെല്ലുവിളികളുടെയും നടുവിലും സുവിശേഷത്തിന് സന്തോഷത്തോടെ സാക്ഷ്യംവഹിക്കുന്ന എല്ലാവരോടും സിനഡ് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ആരാധനാക്രമ ഐക്യത്തിനായുള്ള പരിശ്രമങ്ങളോട് സഭാംഗങ്ങളെല്ലാവരും സഹകരിക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. ഏകീകൃത കുർബാനയർപ്പണം നടപ്പിലാക്കാനുള്ള തീരുമാനത്തിൽ ഉറച്ചുനിൽക്കുമ്പോഴും, നിലവിൽ അത് പൂർണ്ണമായി നടപ്പിലാക്കാൻ തടസ്സമാകുന്ന വൈകാരികവും പ്രായോഗികവുമായ സാഹചര്യങ്ങളെ സഭ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും സിനഡ് വ്യക്തമാക്കി.

'പ്രേഷിത പ്രവർത്തനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമാണെന്ന് സിനഡ് ഊന്നിപ്പറഞ്ഞു. സുവിശേഷ പ്രഘോഷണ രംഗത്ത് അൽമായ വിശ്വാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, നിലവിലുള്ള വിവിധ അൽമായ പ്രേഷിത കൂട്ടായ്മകളെ ഏകോപിപ്പിക്കുന്നതിനും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ 'ജീവൻ ജോതി' അൽമായ പ്രേഷിത മുന്നേറ്റം എന്ന പ്രസ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചു.

പുതിയ പ്രവിശ്യകളുടെ തലവന്മാരായി സ്ഥാനമേറ്റ മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവരെ സിനഡിൽ അഭിനന്ദിച്ചു. പുതിയ മെത്രാന്മാരായ മാർ ജെയിംസ് പട്ടേരിൽ, മാർ ജോസഫ് തച്ചാപറമ്പത്ത് എന്നിവരെ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നയിച്ച ധ്യാനത്തോടെ ആരംഭിച്ച സിനഡിൽ ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 53 മെത്രാന്മാർ പങ്കെടുത്തു. ജനുവരി 10 ശനിയാഴ്ച 6 മണിക്ക് സിനഡ് സമാപിച്ചു.

# ഉത്തരേന്ത്യൻ പ്രേഷിതരംഗത്തെ ഉജ്ജ്വല നക്ഷത്രം; മാർ ഡോമിനിക് കോക്കാട്ടിന് വിട!



ഗോരഖ്പൂർ: ഉത്തരേന്ത്യൻ മണ്ണിൽ പ്രേഷിതപ്രവർത്തനത്തിന്റെ നൂതന അധ്യായങ്ങൾ രചിച്ച ഗോരഖ്പൂർ രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ്പ് മാർ ഡൊമിനിക് കോക്കാട്ടിന് (93) വിശ്വാസസമൂഹം കണ്ണീരോടെ വിടചൊല്ലി. ഗോരഖ്പൂർ സെന്റ് ജോസഫ് കത്തീഡ്രലിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് സീറോമലബാർസഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ആഗ്ര ആർച്ചുബിഷപ്പ് മോസ്റ്റ് റവ. റാഫി മഞ്ഞളി വിശുദ്ധ കുർബാനക്കിടയിൽ വചനസന്ദേശം നൽകി. ഗോരഖ്പൂർ രൂപത മെത്രാൻ മാർ മാത്യു നെല്ലിക്കുന്നേൽ, ഫരീദാബാദ് ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ തോമസ് തുരുത്തിമറ്റം എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

### വൈക്കത്തുനിന്ന് ഗോരഖ്പൂരിലേക്ക്: ഒരു നിയോഗത്തിന്റെ കഥ

1922 ഫെബ്രുവരി 23ന് കോട്ടയം ജില്ലയിലെ വൈക്കത്ത് ജനിച്ച മാർ ഡോമിനിക് കോക്കാട്ട്, തന്റെ ജീവിതം മുഴുവൻ ദൈവരാജ്യത്തിന്റെ മഹത്വത്തിനായി മാറ്റിവെച്ച വ്യക്തിത്വമായിരുന്നു. 1953-ൽ ലിറ്റിൽ ഫ്ളവർ സന്യാസ സമൂഹത്തിൽ (CST) അംഗമായ അദ്ദേഹം 1960-ൽ പൗരോഹിത്യം സ്വീകരിച്ചു. ആലുവ സി.എസ്.ടി സെമിനാരി വൈസ് റെക്ടർ, പഞ്ചാബ് മിഷൻ സൂപ്പീരിയർ, സി.ബി.സി.ഐ. ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങിയ ഉത്തരവാദിത്തങ്ങൾ വഹിച്ച ശേഷമാണ് 1984-ൽ ഗോരഖ്പൂർ രൂപതയുടെ അമരക്കാരനായി നിയമിതനായത്.

### ഇടയശുശ്രൂഷയുടെ ഇരുപത്തിരണ്ട് വർഷങ്ങൾ

ദീർഘമായ 22 വർഷക്കാലം (1984-2006) ഗോരഖ്പൂർ രൂപതയെ നയിച്ച അദ്ദേഹം വെറുമൊരു ഭരണാധികാരി മാത്രമായിരുന്നില്ല, മറിച്ച് പാവപ്പെട്ടവന്റെയും അശരണന്റെയും ഉറ്റ തോഴനായിരുന്നു. ദരിദ്രരോടും അശരണരോടുമുള്ള സ്നേഹമാണ് അദ്ദേഹത്തെ വിവിധ സേവന പ്രവർത്തനങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിച്ചത്. സ്ത്രീശാക്തീകരണത്തിനായി അദ്ദേഹം പ്രവർത്തിച്ചു ഗോരഖ്പൂർ പ്രദേശത്തെ എല്ലാ ജില്ലകളിലും വിദ്യാലയങ്ങളും കോളേജുകളും ഹോസ്പിറ്റലുകളും സാമൂഹിക ക്ഷേമകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. കൂടാതെ 1986 പൂർവാഞ്ചൽ ഗ്രാമീണ സേവസമിതി ആരംഭിക്കുകയും 1995-ൽ ഫാത്തിമ ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു.

### മിശിഹായുടെ പ്രകാശം പരത്തിയ ജീവിതം: മേജർ ആർച്ചുബിഷപ്പിന്റെ അനുസ്മരണം

'ദൈവം എന്റെ പ്രകാശവും എന്റെ രക്ഷയുമാണ്' എന്ന തന്റെ ആപ്തവാക്യം ജീവിതത്തിലുടനീളം ഉയർത്തിപ്പിടിച്ച ഉജ്ജ്വല നക്ഷത്രമായിരുന്നു മാർ ഡോമിനിക് കോക്കാട്ടെന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ അനുസ്മരിച്ചു. മിഷണറി എന്ന നിലയിൽ അദ്ദേഹം സുവിശേഷത്തെ പുതിയ അതിരുകളിലേക്ക് എത്തിച്ചു; മെത്രാൻ എന്ന നിലയിൽ ജ്ഞാനത്തോടും ധൈര്യത്തോടും കൂടി അദ്ദേഹം തന്റെ ജനത്തെ നയിച്ചു; സന്യാസി എന്ന നിലയിൽ സുവിശേഷാത്മകമായ ഉപദേശങ്ങൾക്ക് വിശ്വസ്തതയോടും സന്തോഷത്തോടും കൂടി അദ്ദേഹം സാക്ഷ്യം നൽകി. പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള സ്നേഹത്താൽ അദ്ദേഹത്തിന്റെ ഹൃദയം ജ്വലിച്ചു, സഭയെ പണിതുയർത്തുന്നതിനായി തന്റെ ജീവിതം തന്നെ അദ്ദേഹം ഒരു ഉദാരമായ ബലിയായി സമർപ്പിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. വിശുദ്ധ തെരേസയുടെ ലളിതമായ ആത്മീയത മിഷൻ പ്രവർത്തനങ്ങളിൽ എങ്ങനെ പ്രായോഗികമാക്കാം എന്ന് അദ്ദേഹം ലോകത്തിന് കാണിച്ചുതന്നു. 'ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ' എന്ന സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ അടയാളമാണെന്നും മേജർആർച്ചുബിഷപ് കൂട്ടിച്ചേർത്തു.



### അന്ത്യയാത്രയിൽ പങ്കുചേർന്ന് നൂറുകണക്കിന് വിശ്വാസികൾ

ഭാരതത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള മെത്രാന്മാരും നിരവധി വൈദികരും സന്യാസിനികളും നൂറുകണക്കിന് വിശ്വാസികളും തങ്ങളുടെ പ്രിയപ്പെട്ട പിതാവിന് അന്ത്യോപചാരമർപ്പിക്കുന്നതിനു എത്തിച്ചേർന്നു. പതിറ്റാണ്ടുകൾ ഉത്തരേന്ത്യൻ പ്രഷിതരംഗത്ത് തീക്ഷണതയോടെ ശുശ്രൂഷ ചെയ്ത ഒരു കർമ്മയോഗിയുടെ ജീവിതം അവസാനിക്കുമ്പോൾ, അദ്ദേഹം പാകിയ സ്നേഹത്തിന്റെയും സേവനത്തിന്റെയും വിത്തുകൾ വരും തലമുറകൾക്ക് വലിയ പ്രചോദനമായി ഗോരഖ്പൂരിന്റെ മണ്ണിൽ ബാക്കിയാകുന്നു.



# സമുദായശാക്തീകരണവർഷം: സഭാതല ഉദ്ഘാടനം



കാക്കനാട്: വിശ്വാസത്തിൽ ഉറച്ചതും ഐക്യബോധത്തിൽ ശക്തമായതുമായ ഒരു സമുദായത്തിന് കാലഘട്ടത്തിന്റെ ദിശ മാറ്റാൻ കഴിയുമെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ സമുദായ ശാക്തീകരണ വർഷം 2026-ന്റെ സഭാതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തിപരമായ വിശ്വാസാനുഭവങ്ങളിൽ മാത്രം ഒതുങ്ങാതെ ആ ബോധ്യങ്ങളെ സമൂഹനന്മയ്ക്കായി പ്രവർത്തനസജ്ജമാക്കുമ്പോഴാണ് സമുദായം ചരിത്രത്തെ സ്വാധീനിക്കുന്ന ശക്തിയായി മാറുന്നതെന്ന് പിതാവ് ഓർമ്മിപ്പിച്ചു. രൂപതകൾ, സമർപ്പിത സമൂഹങ്ങൾ, കുടുംബങ്ങൾ, യുവജനങ്ങൾ, വിദ്യാഭ്യാസസാമൂഹിക സ്ഥാപനങ്ങൾ എന്നിവയെല്ലാം ഒരേ ലക്ഷ്യത്തോടെ വളർത്തിയെടുക്കുന്ന ഐക്യബോധമാണ് സഭയുടെ യഥാർഥ ശക്തിയെന്നും സുവിശേഷമൂല്യങ്ങളുടെ പ്രകാശത്തിൽ കാലഘട്ടത്തെ രൂപാന്തരപ്പെടുത്താൻ ഈ കൂട്ടായ്മയ്ക്ക് സാധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2024 ഓഗസ്റ്റിൽ പാലായിൽ കൂടിയ സീറോമലബാർ മേജർ ആർകിഎപ്പിസ്കോപ്പൽ അസംബ്ളി മുന്നോട്ടുവച്ച നിർദശപ്രകാരമാണ് സഭാസിനഡ് 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കാൻ തീരുമാനമെടുത്തത്. സീറോമലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. സഭാംഗങ്ങൾക്കിടയിൽ സമുദായബോധവും സഭാ സ്നേഹവും വളർത്തുക, സമുദായം നേരിടുന്ന പിന്നാക്കാവസ്ഥകളെക്കുറിച്ച് അവബോധം നൽകുകയും സാധ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് സമുദായ ശക്തീകരണ വർഷം ആചരിക്കുന്നത്.

മുപ്പത്തിനാലാം സിനഡിന്റെ ഒന്നാം സമ്മേളനത്തിന് പ്രാരംഭമായി നടന്ന ചടങ്ങിൽ വിവിധ സഭാതലങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആമുഖപ്രഭാഷണം നടത്തി. പബ്ലിക് അഫയേഴ്സ് കമ്മീഷൻ കൺവീനർ ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു. സിനഡ് സെക്രട്ടറി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജെയിംസ് കൊക്കവയലിൽ, വിൻസൻഷ്യൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ റവ. ഫാ. പോൾ പുതുവ, എസ്.എ.ബി.എസ്. സുപ്പീരിയർ ജനറൽ മദർ റോസിലി ജോസ് ഒഴുകയിൽ, മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീനാ ജോഷി, എസ്.എം.വൈ.എം. പ്രസിഡന്റ് അഡ്വ. സാം സണ്ണി തുടങ്ങിയവർ സംബന്ധിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ നന്ദി രേഖപ്പെടുത്തി.

# സമുദായബോധം അഭിമാനബോധമാകണം: ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ



ചങ്ങനാശ്ശേരി: സീറോമലബാർ സഭയിലെ സമുദായശക്തീകരണ വർഷ പ്രവർത്തനങ്ങൾ സമുദായത്തിന്റെയും സമൂഹത്തിന്റെയും പുനർനിർമിതിക്കു ഇന്ധനം പകരുമെന്ന് ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ സീറോമലബാർസഭയുടെ അത്മായ ശക്തീകരണവർഷത്തിന് ചങ്ങനാശേരി അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ പ്രഭാഷണം നടത്തി. ജസ്റ്റിസ് ജെ. ബി. കോശിവിശിഷ്ടാതിഥിയായിരുന്നു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി രേഖാ മാത്യൂസ് എന്നിവർ പ്രസംഗിച്ചു. മാർഗംകളി, പരിചമുട്ട്, റമ്പാൻപാട്ട് എന്നിവ അവതരിപ്പിച്ചു. അതിരൂപതാ യുവദീപ്തി റൂഹ ബാൻഡ് ഗാനങ്ങൾ അവതരിപ്പിച്ചു. നസ്രാണി ഭക്ഷ്യവിഭങ്ങൾ നിറഞ്ഞ സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

# സമുദായശക്തീകരണ വർഷാചരണത്തിന് താമരശേരി രൂപതയിൽ തുടക്കം

കുടരഞ്ഞി: കത്തോലിക്കാ കോൺഗ്രസിന്റ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തുന്ന താമരശേരി രൂപതാതല സമുദ്രായ ശക്തീകരണ വർഷാചരണത്തിന് ഉജ്ജ്വല തുടക്കം. കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ, ജനുവരി രണ്ടിന് വൈകിട്ട് നടന്ന ചടങ്ങിൽ സമുദായശക്തീകരണ വർഷാചരണം 2026 കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷകനായിരുന്നു. സമുദായത്തിന്റെ ശക്തീകരണത്തിനായി ഉണർന്ന് പ്രവർത്തിക്കാനും സംഘടിച്ച് പ്രബുദ്ധരായി പോരാടാനും ചടങ്ങിൽ അധ്യക്ഷത വഹിച്ച താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആഹ്വാനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് താമരശേരി രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് എന്നിവരും വിവിധ സംഘടനകളെ പ്രതിനിധീകരിച്ചു നേതാക്കളും പ്രസംഗിച്ചു. 125 അമ്മമാർ പങ്കെടുത്ത മാർഗംകളി, കെസിവൈഎമ്മിന്റ ചവിട്ടുനാടകം, പരിചമുട്ടുകളി തുടങ്ങിയവ ചടങ്ങുകൾക്ക് മാറ്റു കൂട്ടി.




രൂപതാ വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, സമുദായ ശക്തീകരണ വർഷാചരണ രൂപതാതല ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, കുടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ, ഡോ. ട്രീസ ലിസ് സെബാസ്റ്റ്യൻ, സ്വപ്ന ഗിരീഷ് തുടങ്ങിയവർ നേതൃത്വം നൽകി. നസ്രാണി സമുദായത്തിന്റെ ഐക്യവും ആത്മാഭിമാനവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സമുദായ ശക്തീകരണ വർഷാചരണം രൂപതയിലെ ഇടവകകളിൽ വർഷം മുഴുവൻ വിവിധ പരിപാടിളോടെ നടത്തുമെന്ന് സംഘാടകർ അറിയിച്ചു.

# സാമുദായികധ്രുവീകരണ ശ്രമങ്ങൾക്കെതിരെ ക്രൈസ്തവ സഭാകൂട്ടായ്മ




തൃശൂർ: കേരളത്തിൽ സാമുദായിക സ്പർദ്ധയും അകൽച്ചയും സൃഷ്ടിക്കപ്പെടുന്ന സമീപകാലസംഭവങ്ങളിൽ തൃശൂർ, പാലക്കാട്, കോയമ്പത്തൂർ മേഖലകളിലെ ക്രൈസ്തവ സഭകളുടെ കൂട്ടായ്മ ഉത്കണ്ഠ രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ ക്രൈസ്തവസമൂഹം നിതാന്തജാഗ്രത പുലർത്തണം. സംസ്ഥാനത്ത് ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്തത്, ന്യൂനപക്ഷ ആനുകൂല്യങ്ങളിലെ അന്യായമായ വിവേചനം, വിദ്യാഭ്യാസമേഖലയിലെ ഇരട്ട നീതി ഉൾപ്പെടെ ഇന്നും പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ ക്രൈസ്തവ സമൂഹത്തിന് അതീവ ഉൽക്കണ്ഠ ഉളവാക്കുന്നു. പൊതുസമൂഹത്തിന് ക്രൈസ്തവ സമുദായം നൽകിയ മികച്ച സംഭാവനകളെ മനപ്പൂർവ്വം തമസ്കരിക്കുന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തി. ഭാരതത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളും ഹനിക്കപ്പെടുന്നതും സമസ്ത മേഖലകളും കാവിവൽക്കരിക്കപ്പെടുന്നതും നീതീകരിക്കാനാവില്ല. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവ മിഷനറിമാർ ആക്രമിക്കപ്പെടുന്നതും ക്രിസ്തുമസ് ഉൾപ്പെടെയുള്ള ആഘോഷങ്ങൾ അലങ്കോലപ്പെടുത്തുന്നതും അതീവ പ്രതിഷേധാർഹമാണ്. വിവിധ ക്രൈസ്തവസഭാസമൂഹങ്ങളും വിശ്വാസസമൂഹങ്ങളും ഒന്നിച്ചു നിൽക്കേണ്ടതിന്റെയും, ഈ വെല്ലുവിളികളെ പ്രതിരോധിക്കേണ്ടതിന്റെയും ആവശ്യകത സമ്മേളനം ഓർമിപ്പിച്ചു. നിഖ്യ സൂനഹദോസിന്റെ 1700-ാമത് വാർഷികത്തോടനുബന്ധിച്ച് തൃശൂർ, പാലക്കാട്, കോയമ്പത്തൂർ മേഖലകളിലെ വിവിധ ക്രൈസ്തവ സഭാ കൂട്ടായ്മയുടെ നേതൃത്വത്തിലായിരുന്നു യോഗം. തൃശൂർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ അധ്യക്ഷൻ സിറിൽ മാർ ബസേലിയോസ്, യാക്കോബായ സഭ തൃശൂർ ഭദ്രാസനാധിപൻ കുര്യാക്കോസ് മോർ ക്ലീമീസ്, മാർ ബോസ്കോ പുത്തൂർ, കൽദായ സുറിയാനി സഭ വികാരി ജനറൽ ഫാ. ജോസ് വേങ്ങശ്ശേരി, ഓർത്തഡോക്സ് സഭ പ്രതിനിധി ഫാ. സ്റ്റീഫൻ ജോർജ്, സിഎസ് ഐ സഭാപ്രതിനിധി ഫാ. ജോൺസൺ ജോർജ് എന്നിവർ പ്രസംഗിച്ചു. പാലക്കാട് രൂപത അധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരക്കൽ സ്വാഗതം ആശംസിച്ചു സീറോമലബാർസഭ ഗൾഫ് വിസിറ്റേറ്റർ ഫാ. ജോളി വടക്കൻ നന്ദി പ്രകാശിപ്പിച്ചു. തൃശ്ശൂർ അതിരൂപത പാസ്റ്റർ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ പ്രമേയം അവതരിപ്പിച്ചു.

# ഇന്റർ ചർച്ച് കൗൺസിലിന് പുതിയ നേതൃത്വം



കൊല്ലം: കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ ഔദ്യോഗിക കൂട്ടായ്മയായ ഇന്റർ ചർച്ച് കൗൺസിലിന്റെ ജനറൽ ബോഡി യോഗം ജനുവരി 13-ാം തീയതി സി.എസ്.ഐ ബിഷപ്പ്സ് ഹൗസിൽ നടന്നു. കൗൺസിലിന്റെ പുതിയ ചെയർമാനായി സീറോ മലങ്കരസഭ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് പിതാവിനെയും, ജനറൽ സെക്രട്ടറിയായി ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെയും, ഡെപ്യൂട്ടി സെക്രട്ടറി ആയി ഫാ. സിറിൽ തോമസ് തയ്യിലിനെയും, ജോയിന്റ് സെക്രട്ടറിമാരായി നിബു ജേക്കബ് വർക്കി, അഡ്വ. ആൻസൽ കൊമാറ്റ് എന്നിവരെയും തിരഞ്ഞെടുത്തു. നിലവിൽ ഇന്റർ ചർച്ച് കൗൺസിലിന്റെ ചെയർമാനായിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ അധ്യക്ഷതയിൽ ആണ് യോഗനടപടികൾ നടന്നത്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ബിഷപ്പ് റൈറ്റ് റവ. ജോസ് ജോർജ്ജ് സ്വാഗതം ആശംസിച്ചു. സീറോമലബാർ സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, സീറോമലങ്കര കത്തോലിക്കാ സഭ, മലങ്കര യാക്കോബായ സുറിയാനി സഭ, ലത്തീൻ കത്തോലിക്കാ സഭ, സി.എസ്.ഐ. സഭ. മലങ്കര മാർത്തോമ്മ സുറിയാനി സഭ, പൗരസ്ത്യ കൽദായ സുറിയാനി സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ, ക്നാനായ സുറിയാനി സമുദായം എന്നീ ക്രൈസ്തവ സഭകൾ അംഗങ്ങളായുള്ള ഇന്റർ ചർച്ച് കൗൺസിൽ ക്രൈസ്തവരെ സംബന്ധിച്ചും രാജ്യത്തെ സംബന്ധിച്ചതുമായ പ്രതിസന്ധികളെ ഒറ്റക്കെട്ടായി നേരിടാനും പരിഹരിക്കാനും നേതൃത്വം നൽകുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ആഹ്വാനം ചെയ്തു. ഓഗിൽ മാർ കുര്യാക്കോസ് മെത്രാപ്പോലീത്ത നന്ദി രേഖപ്പെടുത്തി.

# സഭൈക്യ പ്രാർഥനാവാരാചരണം സമാപിച്ചു



കൂത്താട്ടുകുളം: വിശുദ്ധ പൗലോസ് ശ്ലീഹായുടെ മാനസാന്തര തിരുനാളും സഭൈക്യപ്രാർഥനാ വാരാചരണ സമാപനസമ്മേളനവും തിരുക്കുടുംബ ഫൊറോന പള്ളിയിൽ ജനുവരി 25 ന് നടന്നു. സഭൈക്യ യോഗം സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഐക്യദീപം തെളിയിച്ച് നിർവഹിച്ചു. സഭകൾ ഒന്നിച്ചു നിന്ന് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം എന്ന് ഉദ്ഘാടനപ്രസംഗത്തിൽ മേജർ ആർച്ചുബിഷപ്പ് ആഹ്വാനം ചെയ്തു. കെസിബിസി എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി ഫാ. ദാനിയേൽ ബഥേൽ, കെ.സി.സി. ജനറൽ സെക്രട്ടറി അഡ്വ. ഡോ. പ്രകാശ് പി തോമസ്, ഇന്റർ ചർച്ച് കൗൺസിൽ ഡെപ്യൂട്ടി സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിൽ എന്നിവരുടെ നേതൃത്വത്തിലാണ് എട്ടു ദിവസങ്ങൾ നീണ്ട സഭൈക്യ വാരം സംഘടിപ്പിച്ചത്,

ഇന്റർ ചർച്ച് കൗൺസിൽ, കെ.സി.ബി.സി. എക്യുമെനിക്കൽ കമ്മീഷൻ, കേരള കൗൺസിൽ ഓഫ് ചർച്ചസ് എന്നീ സമിതികൾ സംയുക്തമായി ആണ് രണ്ടാം വർഷവും യൂണിറ്റി ഒക്ടേവ് നടത്തിയത്. ആഗോള തലത്തിൽ കത്തോലിക്കാ സഭയുടെ ഡിക്കാസ്റ്ററി ഫോർ പ്രൊമോട്ടിങ് ക്രിസ്റ്റ്യൻ യൂണിറ്റിയും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസും സംയുക്തമായി ആണ് ഇതിന് നേതൃത്വം നൽകുന്നത്. ജനുവരി 18ന് ചെങ്ങന്നൂരിൽ മാർത്തോമ്മാ സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച യൂണിറ്റി ഒക്ടേവ് വിവിധ ദിവസങ്ങളിലായി ഓർത്തഡോക്സ് സഭ, ലത്തീൻ സഭ, സിഎസ്ഐ സഭ, യാക്കോബായ സഭ, സീറോമലങ്കര സഭ, ക്നാനായ സുറിയാനി സമുദായം എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്നതിന്റെ സമാപനമായിരുന്നു എട്ടാം ദിനത്തിൽ സീറോമലബാർ സഭയുടെ നേതൃത്വത്തിൽ സായാഹ്ന നമസ്കാരത്തോടെ നടന്നത്.

# കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം



കാഞ്ഞിരപ്പള്ളി: രൂപതയുടെ 13-ാമത് പാസ്റ്ററൽ കൗൺസിൽ കല്യാൺ രൂപതയുടെ ആർച്ചുബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. എഴുതപ്പെട്ട നാല് സുവിശേഷങ്ങളോടൊപ്പം എഴുതപ്പെടാത്ത ഒരു സുവിശേഷം ഉണ്ടെന്നും അത് അൽമായരുടെ സുവിശേഷാനുസൃത ജീവിതമാണെന്നും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ അത് പ്രാവർത്തികമാക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൽ അധ്യക്ഷനായിരുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രായോഗികമായ നിലപാടുകളും സ്വീകരിച്ച് സഭയെ വളർത്താനുള്ള ഉത്തരവാദിത്വം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഉണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപത മുൻ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി.

കാഞ്ഞിരപ്പള്ളി രൂപതയുടെ 13-ാമത് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ഡോ. ബിനോ പി. ജോസും ജോയിന്റ് സെക്രട്ടറിയായി അഡ്വ. ഷാൻസി ഫിലിപ്പും ചുമതലയേറ്റു. 'സഭയും സമൂഹവും' എന്ന വിഷയത്തെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ബിനോ പി. ജോസ് ചർച്ചാ ക്ലാസ് നയിച്ചു. ഫാ ബോബി അലക്സ് മണ്ണംപ്ലാക്കൽ മോഡറേറ്ററായിരുന്നു. രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് റവ. ഡോ. ജോസഫ് വെള്ളമറ്റം, രൂപതാ സിഞ്ചെല്ലൂസ് റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ അഡ്വ. ഷാൻസി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ഫാ മാത്യു ശൗര്യാംകുഴി, ഫാ. ഫിലിപ്പ് തടത്തിൽ, സി. ട്രീസ എസ് എച്ച്, മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ജൂബി മാത്യു എന്നിവർ നേതൃത്വം നൽകി.

# ഇൻഫാം 'വീർ കിസാൻ ഭൂമിപുത്ര' പുരസ്കാരങ്ങൾ വിതരണം ചെയ്തു



പൊടിമറ്റം: പരിസ്ഥിതിയുടെ യഥാർഥ സംരക്ഷകർ കർഷകരാണെന്നും അവരെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും ജോസ് കെ. മാണി എംപി. ഇൻഫാമിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 75 വയസ് പിന്നിട്ട കർഷകരെ ആദരിക്കാൻ സംഘടിപ്പിച്ച 'വീർ കിസാൻ ഭൂമിപുത്ര' പുരസ്കാര ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൊടിമറ്റം സെന്റ് മേരീസ് ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 921 മുതിർന്ന കർഷകരെ മെമെന്റോയും തലപ്പാവും നൽകി ആദരിച്ചു. ചടങ്ങിൽ പങ്കെടുക്കാൻ കഴിയാത്ത 485 കർഷകരെ പ്രാദേശിക ഘടകങ്ങളുടെ നേതൃത്വത്തിൽ വീടുകളിലെത്തി ആദരിക്കുമെന്നു സംഘാടകർ അറിയിച്ചു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ, തിരുവല്ല ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസ് പുളിക്കൽ, കാഞ്ഞിരപ്പള്ളി മുൻ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ, ഡീൻ കുര്യാക്കോസ് എംപി, ഇൻഫാം ഭാരവാഹികളായ ഫാ. ജോർജ് പൊട്ടയ്ക്കൽ, ജോസ് ഇടപ്പാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

# സാമൂഹ്യസുരക്ഷാ പെൻഷൻ; സർക്കാർ തീരുമാനം സ്വാഗതം ചെയ്ത് കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ്

കോട്ടയം: മിഷ്ണറിമാർ, മത സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങളിൽ താമസിക്കുന്ന സന്യാസിമാർ, വൈദികർ, കന്യാസ്ത്രീകൾ തുടങ്ങിയവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലെന്നും ആരെങ്കിലും പെൻഷൻ കൈപ്പറ്റുന്നുവെങ്കിൽ അവരെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നും നിഷ്കർഷിച്ച മുൻകാല ഉത്തരവുകൾ തിരുത്തിയ സർക്കാർ നടപടിയെ സ്വാഗതം ചെയ്ത് കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് പ്രസിഡന്റ് സിസ്റ്റർ ഡോ. ആർദ്ര എസ്ഐസി.

പൗരന്മാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ഒരു വിഭാഗത്തെ അവരുടെ മതത്തിന്റെയും ജീവിതാവസ്ഥയുടെയും പേരിൽ ഒഴിവാക്കുന്ന സമീപനം ഭരണഘടനാവിരുദ്ധവും മൗലികാവകാശ ലംഘനവുമാണ്. സർക്കാർ മുൻ നിലപാട് തിരുത്തിയെന്ന പ്രഖ്യാപനം വന്നതിനു പിന്നാലെ ക്രൈസ്തവ സന്യസ്തർ അനർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നു എന്നും സഭ കന്യാസ്ത്രീകളെ സംരക്ഷിക്കുന്നില്ല എന്നും ചിലർ വാദങ്ങൾ ഉയർത്തിയതായി ശ്രദ്ധയിൽപ്പെട്ടു. അത്തരം വ്യാജ ആരോപണങ്ങൾക്കുള്ള അവസരം ബോധപൂർവം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. സി. ആർദ്ര പറഞ്ഞു. സ്ഥിര വരുമാനം ഇല്ലാത്ത, സർക്കാർ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ സ്വീകരിക്കാത്ത അവിവാഹിതരായ ഏതൊരു സ്ത്രീക്കും അർഹതയുള്ള ഈ പദ്ധതി, എല്ലാ മതങ്ങളിലുമുള്ള അർഹരായ സന്യസ്തർക്കുകൂടി ലഭ്യമാകുന്ന രീതിയില്ല പുനഃക്രമീകരണം നടത്തപ്പെടുമ്പോൾ കന്യാസ്ത്രീകൾക്ക് മാത്രമായി അനർഹമായി സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നു എന്ന തരത്തില്ല തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രചാരണങ്ങളും അവകാശവാദങ്ങളും ബാലിശവും സാമൂഹിക സ്പർധയ്ക്കു ഇടവരുത്തുന്നതാണ്.

ക്രൈസ്തവ സന്യസ്തരെ മത പ്രവർത്തകർ മാത്രമായി ചിത്രീകരിക്കാൻ ചിലർ കാണിക്കുന്ന ഉത്സാഹം വസ്തുതാവിരുദ്ധമാണെന്നും സാമൂഹിക, സാംസ്കാരിക, ആതുര വിദ്യാഭ്യാസ സേവനമേഖലകളിലെ സന്യസ്തരുടെ സംഭാവനകളെ അവഗണിക്കാൻ ആർക്കും സാധിക്കില്ലെന്നും സിസ്റ്റർ ഡോ. ആർദ്ര കൂട്ടിച്ചേർത്തു.

# മാർ ജോർജ് പുന്നക്കോട്ടിലിനെ ഇടുക്കിരൂപത ആദരിച്ചു



മുരിക്കാശ്ശേരി: കോതമംഗലം രൂപതയുടെ മുൻ മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി ഇടുക്കി രൂപതാ കുടുംബം അദ്ദേഹത്തിന് മുരിക്കാശ്ശേരിയിൽ സ്നേഹാദരവുകൾ അർപ്പിച്ചു. കുടിയേറ്റ കാലത്തിനു ശേഷമുള്ള നവീന ഇടുക്കിയുടെ ശില്പിയായ മാർ പുന്നക്കോട്ടിൽ ഹൈറേഞ്ചിനെ എല്ലാ മേഖലയിലും വളർത്താൻ പരിശ്രമിച്ച വ്യക്തിയാണ് എന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ പറഞ്ഞു. ഈ നാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും റോഡുകളും മറ്റ് സർക്കാർ സ്ഥാപനങ്ങളുമെല്ലാം ഉണ്ടാകാൻ ധീരമായ നേതൃത്വം ആണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. 1977 മുതൽ 2003 വരെ അവിഭക്ത കോതമംഗലം രൂപതയുടെ മെത്രാനായി ശുശ്രൂഷ ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ വലിയ ശ്രദ്ധയും കരുതലും ഹൈറേഞ്ച് മേഖലയോട് ആയിരുന്നു. ഇടുക്കിയിലെ ജനം ആഴമേറിയ വിശ്വാസവും നിശ്ചയ ദാർഢ്യവും സേവനസന്നദ്ധതയും ഉള്ളവരാണെന്ന് മാർ ജോർജ് പുന്നക്കോട്ടിൽ പറഞ്ഞു. ജനം നേതൃത്വത്തോട് ചേർന്ന് ആത്മാർത്ഥമായി അദ്ധ്വാനിച്ചതിന്റെ ഫലമാണ് ഇടുക്കിയുടെ വളർച്ചയെന്നും രാഷ്ട്രീയ നേതൃത്വം എപ്പോഴും ഇടുക്കിയെ വളർത്താൻ സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു.

ഒരിക്കൽ ഫൊറോന ദേവാലയ അങ്കണത്തിൽ മാർ പുന്നക്കോട്ടിലിനെ സ്വീകരിച്ചു. 10 മണിക്ക് മാർ ജോർജ് പുന്നക്കോട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ സമൂഹബലിയിൽ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേലും രൂപതയിലെ മുഴുവൻ വൈദികരും സഹകാർമ്മികരായി. അനുമോദന യോഗത്തിൽ മാർ ജോൺ നെല്ലിക്കുന്നേൽ രൂപതയുടെ അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു. രൂപതയിലെ വികാരി ജനറാൾമാരായ മോൺ. ജോസ് കരിവേലിക്കൽ, മോൺ. അബ്രാഹം പുറയാറ്റ്, മോൺ. ജോസ് നരിതൂക്കിൽ രൂപതയിലെ സമർപ്പിത സമൂഹത്തിന്റെ പ്രതിനിധിയായി തിരുഹൃദയ സന്യാസിനി സമൂഹം ഇടുക്കി നവജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി.ഡോ. ടെസ് ലിൻ എസ് എച്ച്, രൂപതയിലെ അല്മായ പ്രതിനിധി രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് കോയിക്കൽ എന്നിവർ സംസാരിച്ചു. വിവിധ ഭക്ത സംഘടനകളുടെ രൂപത ഭാരവാഹികൾ ആദരവ് അർപ്പിച്ചു. രൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും എല്ലാ ഇടവകകളിൽ നിന്നുമുള്ള കൈക്കാരൻമാരും ദൈവാലയ ശുശ്രൂഷികളും സംബന്ധിച്ചു. രൂപതാ ചാൻസലർ റവ. ഡോ. മാർട്ടിൻ പൊൻപനാൽ, ഫാ. ജോസഫ് തച്ചുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ വടക്കേൽ, ഫാ. ജിൻസ് കാരയ്ക്കാട്ട്, സാം സസ്സി, ഷേർളി ജൂഡി എന്നിവർ നേതൃത്വം നൽകി.



# ഫാ. ജേക്കബ് ചക്കാത്ര ഫിംക്യാപ് ഏഷ്യയുടെ സ്പരിച്വൽ ഡയറക്ടർ

കാക്കനാട്: വത്തിക്കാൻ 'ഡിക്കാസ്ട്രി ഫോർ ഫാമിലി ആൻഡ് ലൈഫ്' ന് കീഴിൽ ലോകമെമ്പാടുമുള്ള വിവിധ യുവജനസംഘടനകളുടെ കൂട്ടായ്മയായ 'ഫിംക്യാപ്പ്' സംഘടനയുടെ ഏഷ്യ ഘടകത്തിന്റെ സ്പിരിചൽ ഡയറക്ടറായി സീറോമലബാർ യൂത്ത്മൂവ്മെന്റ് കമ്മീഷൻ സെക്രട്ടറിയും എസ്എംവൈഎം ഗ്ലോബൽ ഡയറക്ടറും ആയ ഫാ. ജേക്കബ് ചക്കാത്ര തിരഞ്ഞെടുക്കപ്പെട്ടു. ഏഷ്യയിലുള്ള വിവിധ യുവജന കൂട്ടായ്മകളുടെ ഓൺലൈൻ മീറ്റിങ്ങിലാണ് തിരഞ്ഞെടുപ്പ് നടന്നത്. യൂണൈറ്റഡ് നേഷൻസുമായി അഫിലിയേഷൻ ഉള്ള ഫിംക്യാപ് എന്ന സംഘടനയിൽ കഴിഞ്ഞവർഷം ഓഗസ്റ്റിൽ ജോർജിയിൽ നടന്ന ജനറൽ അസംബ്ലിയിൽ എസ്എംവൈഎം പുതിയ മെമ്പർ ആയി അംഗത്വം നേടിയിരുന്നു. തുടർച്ചയായി പത്തു വർഷം യൂത്ത് മിനിസ്ട്രിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാ. ജേക്കബ് ചക്കാത്ര ചങ്ങനാശ്ശേരി അതിരൂപതാംഗമാണ്.

# നിയമനഅംഗീകാരം ലഭിക്കാത്തതിൽ പ്രതിഷേധിച്ചു കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്



തൃശൂർ: എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമന അംഗീകാരം വൈകുന്നതിനും ഭിന്നശേഷി സംവരണവിഷയത്തിൽ സർക്കാർ കാണിക്കുന്ന വിവേചനത്തിനുമെതിരെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുന്നിൽ ചതുർദിന പ്രതിഷേധ സദസ്സ് നടന്നു. സമാപനസമ്മേളനം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. അധ്യാപക സമൂഹത്തോട് സർക്കാർ കാണിക്കുന്നത് ക്രൂരവും മനുഷ്യത്വരഹിതവുമായ സമീപനമാണ്. ഇത്തരം നടപടികൾ ജനാധിപത്യസർക്കാരിന് ഭൂഷണമല്ല. വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ പ്രശ്നങ്ങളിൽ സർക്കാർ അടിയന്തരമായി ഇടപെടണം. നീതിനിഷേധത്തിനെതിരെ ജനാധിപത്യ കേരളം ശക്തമായി പ്രതികരിക്കും. ഈ പ്രതിഷേധം ഒരു പുതിയ സമരത്തിന്റെ ആരംഭം മാത്രമാണ്. മാർ ടോണി നീലങ്കാവിൽ ഓർമിപ്പിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, സനീഷ്കുമാർ ജോസഫ് എം.എൽ.എ. എന്നിവർ മുഖ്യാതിഥികളായിരുന്നു. ഡി.സി.സി പ്രസിഡന്റ് ജോസഫ് ടാജറ്റ്, ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ബി. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ടോം മാത്യു അധ്യക്ഷത വഹിച്ചു.

# എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് അംഗീകാരം നൽകണം മാനേജേഴ്സ് അസോസിയേഷൻ

തിരുവനന്തപുരം: 2021 മുതല്ക്കുള്ള എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകൾക്കും ഒരു വർഷത്തിലധികം ഉള്ള അവധി ഒഴിവുകളിൽ നിയമിതരായവർക്കും അംഗീകാരം നൽകണമെന്ന് കേരള എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഡോക്ടർ വർക്കി ആറ്റുപുറത്ത്, സെക്രട്ടറി ഫാ. സിജോ എളങ്കുന്നപ്പുഴ എന്നിവർ ആവശ്യപ്പെട്ടു

അധിക തസ്തികളിൽ വൺ ഈസ്റ്റ് വൺ എന്ന ക്രമത്തിലുള്ള തസ്തികയും ഒരു വർഷത്തിൽ കൂടുതലായുള്ള അവധി ഒഴിവും വേണ്ടത്ര എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഒഴിവുകളും പുതിയ സ്കൂളിൽ ഉണ്ടാവുന്ന ഒഴിവുകളിൽ ഒന്ന് ഇവയെല്ലാം സംരക്ഷിതാഅധ്യാപകരെ നിയമിക്കുന്നതിനായി മാനേജ്മെന്റുകൾ സർക്കാരിന് വിട്ടു നൽകണമെന്നാണ് 2016 ലെ കെ ആർ ഭേദഗതിയിലൂടെ ആവശ്യപ്പെട്ടത് ഇതനുസരിച്ച് 2021 ഫെബ്രുവരി ആറിന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അധിക തസ്തികളിൽ 2016 മുതൽ ഉത്തരവ് തീയതി വരെ നിയമിതരായവർക്ക് അംഗീകാരം നൽകുന്നതിന് തീരുമാനമായി. എന്നാൽ 2021 ഫെബ്രുവരി ഏഴു മുതൽ ഉണ്ടാവുന്ന അധിക തസ്തികകളിൽ നിയമിതരാകുന്നവരുടെ അംഗീകാരത്തെക്കുറിച്ച് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. 2021 ഫെബ്രുവരിയിൽ ഇറക്കിയ ഉത്തരവു പ്രകാരം ലഭിച്ച ഇളവ് തുടർന്നും നൽകിയെങ്കിൽ മാത്രമേ 2021 മുതൽ നിയമിതരായവർക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. തസ്തിക നിർണയത്തിലൂടെ സർക്കാർ അനുവദിച്ച അധിക തസ്തികളിൽ ജോലി ചെയ്യുന്നവർക്ക് വർഷങ്ങളായി അംഗീകാരവും ശമ്പളവും ഇല്ലാത്ത അവസ്ഥയാണ്. നൽകിയാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നാണ് തടസ്സവാദം. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി സർക്കാർ എയ്ഡഡ് മേഖലകളിൽ കുട്ടികളുടെ കുറവ് ആയിരക്കണക്കിന് അധ്യാപക തസ്തികൾ ആണ് നഷ്ടപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് പുതിയ തസ്തികകൾ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ നിലവിലിരിക്കുന്ന തസ്തികകൾ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. സംരക്ഷിത അധ്യാപകർക്ക് വേണ്ടി മാറ്റിവച്ചിരിക്കുന്ന തസ്തികകളിൽ നിയമിക്കുന്നതിന് ആവശ്യത്തിനു സംരക്ഷിതാ അധ്യാപകർ ഇല്ല എന്നതും പ്രതിസന്ധിയാണ്. 2025 സെപ്റ്റംബർ ഒന്നിലെ സുപ്രീംകോടതി വിധിപ്രകാരം ജോലിയിൽ തുടരുന്ന ആയിരക്കണക്കിന് അധ്യാപകരുടെ ജോലി നഷ്ടപ്പെടും. സംസ്ഥാന സർക്കാർ ചില വിലൂടെ ജോലിയിൽ പ്രവേശിച്ച ആയിരക്കണക്കിന് അധ്യാപകർക്ക് ജോലി തുടരണമെങ്കിൽ സർക്കാർ സുപ്രീംകോടതിയിലും സർക്കാർ തലത്തിലും ശക്തമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അസോസിയേഷൻ ഭാരവാഹികൾ അഭിപ്രായപ്പെട്ടു.



ജർമനിയിലെ കൊളോൺ രൂപതയുടെ സഹായമെത്രാനായ റൈറ്റ് റവ. മോൺ. ഡൊമിനിക് ഷ്വാഡർലാപ്പും സംഘവും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പിനെ സന്ദർശിച്ചപ്പോൾ



ഡിക്കാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എഡ്യൂക്കേഷന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് കാർലോ മരിയ പോൾവാനിയെയും ഇന്റർനാഷണൽ കോളേജ് ഓഫ് മരിയ മാത്തർ എക്ലേസിയായുടെ റെക്ടർ ഉൾപ്പടെയുള്ളവരെയും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചപ്പോൾ



പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന മാർ ജോൺ വടക്കേലിനെയും മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന മാർ മാത്യു അറക്കൽ, മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരെയും മേജർ ആർച്ചുബിഷപ് ആദരിക്കുന്നു.

# യുവജനങ്ങൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലേക്കും കടന്നുചെല്ലണം: മേജർ ആർച്ചുബിഷപ്പ്



കാക്കനാട്: കൃഷി, ബിസിനസ്, രാഷ്ട്രീയം, ഗവൺമെന്റ് ജോലി തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും സീറോമലബാർ യുവജനങ്ങൾ സജീവമായ പ്രാതിനിധ്യം വഹിക്കണമെന്ന് മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ കേന്ദ്രകാര്യാലയത്തിൽ ജനുവരി 22-ന് നടന്ന എസ്.എം.വൈ.എം രൂപതാ ഡയറക്ടർമാരുടെയും പ്രസിഡന്റുമാരുടെയും യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങൾ സഭയുടെ കരുത്താണെന്നും സമുദായവർഷാചരണത്തിൽ യുവജനങ്ങളെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. ചടങ്ങിൽ അധ്യക്ഷത വഹിച്ച സീറോമലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, തീവ്രതയുള്ള യുവജനങ്ങളല്ല മറിച്ച് തീക്ഷ്ണതയുള്ള യുവജനതയാണ് ഇന്ന് ആവശ്യമെന്ന് അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര കത്തോലിക്കാ യുവജന പ്രസ്ഥാനമായ 'ഫിംക്യാപിൽ' (FIMCAP) എസ്.എം.വൈ.എമ്മിന് അംഗത്വം ലഭിച്ചത് സഭയ്ക്ക് വലിയ മുതൽക്കൂട്ടാണെന്ന് യോഗം വിലയിരുത്തി. സംഘടനയുടെ നിയമാവലിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനായി അമെൻഡ്മെന്റ് കമ്മിറ്റിയെ യോഗം തിരഞ്ഞെടുത്തു. സഭയുടെ ചാൻസിലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് ചക്കാത്ര, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, സ്റ്റേറ്റ് പ്രസിഡന്റ് അലക്സ് തോമസ്, മുൻ ഗ്ലോബൽ പ്രസിഡന്റ് അരുൺ ഡേവിസ്, ആനിമേറ്റർ സി. ഡിവീന റോസ് തുടങ്ങിയവർ പ്രസംഗിച്ചു.

## സഭാകാര്യാലയത്തിൽ പുതിയ നിയമനം



റവ. ഡോ. സനൽ മാളിയേക്കൽ



ഫാ. മാത്യു തുരുത്തിപ്പള്ളിൽ

കാക്കനാട്, മൗണ്ട് സെന്റ് തോമസ്: സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ പുതിയ സെക്രട്ടറിയായി തൃശ്ശൂർ അതിരൂപതാംഗമായ റവ. ഡോ. സനൽ മാളിയേക്കൽ നിയമിതനായി. തൃശ്ശൂർ പുത്തൻപള്ളി ഇടവകാംഗമായ അദ്ദേഹം നിലവിൽ തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീനായും, മതബോധന വിഭാഗം അസിസ്റ്റന്റ് ഡയറക്ടറായും സേവനം ചെയ്തു വരികയായിരുന്നു. റോമിലെ റെജീന അപ്പസ്തോലോരും (Regina Apostolorum) ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡോഗ്മാറ്റിക് തിയോളജിയിൽ (Dogmatic Theology) ഫാദർ സനൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

കഴിഞ്ഞ നാല് വർഷമായി മേജർ ആർച്ചുബിഷപ്പിന്റെ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാദർ മാത്യു തുരുത്തിപ്പള്ളിൽ സ്ഥലം മാറുന്ന ഒഴിവിലേക്കാണ് ഈ പുതിയ നിയമനം. അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും, തുടർന്ന് മാർ റാഫേൽ തട്ടിൽ പിതാവിന്റെയും സെക്രട്ടറിയായി സഭയുടെ കേന്ദ്ര കാര്യാലയത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു വരികയെയാണ് പാലാ രൂപതയുടെ കീഴിലുള്ള മാർ സ്ലീവാ മെഡിസിറ്റിയുടെ അസോസിയേറ്റ് ഡയറക്ടറായി ഫാദർ മാത്യു തുരുത്തിപ്പള്ളിൽ നിയമിതനായിരിക്കുന്നത്.

## പാലാ രൂപത ബൈബിൾ കൺവൻഷൻ സമാപിച്ചു




പാലാ: ആത്മീയനവീകരണ പ്രവാഹത്തിന് തുടക്കം കുറിച്ചുകൊണ്ട് അണക്കര മരിയൻധ്യാന കേന്ദ്രം ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാൽ നയിച്ച 43-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ സമാപിച്ചു. 2025 ഡിസംബർ 19 മുതൽ 23 വരെ സായാഹ്ന കൺവെൻഷനായി ക്രമീകരിച്ച കൺവെൻഷൻ സീറോമലബാർസഭ മുൻ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ പാലാ രൂപത മുൻ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ എന്നിവർ പ്രസംഗിച്ചു. വചനപ്രഘോഷണത്തിനൊപ്പം കുമ്പസാരം, പ്രത്യേക പ്രാർഥനകൾ, ആരാധന എന്നിവയും നടന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിയ്ക്കൽ, ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ഫാ. ജോസഫ് മുത്തനാട്ട്, ഫാ. ജോസഫ് കുറ്റിയാങ്കൽ എന്നിവർ നേതൃത്വം നൽകി.




അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ അത്യാധുനിക കാത്ത്‌ലാബും ന്യൂറോ ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗവും മേജർ ആർച്ചുബിഷപ് ഉദ്ഘാടനം ചെയ്യുന്നു.

## സൺഡേസ്കൂൾ ക്ഷേമനിധി: നിലപാട് വ്യക്തമാക്കി കെ.സി.ബി.സി.

കൊച്ചി: സൺഡേസ്കൂൾ അധ്യാപകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന ക്ഷേമനിധി പദ്ധതിയോട് സഹകരിക്കേണ്ടതില്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC). ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച് മാർഗ്ഗനിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ശുപാർശ ചെയ്യപ്പെട്ടതാണ് ഈ പദ്ധതി. മതബോധനം എന്നത് സഭയുടെ സ്വകാര്യ ഉത്തരവാദിത്തമാണെന്നും അതിന്മേൽ സർക്കാർ ആനുകൂല്യങ്ങൾ സ്വീകരിക്കേണ്ടതില്ലെന്നുമാണ് സഭയുടെ നിലപാട്. തിടുക്കത്തിൽ ഓർഡിനൻസിലൂടെ പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്നും കെ. സി. ബി. സി. ആവശ്യപ്പെട്ടു.

വിയോജിപ്പിന് പിന്നിലെ കാരണങ്ങൾ: തൊഴിലല്ല, സേവനം: മതാധ്യാപനം തൊഴിലായല്ല, മറിച്ച് സമർപ്പിതസ്വഭാവമുള്ള സേവനമായാണ് സഭ കാണുന്നത്. ഇതിന് അധ്യാപകർ വേതനമോ പാരിതോഷികമോ കൈപ്പറ്റുന്നില്ല. ലൗകികമായ ആനുകൂല്യങ്ങൾ സുവിശേഷ ദൗത്യത്തിന്റെ ഭാഗമാകുമ്പോൾ അത് വിപണന ചരക്ക് ആകും, രാഷ്ട്രീയത്തിന്റെ ഭാഗമാകും. ക്രമേണ ഇതിലേക്ക് കടന്നുവരുന്നവരുടെ മനസ്സിനെയും കാഴ്ചപ്പാടുകളെയും ബാധിക്കും. ഇത് വിശ്വാസപരിശീലനത്തിന്റെ ആത്മീയ ഉൾക്കാഴ്ചകളെയും പരിസരത്തെയും തച്ചുടയ്ക്കും. പഠനമില്ലാത്ത നീക്കം: കേരളത്തിലെ ക്രൈസ്തവസഭകളിലെ വിശ്വാസ പരിശീലനരീതികളെക്കുറിച്ച് ന്യൂനപക്ഷ വകുപ്പ് കൃത്യമായ പഠനം നടത്തിയിട്ടില്ല. മതാധ്യാപകരുടെ നിർവചനം, അംഗത്വം, സാമ്പത്തിക സമാഹരണം എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ഡ്രാഫ്റ്റ് നൽകാതെ ആനുകൂല്യങ്ങളെക്കുറിച്ച് മാത്രം അഭിപ്രായം ചോദിക്കുന്ന സർക്കാരിന്റെ രീതി അംഗീകരിക്കാനാവില്ല. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്: ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും അതിലെ മുൻഗണനകൾ കൂടിയാലോചനകളിലൂടെ നടപ്പിലാക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. റിപ്പോർട്ടിലെ ശിപാർശ എന്ന നിലയിൽ അവതരിപ്പിക്കുന്ന ക്ഷേമനിധി പദ്ധതിയുടെ ഘടന ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. വിശ്വാസപരിശീലനത്തിനുപോലും സർക്കാർ ആനുകൂല്യങ്ങളെ ആശ്രയിക്കുമ്പോൾ പലപ്പോഴും സാമൂഹികവും ധാർമികവുമായ വിഷയങ്ങളിൽ സ്വതന്ത്ര നിലപാടെടുക്കാൻ സഭയ്ക്ക് സാധിക്കാതെ വരും. അത് സഭയുടെ പ്രവാചകശബ്ദത്തെ ദുർബലമാക്കും. ക്രൈസ്തവസമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന മറ്റ് ക്ഷേമപദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകണമെന്നും എന്നാൽ സൺഡേസ്കൂൾ അധ്യാപകരെ സർക്കാർ ശമ്പളക്കാരാക്കുന്ന രീതിയിലുള്ള ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയണമെന്നും കെ.സി.ബി.സി പ്രസ്താവനയിൽ വ്യക്തമാക്കി.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ജനുവരി 01 മുതൽ 31 വരെ

- **3 ശനി:** എം സി ബി എസ് എമ്മാവൂസ് പ്രോവിൻസ് അംഗവും പാലാ രൂപത കളത്തൂക്കടവ് സെന്റ് ജോൺ മരിയ വിയാനി ഇടവകാംഗവുമായ ഡീക്കൻ അഖിൽ ആലപ്പാട്ടുകുന്നേലിന് തിരുപ്പട്ടം നൽകി.
- **05 തിങ്കൾ:** സഭാകാര്യാലയത്തിൽ നടത്തപ്പെട്ട ദനഹാതിരുനാളിനോടനുബന്ധിച്ചുള്ള ആഘോഷമായ റംശായിലും മറ്റു ആഘോഷങ്ങളിലും പങ്കെടുത്തു.
- **06 ചൊവ്വ:** ദനഹാതിരുന്നാളിൽ സഭാകേന്ദ്രത്തിൽ വി. കുർബാനക്കു കാർമികത്വം വഹിച്ചു.

  സമുദായ ശക്തീകരണവർഷം 2026 ന്റെ സഭാതല ഉദ്ഘാടനം മൗണ്ട് സെന്റ് തോമസിൽ നിർവഹിച്ചു.

  മുപ്പതിനാലാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭാകാര്യാലയത്തിൽ ഉദ്ഘാടനം ചെയ്തു.
- **08 വ്യാഴം:** സാംസ്കാരിക വിദ്യാഭ്യാസ കാര്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ചുബിഷപ് കാർലോ മരിയ പോൾവാനി ഉൾപ്പെടുന്ന സംഘത്തെയും റോമിലെ മരിയ മാത്തർ എക്ലേസിയ സെമിനാരി റെക്ടർ റെവ. ഫാ. പിയർ സാലേബെർട്ട് വൈസ് റെക്ടർ റെവ. ഫാ. ജോർഹെ ഓർടിസ് എന്നിവരെയും മൗണ്ടിൽ സ്വീകരിച്ചു.
- **12 തിങ്കൾ:** കൊളോൺ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ഡൊമിനിക് ഷ്വാഡർലാഫിനെ മൗണ്ടിൽ സ്വീകരിച്ചു.
- **15 വ്യാഴം:** ബെംഗളൂരുവിലെ ധർമ്മരാം വിദ്യാക്ഷേത്രത്തിൽ സംഘടിപ്പിച്ച അന്തർദേശീയ ദൈവശാസ്ത്ര കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.
- **17 ശനി:** എറണാകുളം-അങ്കമാലി അതിരൂപതയിലെ അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ നവീകരിച്ച കാത്‌ലാബിന്റെ വെഞ്ചെരിപ്പുകർമ്മം നടത്തി.
- **18 ഞായർ:** തൃശൂർ അതിരൂപതയിലെ കണ്ടശ്ശാങ്കടവ് സെന്റ് മേരിസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.
- **19 തിങ്കൾ:** സി എം ഐ തൃശൂർ ദേവമാതാ പ്രോവിൻസ് അംഗമായ ബഹു. സിറിയക് കാണിച്ചായി അച്ചന്റെ സംസ്കാര കർമ്മങ്ങളുടെ സമാപന ഭാഗത്തിന് ചാലക്കുടിയിലെ കാർമൽ സി എം ഐ ഭവനത്തിൽ നേതൃത്വംനല്കി.
- **20 ചൊവ്വ:** എസ് എം വൈ എം രൂപത ഡയറക്ടർമാരുടെയും പ്രസിഡന്റുമാരുടെയും സമ്മേളനം സഭാകാര്യാലയത്തിൽ ഉദ്ഘാടനം ചെയ്തു.
- **22 ബുധൻ:** കോതമംഗലം രൂപതയുടെ സോഷ്യൽ സർവീസ് സംരംഭമായ ജീവ മിൽക്കിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം പരീക്കണ്ണിയിൽ ഉദ്ഘാടനം ചെയ്തു.
- **24 വ്യാഴം:** എറണാകുളം-അങ്കമാലി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു.

  തൃശൂർ അതിരൂപതയിലെ സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ പൊന്നൂക്കരയിലുള്ള മാതൃഭവനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.
- **25 വെള്ളി:** തൃശൂർ അതിരൂപതയിലെ മണ്ണുത്തിയിലുള്ള സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

  സഭൈക്യവാരത്തിന്റെ സമാപനത്തോടനുബന്ധിച്ചു പാലാ രൂപതയിലെ കൂത്താട്ടുകുളം ഫൊറോനയിൽ സംഘടിപ്പിച്ച സഭൈക്യവാര സമ്മേളനത്തിൽ മുഖ്യ സന്ദേശം നല്കി.
- **26 ശനി:** കാഞ്ഞിരപ്പള്ളി രൂപതയിലെ കപ്പാട് സെന്റ് ബെനെഡിക്റ്റൈൻ ആശ്രമദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും ഇൻഡോ ശ്രീലങ്കൻ ബെനെഡിക്റ്റൈൻ ഫ്രായേഴ്സിന്റെ ജനറൽ അസംബ്ലി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **27 ഞായർ:** ഗോരഖ്പൂർ രൂപതയുടെ മുൻ അധ്യക്ഷൻ കാലംചെയ്ത അഭിവന്ദ്യ ഡൊമിനിക് കൊക്കാട്ട് പിതാവിന്റെ മൃതസംസ്കാര ശുശ്രുഷകളിൽ കാർമികത്വംവഹിച്ചു.
- **29 വ്യാഴം:** എറണാകുളം-അങ്കമാലി അതിരൂപതയിലെ കുറുമശ്ശേരിയിൽ സ്റ്റിഗ്മാറ്റൈൻ സന്യാസ സഭാംഗമായ ഡീക്കൻ സോണറ്റ് മാടവനക്കു തിരുപ്പട്ടം നല്കി.
- **31 ശനി:** കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റത്തു ഇൻഫാമിന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്തു.

# മോൺ. ജോസഫ് പഞ്ഞിക്കാരനച്ചൻ ധന്യ പദവിയിൽ: കൃതജ്ഞതയോടെ കോതമംഗലം രൂപത



കോതമംഗലം: ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചൻ ധന്യ പദവിയിലേക്ക് ഉയർത്തപ്പെട്ടതിൽ കൃതജ്ഞതയോടെ കോതമംഗലം രൂപതയും എംഎസ്ജെ സന്യാസിനീസമൂഹവും. എംഎസ്ജെ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകപിതാവ് ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചനെ ധന്യൻ പദവിയിലേക്ക് ഉയർത്തിയതിന്റെ കോതമംഗലം രൂപതാതല ആഘോഷങ്ങളുടെ ഭാഗമായി കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ നടന്ന കൃതജ്ഞതാബലിയിൽ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ, ഇടുക്കി ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ, വികാരി ജനറാൾമാരായ മോൺ. പയസ് മലേക്കത്തിൽ, മോൺ. വിൻസന്റ് നെടുങ്ങാട്ട് എന്നിവരും വിവിധ രൂപതകളിൽ നിന്നും സന്യാസ സമൂഹങ്ങളിൽ നിന്നുമായി എത്തിയ നൂറോളം വൈദികരും സഹകാർമികരായിരുന്നു.

കൃതജ്ഞതാബലിക്കു ശേഷം മാർ മാത്യൂസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനം ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സമുദായ ശക്തീകരണ വർഷം ഉദ്ഘാടനം മാർ ജോർജ് പുന്നക്കോട്ടിൽ നിർവഹിച്ചു. ഡീൻ കുര്യാക്കോസ് എം.പി., ആന്റണി ജോൺ എംഎൽഎ, സിഎംഐ മൂവാറ്റുപുഴ കാർമൽ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ റവ. ഡോ. മാത്യു മഞ്ഞക്കുന്നേൽ, എസ്എബിഎസ് വികാർ പ്രൊവിൻഷ്യൽ സിസ്റ്റർ ഡോ. തെരേസ നടുപ്പടവിൽ, കോതമംഗലം മുനിസിപ്പൽ ചെയർപേഴ്സൺ ഭാനുമതി രാജു, വൈസ് ചെയർമാൻ പ്രിൻസ് വർക്കി, ധന്യൻ പഞ്ഞിക്കാരനച്ചന്റെ കുടുംബത്തെ പ്രതിനിധികരിച്ചു ജോവാക്കിം ജേക്കബ് പഞ്ഞിക്കാരൻ എന്നിവർ പ്രസംഗിച്ചു.

# വിശ്വാസസംരക്ഷകനായ അർണോബിയൂസ്

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**ചരിത്രകാരനായ ലക്താൻസിയസ് അർണോബിയൂസിന്റെ ശിഷ്യനായിരുന്നു. തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് അദ്ദേഹം ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട്. തോമാശ്ലീഹാ ചെയ്ത അത്ഭുതങ്ങൾ കണ്ട് ഇന്ത്യക്കാർ അവരുടെ വിജാതീയത ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചു എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. അർണോബിയൂസ് ആദ്യം ക്രിസ്തുമതത്തെ എതിർത്തിരുന്നുവെങ്കിലും മാനസാന്തരശേഷം പുറംജാതീയതയ്ക്കെതിരെ ശക്തമായി സംസാരിച്ചു.**

അർണോബിയൂസ് ക്രിസ്തുമതം സ്വീകരിക്കുന്നതിന് മുൻപ് ടുണീഷ്യയിലെ സിക്ക എന്ന പട്ടണത്തിലെ അറിയപ്പെടുന്ന പ്രസംഗകനായിരുന്നു എന്ന് വിശുദ്ധ ജെറോമിന്റെ ക്രോണിക്കിൾ എന്ന ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. പിന്നീട് ക്രിസ്തുമതം സ്വീകരിച്ച അദ്ദേഹം ഡയക്ലീഷ്യൻ ചക്രവർത്തിയുടെ മതപീഡനകാലത്ത് ആഫ്രിക്കയിൽ നിന്നുള്ള വിശ്വാസസംരക്ഷകനായി. സ്ഥലത്തെ ബിഷപ്പിന്റെ ആഗ്രഹപ്രകാരം 303-ൽ ഏഴു വാല്യങ്ങളിലായി Adversus Gentes എന്ന ഗ്രന്ഥം രചിച്ചു. ഒമ്പതാം നൂറ്റാണ്ട് മുതൽ ഈ ഗ്രന്ഥത്തിന്റെ പേര് Adversus Nationes എന്നാക്കി മാറ്റി. ക്രിസ്തുമതത്തിന്റെ മാഹാത്മ്യമാണ് ഈ ഗ്രന്ഥത്തിൽ എടുത്തുകാണിക്കുന്നത്. ചരിത്രകാരനായ ലക്താൻസിയസ് അർണോബിയൂസിന്റെ ശിഷ്യനായിരുന്നു. തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് അദ്ദേഹം ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട്. തോമാശ്ലീഹാ ചെയ്ത അത്ഭുതങ്ങൾ കണ്ട് ഇന്ത്യക്കാർ അവരുടെ വിജാതീയത ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചു എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. അർണോബിയൂസ് ആദ്യം ക്രിസ്തുമതത്തെ എതിർത്തിരുന്നുവെങ്കിലും മാനസാന്തരശേഷം പുറംജാതീയതയ്ക്കെതിരെ ശക്തമായി സംസാരിച്ചു.

അദ്ദേഹം ഇങ്ങനെ എഴുതുന്നു: ഇന്ത്യയിലും പേർഷ്യയിലും മേദിയായിലും അറേബ്യയിലും ഈജിപ്റ്റിലും ഏഷ്യയിലും സിറിയയിലും ഗലാത്തിയായിലും പാർത്തിയായിലും അക്കായിയായിലും മാസിഡോണി ആയാലും എപ്പിറസിലും സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന എല്ലാ രാജ്യങ്ങളിലും അവസാനം റോമിലും സുവിശേഷം പ്രസംഗിക്കപ്പെട്ടു. പൂർവ്വമതങ്ങൾ ഉപേക്ഷിച്ച് ഇവിടെ നിന്നെല്ലാം ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുമതത്തിന്റെ സത്യം തിരിച്ചറിയാൻ ഇതുവരെ താമസം ഉണ്ടായില്ല (Arnobius of Sicca, Adversus Gentes, PL 5, 828).

ഇന്ത്യയിൽ ക്രിസ്തുമതം നിലനിന്നിരുന്നു എന്നതിന് 300 കളിൽ അദ്ദേഹം എഴുതിയ ഈ വരികൾ വലിയ തെളിവാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യക്കാർ ജാതീയത ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചവരിൽ പെടുന്നു. മൂന്നാം നൂറ്റാണ്ടിലോ അതിനു മുൻപോ ക്രിസ്ത്യാനികളായി മാറിയ ജനങ്ങളെക്കുറിച്ച് എഴുതുമ്പോൾ അർണോബിയൂസ് ആദ്യം ഇന്ത്യയെയും അവസാനം റോമിനെയും ആണ് പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യ ഉദയസൂര്യന്റെ നാടും റോം അസ്തമയസൂര്യന്റെ നാടുമാണ്. അതായത് അന്നത്തെ അറിയപ്പെടുന്ന ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികൾ. ലോകം മുഴുവൻ സുവിശേഷം പ്രസരിച്ചിരുന്നു എന്ന് അക്കാലത്തെ ലോകത്തെ അറിയിക്കാൻ അർണോബിയൂസ് ആഗ്രഹിക്കുന്നു. വ്യത്യസ്ത ആളുകൾക്കിടയിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്ന അപ്പസ്തോലന്മാരുടെ പേരുകൾ അദ്ദേഹം പരാമർശിക്കുന്നില്ല. സുവിശേഷം സ്വീകരിച്ച വ്യത്യസ്ത ജനതകൾ ആരാണെന്ന് കാണിക്കുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. തോമസ് ഇന്ത്യയുടെയും പത്രോസും പൗലോസും റോമിന്റെയും യോഹന്നാൻ എഫേസൂസിന്റെയും അന്ത്രയോസ് അക്കായിയായുടെയും അപ്പസ്തോലന്മാരായിരുന്നു എന്നത് അന്ന് പ്രചാരത്തിലുണ്ടായിരുന്ന ചിന്തയായിരുന്നു. അതുകൊണ്ടാണ് പല സഭാപിതാക്കന്മാരും ഇക്കാര്യം അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയത്. ■

# ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത

## " ഭൂഖണ്ഡങ്ങൾക്കപ്പുറം ഒരേ വിശ്വാസം "



മാർ ജേക്കബ് അങ്ങാടിയത്ത്
ബിഷപ്പ് എമിരിറ്റസ്



**ബിഷപ്പ്**
മാർ ജോയ് ആലപ്പാട്ട്




### എപ്പാർക്കിയൽ കൂരിയ



പ്രോട്ടോ - സിൻസെല്ലൂസ്
ഫാ. തോമസ് മുളവനാൽ



സിൻസെല്ലൂസ്
ഫാ. ജോൺ മേലേപ്പുറം



സിൻസെല്ലൂസ്
ഫാ. തോമസ് കടുകപ്പിള്ളിൽ



ചാൻസലർ
ഫാ. ജോൺസൻ
കോവൂർപുത്തെൻപുരയിൽ



പ്രൊക്കുറേറ്റർ
ഫാ. കുരിയൻ
നെടുവേലിചാലുങ്കൽ

## ചിക്കാഗോ സീറോമലബാർ രൂപത രജതജൂബിലി നിറവിൽ

ഇന്ത്യയ്ക്ക് പുറത്തുള്ള സീറോമലബാർ സഭയുടെ ചരിത്രപരമായ മുന്നേറ്റത്തിന് തുടക്കം കുറിച്ച സുപ്രധാന നാഴികക്കല്ലാണ് ചിക്കാഗോ സെന്റ് തോമസ് രൂപയുടെ സ്ഥാപനം. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അമേരിക്കയിലേക്ക് കുടിയേറിയ വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ മുൻനിർത്തി, 2001 ജൂലൈ 1നാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ രൂപത സ്ഥാപിച്ചത്. ഇന്ത്യയ്ക്ക് പുറത്തുള്ള സീറോമലബാർ സഭയുടെ ആദ്യ രൂപത എന്ന നിലയിൽ, ചിതറിക്കിടന്നിരുന്ന സീറോമലബാർ വിശ്വാസികളെ ഒന്നിപ്പിക്കുന്നതിലും പൗരസ്ത്യസുറിയാനി പാരമ്പര്യവും ആരാധനാക്രമവും പാശ്ചാത്യ മണ്ണിൽ സംരക്ഷിക്കുന്നതിലും ചിക്കാഗോ രൂപത നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ആത്മീയ യാത്ര, ഇന്ന് മാർ ജോയ് ആലപ്പാട്ട് പിതാവിന്റെ കീഴിൽ രജതജൂബിലിയുടെ നിറവിൽ എത്തിനിൽക്കുമ്പോൾ, അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആത്മീയവും സാംസ്കാരികവുമായ വ്യക്തിത്വത്തിന്റെ അടയാളമായി ചിക്കാഗോ രൂപത മാറിയിരിക്കുന്നു.

സഭയുടെ മിഷനറി ചൈതന്യം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിനും, രണ്ടാം തലമുറയിലെ യുവാക്കളെ സഭയുടെ പൈതൃകത്തോട് ചേർത്തുനിർത്തുന്നതിനും ചിക്കാഗോ രൂപത നൽകുന്ന സംഭാവനകൾ സമാനതകളില്ലാത്തതാണ്. 1960കളുടെ അവസാനത്തിൽ കേരളത്തിൽ നിന്നുള്ള സീറോമലബാർ വിശ്വാസികൾ അമേരിക്കയിലേക്ക് കുടിയേറി തുടങ്ങിയതോടെയാണ് ഈ രൂപതയുടെ ചരിത്രം ആരംഭിക്കുന്നത്. അമേരിക്കയിൽ ജോലി ചെയ്യുകയോ പഠിക്കുകയോ ചെയ്തിരുന്ന സീറോമലബാർ വൈദികരുടെ നേതൃത്വത്തിൽ, തങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ തനിമ നിലനിർത്തുന്നതിനായി അവർ ചെറിയ കൂട്ടായ്മകൾ രൂപീകരിച്ചു. ക്രമേണ ഈ സമൂഹങ്ങൾ പ്രാർത്ഥനയുടെയും ആരാധനയുടെയും കേന്ദ്രങ്ങളായി മാറി. പ്രഥമ മെത്രാനായിരുന്ന മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നേതൃത്വത്തിൽ നിരവധി ഇടവകകളും മിഷനുകളും സ്ഥാപിതമാവുകയും രൂപത അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുകയും ചെയ്തു. 2014 ജൂലൈ 24ന് മാർ ജോയ് ആലപ്പാട്ട് പിതാവ് സഹായ മെത്രാനായി നിയമിക്കപ്പെട്ടു. 21 വർഷത്തെ സ്തുത്യർഹമായ ശുശ്രൂഷക്കു ശേഷം 2022ൽ മാർ അങ്ങാടിയത്ത് പിതാവ് വിരമിച്ചതിനെത്തുടർന്ന്, ഒക്ടോബർ 1ന് മാർ ജോയ് ആലപ്പാട്ട് പിതാവ് രൂപതയുടെ രണ്ടാമത്തെ മെത്രാനായി നേതൃത്വമേറ്റെടുത്തു.

നിലവിൽ ചിക്കാഗോ രൂപതയുടെ കീഴിൽ ഇടവകകളും മിഷനുകളുമായി 94 കേന്ദ്രങ്ങളാണുള്ളത്; 70 വൈദികർ രൂപതയിൽ ശുശ്രൂഷ ചെയ്യുന്നു. വിവിധ പാസ്റ്ററൽ മിനിസ്ട്രികളിലൂടെ 30,000 കത്തോലിക്കാ കുടുംബങ്ങളിലായി ഏകദേശം 90,000 വ്യക്തികൾക്ക് രൂപത ആത്മീയ ശുശ്രൂഷ നൽകുന്നു. ഇതിൽ മോൺസിഞ്ഞോർ തോമസ് മുളവനാലിന്റെ നേതൃത്വത്തിലുള്ള യു.എസ്.എ ക്നാനായ കാത്തലിക് റീജിയണിലെ 15 ഇടവകകളും 8 മിഷനുകളും ഉൾപ്പെടുന്നു. ഇന്ത്യയ്ക്ക് പുറത്തുള്ള സീറോമലബാർ സഭയുടെ രൂപതകളിലും അപ്പോസ്തോലിക് വിസിറ്റേഷനുകളിലും വെച്ച് ആദ്യത്തേതെന്ന നിലയിൽ, പ്രവാസി സമൂഹത്തിന്റെ ആത്മീയ പരിപാലനത്തിനും സുവിശേഷവൽക്കരണത്തിനും നേതൃപരമായ പങ്കുവഹിച്ചതിന്റെ അഭിമാനത്തോടും കൃതജ്ഞതയോടും കൂടിയാണ് ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത അതിന്റെ രജതജൂബിലി ആഘോഷിക്കുന്നത്.

## പാസ്റ്ററൽ കെയർ നൽകുന്ന പ്രധാന അപ്പൊസ്തൊലേറ്റുകൾ

- തിരുബാലസഖ്യം
- അൾത്താര ശുശ്രൂഷികൾ
- ചെറുപുഷ്പ മിഷൻ ലീഗ് (CML)
- യൂത്ത് അപ്പോസ്തലേറ്റ് (DYA)
- വൊക്കേഷൻ ബ്യൂറോ
- വിശ്വാസപരിശീലനം
- ഫാമിലി അപ്പോസ്തലേറ്റ്
- ഫോർ ലൈഫ്
- മാരേജ് ട്രിബ്യൂണൽ & നഴ്സസ് മിനിസ്ട്രി
- സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
- സീറോമലബാർ കാത്തലിക് കോൺഗ്രസ് (SMCC)
- സീനിയേഴ്സ് ഫോറം

കേരളം വിട്ടുപോന്നപ്പോൾ കുടിയേറ്റക്കാർക്ക് നഷ്ടമായ ആരാധനപരവും സാംസ്കാരികവും ഭാഷാപരവുമായ പാരമ്പര്യങ്ങളോടുള്ള പ്രതിബദ്ധതയാണ് ചിക്കാഗോ രൂപത നൽകുന്ന ഏറ്റവും നിർണ്ണായകമായ പിന്തുണകളിലൊന്ന്. ഇത്തരം പാരമ്പര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും ആഘോഷിക്കുന്നതിനുമുള്ള വേദികൾ രൂപത ഒരുക്കുന്നു. സീറോമലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ വേരുകൾ മറക്കാതിരിക്കാനും വളരാനും ഈ പിന്തുണാ സംവിധാനം അത്യന്താപേക്ഷിതമാണ്.





സെന്റ് തോമസ് സീറോമലബാർ കത്തീഡ്രൽ ചിക്കാഗോ രൂപത

വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന കാറ്റിക്കെറ്റിക്കൽ ബോർഡ് (Catechetical Board), ഫലപ്രദമായ ആശയവിനിമയത്തിലൂടെയും അജപാലന ഇടപെടലുകളിലൂടെയും വിശ്വാസ കൈമാറ്റത്തെ ചലനാത്മകമായി നിലനിർത്തുന്നു. ഈ ബോർഡിന്റെ മേൽനോട്ടത്തിലും കഠിനാധ്വാനത്തിലുമാണ് സീറോമലബാർ മതബോധന പാഠപുസ്തകങ്ങൾ അമേരിക്കയിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പരിഷ്കരിച്ചത്.

9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കൗമാരക്കാർ ഡയോസിഷൻ യൂത്ത് അപ്പോസ്തലേറ്റ് (DYA) വഴി ധ്യാനങ്ങളിലും ആരാധനകളിലും യുവജനങ്ങൾ നയിക്കുന്ന വിശുദ്ധ കുർബാനകളിലും സജീവമായി പങ്കെടുക്കുന്നു. കൊച്ചു കുട്ടികൾ തിരുബാലസഖ്യം വഴി മിഷനറി അവബോധം നേടുമ്പോൾ, 4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 4,500ലധികം വിദ്യാർത്ഥികൾ ചെറുപുഷ്പം മിഷൻ ലീഗിലൂടെ (CML) വളർത്തപ്പെടുന്നു. മിഷൻ റാലികൾ, മിഷൻ പ്രവർത്തനങ്ങൾ (ഷംഷാബാദ് രൂപതയിൽ പുതിയ ദേവാലയം നിർമ്മിക്കാൻ നൽകിയ പിന്തുണ ഉൾപ്പെടെ) എന്നിവയിലൂടെ വിശ്വാസപരിശീലനം ദൈവവിളികളെ പരിപോഷിപ്പിക്കുകയും കുടുംബങ്ങളെ ശക്തിപ്പെടുത്തുകയും സഭയെ ഭാവിയിലേക്കായി സജ്ജമാക്കുകയും ചെയ്യുന്നു.

## നൂതന മാർഗങ്ങളിലൂടെയുള്ള വിശ്വാസ കൈമാറ്റം

രൂപതയുടെ ഏറ്റവും പ്രധാനപ്പെട്ടതും ഊർജ്ജസ്വലവുമായ ശുശ്രൂഷാ വിഭാഗമാണ് വിശ്വാസപരിശീലനം (Faith Formation). 2001ൽ രൂപത സ്ഥാപിതമായത് മുതൽ, യുവതലമുറയെ വിശ്വാസത്തിൽ വളർത്തുക എന്നത് അതിന്റെ ദൗത്യത്തിന്റെ കേന്ദ്രബിന്ദുവാണ്. 1,000 വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ മേഖല, 2025ഓടെ 10,610 കുട്ടികളും കൗമാരക്കാരും ഉൾപ്പെടുന്ന വലിയൊരു വിശ്വാസ സമൂഹമായി വളർന്നു. 2,652 അദ്ധ്യാപകരുടെ (Catechists
കരുത്തേകുന്നു.

വർഷം തോറും 5,000ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന രൂപതതല ബൈബിൾ ക്വിസ്, വെർച്വൽ ട്രെയിനിംഗുകൾ ഉൾപ്പെടെയുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ, തുടർച്ചയായ ഫോർമേഷൻ സെഷനുകൾ, രണ്ട് വർഷത്തെ 'ഡിഡാക്കെ' (Didache) തിയോളജി ഡിപ്ലോമ കോഴ്സ്, പ്രാദേശിക സംഗമങ്ങൾ തുടങ്ങിയവ ഈ ശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുന്നു.






അമേരിക്കയിലെ ഇൻഡ്യാനപൊളിസിൽ (ഇൻഡ്യാന) നടന്ന ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ മാർ ജോയ് ആലപ്പാട്ട് പിതാവ് സീറോ മലബാർ വിശുദ്ധ കുർബാന അർപ്പിക്കുന്നു.

## വിശുദ്ധ കുർബാനയിൽ അധിഷ്ഠിതം: രജതജൂബിലിയിലേക്കുള്ള പ്രയാണം

യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സുമായി (USCCB) ചേർന്ന്, ചിക്കാഗോ രൂപത 2023 മുതൽ 2025 വരെ മൂന്ന് വർഷത്തെ 'ദിവ്യകാരുണ്യ നവീകരണ' (Eucharistic Renewal) പദ്ധതി ആചരിച്ചു. ഈ കാലയളവിൽ, വിവിധ ഇടവകകളിലും ശുശ്രൂഷാ വിഭാഗങ്ങളിലും പ്രത്യേക ദിവ്യകാരുണ്യ ആരാധനകൾ, ദൈവശാസ്ത്ര പഠനങ്ങൾ, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചു.

ഈ ആത്മീയ നവീകരണ പ്രക്രിയയുടെ സമാപനമെന്നോണം 2025 മെയ് 23 മുതൽ 25 വരെ സോമർസെറ്റ് (NJ) ഇടവകയിൽ വെച്ച് രൂപതാതല ദിവ്യകാരുണ്യ കോൺഗ്രസ് നടത്തപ്പെട്ടു. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ കോൺഗ്രസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പരിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രപരമായ ആഴങ്ങളെ പരിചയപ്പെടുത്തിയ ഈ സംഗമം വിശ്വാസികൾക്കിടയിൽ വിശുദ്ധ കുർബാനയോടുള്ള അഗാധമായ സ്നേഹവും അവബോധവും ഭക്തിയും വളർത്തുന്നതിന് കാരണമായി. രൂപതയുടെ രജതജൂബിലി ആഘോഷങ്ങൾ 2025 മാർച്ച് 13ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. 2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിൽ വെച്ച് നടക്കുന്ന നാല് ദിവസത്തെ 'സീറോമലബാർ കൺവെൻഷനോടു' കൂടി ജൂബിലി ആഘോഷങ്ങൾ സമാപിക്കും.



ജൂബിലിയിലെ നാഴികക്കല്ല്: ചിക്കാഗോ രൂപതയുടെ ദിവ്യകാരുണ്യ കോൺഗ്രസ്



അമേരിക്കയിൽ സേവനം ചെയ്യുന്ന മലയാളി വൈദീക സംഗമം

## രൂപതാ അസംബ്ലി: ഭാവിയിലേക്കായുള്ള സംയുക്ത വിചിന്തനം

രൂപതയുടെ ചരിത്രത്തിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലായിരുന്നു രജതജൂബിലി ഒരുക്കങ്ങളുടെ ഭാഗമായി നടന്ന രണ്ടാമത് രൂപതാ അസംബ്ലി. 2024 ഒക്ടോബർ 28 മുതൽ 31 വരെ നടന്ന ഈ സംഗമത്തിൽ രൂപതാ മെത്രാന്മാർ, കൂരിയ അംഗങ്ങൾ, വൈദികർ, സന്യാസിനികൾ, അത്മായ നേതാക്കൾ, യുവജന പ്രതിനിധികൾ എന്നിവർ നാല് ദിവസത്തെ പ്രാർത്ഥനാപൂർവ്വമായ വിചിന്തനത്തിനായി ഒത്തുചേർന്നു. തീക്ഷ്ണമായ പ്രാർത്ഥന കൊണ്ടും, ഗൗരവകരമായ പഠനങ്ങൾ കൊണ്ടും, അർത്ഥവത്തായ ചർച്ചകൾ കൊണ്ടും ശ്രദ്ധേയമായിരുന്നു ഈ അസംബ്ലി. രൂപതയുടെ ഭാവി വളർച്ചയ്ക്കും ദർശനങ്ങൾക്കും ദൗത്യങ്ങൾക്കുമായുള്ള ഒരു പൊതു കാഴ്ചപ്പാടും കർമ്മപദ്ധതികളും രൂപീകരിച്ചുകൊണ്ടാണ് ഈ സമ്മേളനം സമാപിച്ചത്.



രണ്ടാം എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുത്തവർ

# ആഗോളസഭയിൽ 2026 ഫ്രാൻസിസ്കൻ വർഷം: വിശ്വാസികൾക്ക് പൂർണദണ്ഡവിമോചനം



വത്തിക്കാൻ സിറ്റി: പ്രകൃതിയുടെയും ദരിദ്രരുടെയും മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മരണത്തിന്റെ എണ്ണൂറാം വാർഷികത്തോടനുബന്ധിച്ച് 2026 'ഫ്രാൻസിസ്കൻ വർഷമായി' ആചരിക്കുന്നു. 2025 ലെ പ്രത്യാശയുടെ ജൂബിലി വർഷത്തിന്റെ തുടർച്ചയായാണ് ലെയോ പതിനാലാമൻ പാപ്പാ ഫ്രാൻസിസ്കൻ വർഷം പ്രഖ്യാപിച്ചത്. 1226-ൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസി സ്വർഗപ്രാപ്തനായതിന്റെ എണ്ണൂറാം വാർഷികം (Centenary of the Transitus) ആഗോളതലത്തിൽ സ്മരിക്കപ്പെടുന്നു എന്നതാണ് ഈ വർഷത്തിന്റെ ഏറ്റവും വലിയ സവിശേഷത. വിശുദ്ധന്റെ ലളിതജീവിതവും പ്രകൃതിസ്നേഹവും ആധുനികലോകത്തിന് മാതൃകയാക്കുക എന്നതാണ് ആചരണത്തിന്റെ ലക്ഷ്യം. 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ നീളുന്ന ഫ്രാൻസിസ്ക്കൻ വർഷത്തിൽ, നിശ്ചിത നിബന്ധനകൾക്ക് വിധേയമായി വിശ്വാസികൾക്ക് പൂർണ്ണദണ്ഡവിമോചനം നേടാമെന്ന് വത്തിക്കാനിലെ അപ്പസ്തോലിക പെനിറ്റെൻഷ്യറി അറിയിച്ചു.

കൗദാശികമായ കുമ്പസാരവും വിശുദ്ധ കുർബാന സ്വീകരണവും, മാർപാപ്പയുടെ നിയോഗങ്ങൾക്കായി പ്രത്യേകം പ്രാർഥിക്കുക, ഫ്രാൻസിസ്കൻ സഭകളുടെ കീഴിലുള്ള ദേവാലയങ്ങളോ, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമധേയത്തിലുള്ള പള്ളികളോ സന്ദർശിച്ച് ഭക്തകൃത്യങ്ങൾ നിർവ്വഹിക്കുക. വിശുദ്ധന്റെ മാതൃക പിന്തുടർന്ന് ലോകത്തിൽ ദൈവകാരുണ്യം വർദ്ധിക്കുന്നതിനായി പ്രാർഥിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ചെയ്യുക. എന്നിവയാണ് ദണ്ഡവിമോചനം നേടാനുള്ള ഉപാധികൾ. തങ്ങൾക്കുവേണ്ടിയോ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടിയോ ദണ്ഡവിമോചനം കാഴ്ചവയ്ക്കാം. വിശുദ്ധന്റെ പഞ്ചക്ഷതധാരണം, പുൽക്കൂടിന്റെ എണ്ണൂറാം വാർഷികം എന്നിവയും ഈ കാലയളവിൽ സവിശേഷമായി ആഘോഷിക്കുന്നുണ്ട്.

# സീറോമലബാർ അല്മായ പ്രേക്ഷിത മുന്നേറ്റം 'ജീവൻജ്യോതി' സ്ഥാപിതമായി



കാക്കനാട്: സുവിശേഷവൽക്കരണ രംഗത്തു പ്രവർത്തിക്കുന്ന വിവിധങ്ങളായുള്ള മിനിസ്ട്രികളുടെ സംഘാതമായ പ്രവർത്തനം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നു മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. സീറോമലബാർസഭയിലെ അല്മായ വിശ്വാസികളെ സുവിശേഷപ്രഘോഷണത്തിന്റെ മുൻനിരയിലേക്ക് നയിക്കുന്നതിനായി രൂപീകരിച്ച 'ജീവൻ ജ്യോതി' അല്മായ പ്രേക്ഷിത മുന്നേറ്റത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം മൗണ്ട് സെന്റ് തോമസിൽ ജനുവരി 26 നു നിർവഹിച്ചു സംസാരിക്കുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്. സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെ ചെയർമാൻ ആർച്ചുബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ മുഖ്യപ്രഭാഷണം നടത്തി. പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പേര്, ലോഗോ, പ്രവർത്തനരേഖ എന്നിവ പ്രകാശനം ചെയ്തു. 2024 ഓഗസ്റ്റിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം, 2025 ജനുവരിയിലെ സിനഡ് അംഗീകാരം നൽകിയ ബൃഹത്തായ പദ്ധതിയാണിത്. വിശുദ്ധ തോമാശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യം മുറുകെപ്പിടിച്ചുകൊണ്ട്, അല്മായരെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സജീവപങ്കാളികളാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'അവനിൽ ജീവൻ ഉണ്ടായിരുന്നു, ആ ജീവൻ മനുഷ്യവർഗത്തിന്റെ വെളിച്ചമായിരുന്നു' (യോഹന്നാൻ 1:45) എന്ന തിരുവചനത്തിൽ നിന്നാണ് 'ജീവന്റെ വെളിച്ചം' എന്ന അർഥം വരുന്ന 'ജീവൻ ജ്യോതി' എന്ന പേര് സ്വീകരിച്ചിരിക്കുന്നത്. സംഘടന എന്നതിലുപരി ഒരു ആത്മീയ ശൈലിയായിട്ടാണ് 'ജീവൻ ജ്യോതി' വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ മേഖലകളിലായി താഴെ പറയുന്ന ഗ്രൂപ്പുകൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കും. ആത്മീയ ശുശ്രൂഷകൾ: മധ്യസ്ഥ പ്രാർത്ഥന, കാറ്റെക്കിസ്റ്റ്, കെറിഗ്മാറ്റിക്സ്, മ്യൂസിക്മീഡിയ ഇവാഞ്ചലൈസേഷൻ. പ്രൊഫഷണൽ ഗ്രൂപ്പുകൾ: നഴ്സുമാർ, ഡോക്ടർമാർ, അധ്യാപകർ, അഭിഭാഷകർ, എഞ്ചിനീയർമാർ എന്നിവരുടെ കൂട്ടായ്മകൾ. നിയമസഹായത്തിനായി ഒരു 'ലീഗൽ സെല്ലും' ഇതിനൊപ്പം സജ്ജമാക്കും. ഫിയാത്ത് മിഷൻ, ജീസസ് യൂത്ത്, ക്രിസ്റ്റീൻ തുടങ്ങി നിലവിലുള്ള എല്ലാ അല്മായ മുന്നേറ്റങ്ങളെയും ഈ പൊതുവേദിയിലേക്ക് സ്വാഗതം ചെയ്തിട്ടുണ്ട്.


പ്രവാസി സമൂഹങ്ങൾക്കിടയിലും ഇതര ഭൂഖണ്ഡങ്ങളിലും സുവിശേഷവെളിച്ചം എത്തിക്കുന്നതിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പാക്കാനും വ്യക്തിപരമായ സുവിശേഷപ്രഘോഷണം പ്രോത്സാഹിപ്പിക്കാനുമാണ് ജീവൻ ജ്യോതി ലക്ഷ്യമിടുന്നത്. ഉദ്ഘാടന ചടങ്ങിന് സുവിശേഷവൽക്കരണത്തിനായുള്ള സീറോമലബാർസഭയുടെ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഫ്രാൻസിസ് എലുവത്തിങ്കൽ നേതൃത്വം നൽകി. സെബാസ്റ്റ്യൻ കുഴിപ്പടി, ബാംഗ്ലൂർ, പ്രൊഫ. ആലീസ്ക്കുട്ടി, ചാൾസ്, ജോസ് ഓലിക്കൽ, തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു.

# വിശ്വാസം കൈമാറുന്നതിൽ കാലതാമസം വരുത്തരുത്: മാർപാപ്പ

വത്തിക്കാൻ സിറ്റി: നവജാത ശിശുക്കൾക്ക് വസ്ത്രമോ ഭക്ഷണമോ നല്കുന്നതിൽ നമ്മൾ മടികാണിക്കാറില്ലാത്തതുപോലെ വിശ്വാസം കൈമാറുന്നതിൽ കാലതാമസം വരുത്തരുതെന്നു ലെയോ പതിനാലാമൻ പാപ്പ. 2026 ജനുവരി 11-ന് സിസ്റ്റൈൻ ചാപ്പലിൽ ഇരുപതോളം കുഞ്ഞുങ്ങൾക്ക് ജ്ഞാനസ്നാനം നൽകിയ ശേഷം മാതാപിതാക്കളോട് സംസാരിക്കുകയായിരുന്നു പാപ്പ. നിങ്ങൾ ഇപ്പോൾ കൈകളിൽ പിടിച്ചിരിക്കുന്ന കുട്ടികൾ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുകയാണെന്നും അവർ നിങ്ങളിൽ നിന്ന് ജീവൻ സ്വീകരിച്ചതുപോലെ, ഇപ്പോൾ അവർക്ക് അത് ജീവിക്കാനുള്ള കാരണമായ വിശ്വാസം ലഭിക്കുകയാണെന്നും മാതാപിതാക്കളോടും ജ്ഞാനസ്നാന മാതാപിതാക്കളോടും പാപ്പ പറഞ്ഞു. ജീവിതത്തിന് ഭക്ഷണവും വസ്ത്രവും ആവശ്യമാണെങ്കിൽ, വിശ്വാസം അതിലും അധികമായി ആവശ്യമാണെന്നും കാരണം ദൈവികജീവനാണ് രക്ഷ കണ്ടെത്തുവാൻ സഹായിക്കുന്നതെന്നും പാപ്പ പറഞ്ഞു.



# സ്കാർബറോ സെന്റ് തോമസ് ദൈവാലയത്തിൽ അതിക്രമം, തിരുശേഷിപ്പ് മോഷ്ടിക്കപ്പെട്ടു



മിസിസാഗ: കാനഡയിലെ സ്കാർബറോ സെന്റ് തോമസ് സീറോമലബാർ കാത്തലിക് ഫൊറോന തീർഥാടനദേവാലയത്തിൽ അതിക്രമം നടത്തി വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പ് മോഷ്ടിച്ചു. ജനുവരി 14-ന് പുലർച്ചെ നടന്ന ഈ അക്രമം വെറുമൊരു കവർച്ചയല്ലെന്നും വിശ്വാസത്തെയും ആത്മീയഅടയാളങ്ങളെയും ഇല്ലാതാക്കാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്നും മിസിസാഗ രൂപത അറിയിച്ചു.

പള്ളിയിൽ വിലപിടിപ്പുള്ള മറ്റ് സാമഗ്രികൾ ഉണ്ടായിരുന്നിട്ടും അവയൊന്നും അപഹരിക്കാതെ, വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പും സക്രാരിയുടെ താക്കോലും മാത്രമാണ് അക്രമികൾ കൊണ്ടുപോയത്. സ്കാർബറോ ഫൊറോന ദേവാലയം തീർഥാടന പദവിയിലേക്ക് ഉയർത്തപ്പെട്ട് ഒരു മാസം തികയുന്നതിന് മുൻപാണ് അതിക്രമം നടന്നത് എന്നത് സംഭവത്തിന് പിന്നിലെ ഗൂഢാലോചന വെളിവാക്കുന്നു.

കാനഡയിൽ സമീപകാലത്തായി ക്രൈസ്തവ വിശ്വാസകേന്ദ്രങ്ങൾക്ക് നേരെ വർദ്ധിച്ചുവരുന്ന വിദ്വേഷപ്രചാരണങ്ങളുടെ തുടർച്ചയാണ് ഇതെന്നും ആസൂത്രിതമായ 'വിശ്വാസത്തിനെതിരെയുള്ള കുറ്റകൃത്യം' ആയി ഇതിനെ കാണുന്നുവെന്നും കത്തോലിക്കാവിശ്വാസം സജീവമാകുന്നതിൽ ഭയപ്പെടുന്ന ശക്തികൾ ഇതിന് പിന്നിലുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും മിസിസാഗ രൂപത ബിഷപ് മാർ ജോസ് കല്ലുവീട്ടിൽ പറഞ്ഞു. കുറ്റവാളികളെയും അവർക്ക് പിന്നിലെ ഗൂഢലക്ഷ്യങ്ങളെയും വെളിച്ചത്തുകൊണ്ടുവരുന്നതിനായി നിയമപരമായ എല്ലാ നടപടികൾക്കും രൂപത പൂർണപിന്തുണ നൽകുമെന്നും ബിഷപ്പ് വ്യക്തമാക്കി.